ജൂൺ 2022

# കിലെ ന്യൂസ്

ഒരു കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് പ്രസിദ്ധീകരണം



## മികവിന്റെ തൊഴിൽ വർഷം; ഇനിയും മുന്നോട്ട്


# കിലെ
# സിവിൽ സർവീസ് അക്കാദമി

**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു...**



**Kile Civil Service Academy**
IInd floor, Labour Welfare Fund Board Building
Near Uppidamoodu bridge
Vanchiyoor, Trivandrum – 695035
Ph: 0471 2479966
Email: kilecivilservice@gmail.com

# സന്ദേശം



തുടർഭരണത്തിലൂടെ എൽഡിഎഫ് സർക്കാർ ഒരുവർഷം പിന്നിട്ടിരിക്കുകയാണ്. സർക്കാരിന്റെ സമീപനങ്ങളെക്കുറിച്ച്, വികസന കാഴ്ചപ്പാടിനെക്കുറിച്ച് പറയുകയല്ല പിണറായി സർക്കാർ ചെയ്യുന്നത്. പ്രവൃത്തികൾ ചെയ്ത് കേരള സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ്. ഒരു സംസ്ഥാന സർക്കാരിനുള്ള പാർലമെന്ററി അധികാരത്തിന്റെ പരിമിതികൾക്കകത്ത് സാധാരണക്കാർക്കും നിർധനരായ ജനവിഭാഗങ്ങൾക്കും ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ ആശ്വാസനടപടികൾ സ്വീകരിച്ച് ദേശീയ-സാർവദേശീയ ശ്രദ്ധ നേടുകയാണ് കേരളം. നിപ, കോവിഡ്, പ്രളയം, പ്രകൃതിക്ഷോഭം എന്നീ പ്രതിസന്ധിഘട്ടങ്ങളിൽ ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുവാൻ എൽഡിഎഫ് സർക്കാർ കൂടെനിന്നു. പുതിയ കാലഘട്ടത്തിൽ പുതുതലമുറ ആഗ്രഹിക്കുന്ന വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഇന്ത്യക്ക് തന്നെ മാതൃകയാവുകയാണ് കേരളം. വിജ്ഞാനാധിഷ്ഠിത വികസനം എന്ന പദ്ധതി അഭ്യസ്തവിദ്യർക്ക് 20 ലക്ഷം പുതിയ തൊഴിൽ അവസരങ്ങൾ ചുരുങ്ങിയത് സൃഷ്ടിക്കാനാണ്. കേരളത്തിലെ ദേശീയപാത ആറുവരിയാക്കാനുള്ള നടപടി ജനങ്ങൾക്കു മാത്രമല്ല, നിക്ഷേപകരെ കൂടുതൽ കേരളത്തിലേക്ക് ആകർഷിക്കാൻ കൂടിയുള്ളതാണ്. വ്യവസായ ഇടനാഴി, എന്റർടൈൻമെന്റ് സിറ്റി, ജലമെട്രോ, കൊച്ചി മെട്രോ, കെ റെയിൽ പദ്ധതികൾ കേരളത്തിന്റെ സാമ്പത്തികവികാസത്തിൽ മാത്രമല്ല, ദൈവത്തിന്റെ സ്വന്തം നാടിനെ സാർവദേശീയ ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റാൻകൂടി പോന്നതാണ്. ആധുനിക കേരളം ആവശ്യപ്പെടുന്ന വികസനക്കുതിപ്പിനാണ് പിണറായി സർക്കാർ ലക്ഷ്യമിടുന്നത്. ഒപ്പം തൊഴിലെടുക്കുന്നവർക്ക് മെച്ചപ്പെട്ട വേതനവും പെൻഷനും ഉറപ്പാക്കുവാനും കർഷക തൊഴിലാളികൾക്കും കർഷകർക്കും പരിരക്ഷ നൽകി സംസ്ഥാനത്തിന്റെ ഉല്പാദന മേഖലയെ പരിപോഷിപ്പിക്കുവാനും നമുക്ക് സാധിക്കുന്നുണ്ട്. ജൂൺ 2-ന് കേരള സർക്കാർ ഒരു വർഷത്തെ പ്രോഗ്രസ് കാർഡ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ നമ്മൾ ഓരോരുത്തരും നേരിട്ട് അനുഭവിച്ചറിയുന്നതോടൊപ്പം ഇക്കാര്യങ്ങളെല്ലാം നിങ്ങളുടെ റഫറൻസിന് അവശ്യംവരും എന്നതിനാലാണ് 'കിലെ'യുടെ ഈ ലക്കം 'മികവിന്റെ തൊഴിൽ വർഷം' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിക്കുന്നത്.

31.05.2022
തിരുവനന്തപുരം

**കെ.എൻ. ഗോപിനാഥ്**
ചെയർമാൻ, കിലെ

# ഉള്ളടക്കം








07 കിലെ എക്സിക്യൂട്ടീവ് കൗൺസിൽ

10 നവകേരളത്തിലേക്ക് തൊഴിൽവകുപ്പ്
*വി. ശിവൻകുട്ടി*

14 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്

20 ലേബർ കമ്മീഷണറേറ്റ്

25 നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്

27 വ്യാവസായിക പരിശീലന വകുപ്പ്

31 ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

33 ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്

35 ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്

38 കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

42 ചിയാക്

44 ഭവനം ഫൗണ്ടേഷൻ

47 കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്

50 കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

52 കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

54 കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

57 കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

59 കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

62 കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

65 കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്

67 കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

70 കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

73 കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

76 കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

78 കേരള സംസ്ഥാന അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്

ബിൽഡിംഗ് പീപ്പിൾ
കിലെ
ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം

# കിലെ ന്യൂസ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) പ്രസിദ്ധീകരണം

2022 ജൂൺ

**രക്ഷാധികാരി**
വി. ശിവൻകുട്ടി
തൊഴിലും പൊതുവിദ്യാഭ്യാസവും വകുപ്പ് മന്ത്രി

**ചീഫ് എഡിറ്റർ**
കെ.എൻ. ഗോപിനാഥ്
ചെയർമാൻ, കിലെ

**എഡിറ്റർ**
സുനിൽ തോമസ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ

**സബ് എഡിറ്റർ**
കെ. മല്ലിക
എക്സിക്യൂട്ടീവ് കൗൺസിലംഗം, കിലെ

**എഡിറ്റർ ഇൻ ചാർജ്**
കിരൺ ജെ.എൻ.
സീനിയർ ഫെലോ, കിലെ

**റസിഡന്റ് എഡിറ്റർ**
സൂര്യ ഹേമൻ
പബ്ലിസിറ്റി അസിസ്റ്റന്റ്, കിലെ

**എഡിറ്റോറിയൽ അസിസ്റ്റന്റ്**
ജിഷ എ.എസ്.
എൽ.ഡി. ടൈപ്പിസ്റ്റ്, കിലെ

**കവർ ഡിസൈൻ**
അൻസാർ മംഗലത്തോപ്പ്

**രൂപകല്പന**
പ്രദീപ് ഓർക്കാട്ടേരി

**പ്രിന്റിംഗ്**
ഓറഞ്ച് പ്രിന്റേഴ്സ് (പ്രൈ.) ലിമിറ്റഡ്
തിരുവനന്തപുരം

**വിലാസം**
ചീഫ് എഡിറ്റർ
കിലെ ന്യൂസ് (മലയാളം)
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ
ആന്റ് എംപ്ലോയ്മെന്റ് (കിലെ)
തൊഴിൽ ഭവൻ, പി.എം.ജി.
തിരുവനന്തപുരം 33
ഇ മെയിൽ: kiletvm@gmail.com
വെബ് www.kile.kerala.gov.in
ഫേസ്ബുക്ക്: Kile Tvm

**സൃഷ്ടികളുടെ പൂർണ ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രം**


## എഡിറ്റോറിയൽ



കേരളത്തിലെ തൊഴിലാളികളുടെയും തൊഴിൽ മേഖലയുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സർക്കാർ സ്വയംഭരണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെൻറ് (കിലെ). കിലെ നടത്തിവരുന്ന വിവിധ പരിപാടികളും പരിശീലനങ്ങളും ഗവേഷണ പഠനങ്ങളും സാധാരണതൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമിടുന്നതാണ്.

രണ്ടാം എൽ.ഡി.എഫ് സർക്കാരിന്റെ കീഴിൽ ഒന്നാം വർഷം പൂർത്തിയാക്കി തലയെടുപ്പോടെയാണ് തൊഴിൽവകുപ്പ് നിൽക്കുന്നത്. ഈ ലക്കം കിലെ ന്യൂസ് ലേബർ വകുപ്പിന്റെയും വകുപ്പിനു കീഴിലെ ബോർഡുകളുടെയും ഒരു വർഷത്തെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾ നടത്തുന്ന വിവിധ ക്ഷേമപദ്ധതികളും ആനുകൂല്യങ്ങളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കിലെയുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്തുകൊണ്ടും വിജ്ഞാനപ്രദവുമായ ലേഖനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുമുള്ള ഈ ലക്കം കിലെ ന്യൂസ് നല്ല നിലവാരം പുലർത്തുന്നതാണെന്ന് സാഭിമാനം പറയാൻ എനിക്ക് സന്തോഷമുണ്ട്. വളരെ ചാരിതാർത്ഥ്യത്തോടെ ഈ ലക്കം കിലെ ന്യൂസ് പൊതുജനസമക്ഷം സമർപ്പിക്കുന്നു.

**സുനിൽ തോമസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ

# കിലെ
## റീജിയണൽ ഓഫീസ്






കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനായുള്ള നാനാവിധ പരിപാടികളാണ് രണ്ടാം പിണറായി സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇത്തരത്തിൽ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ടതായിരുന്നു മലബാർ പ്രദേശത്ത് കിലെയുടെ റീജിയണൽ ഓഫീസ് എന്നത്. കോഴിക്കോട് സിവിൽ സ്റ്റേഷന് സമീപപ്രദേശത്ത് കിലെയുടെ റീജിയണൽ ഓഫീസ് ജൂൺ മാസത്തിൽ പ്രവർത്തനമാരംഭിക്കുകയുണ്ടായി. ഉദ്ഘാടന ചടങ്ങിൽ കിലെ ചെയർമാൻ കെ.എൻ. ഗോപിനാഥ് അധ്യക്ഷത വഹിച്ചു, കിലെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളായ ടി.കെ. രാജൻ, ജി. ബൈജു, കെ. മല്ലിക, പി.കെ. അനിൽകുമാർ ട്രേഡ് യൂണിയൻ നേതാക്കളായ പി.കെ. മുകുന്ദൻ (സെക്രട്ടറി, സിഐടിയു), കെ. രാജീവ് (പ്രസിഡന്റ്, ഐഎൻടിയുസി), പി.കെ നാസർ (സെക്രട്ടറി, എഐടിയുസി), സെൽവരാജ് (ജോയിന്റ് സെക്രട്ടറി, ബിഎംഎസ്), കെ.എം കോയ (ജില്ലാ പ്രസിഡന്റ്, എസ്ടിയു.), കൃഷ്ണൻ കെ. കെ. (ജനറൽ സെക്രട്ടറി, എച്ച്എംഎസ്) എന്നിവർ സംസാരിച്ചു. കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ സുനിൽ തോമസ് സ്വാഗതവും സീനിയർ ഫെല്ലോ കിരൺ ജെ.എൻ നന്ദിയും പറഞ്ഞു.



# കിലെ എക്സിക്യൂട്ടീവ് കൗൺസിൽ



## കെ.എൻ. ഗോപിനാഥ്

**ചെയർമാൻ**

CITU സംസ്ഥാന സെക്രട്ടറിയാണ്. എറണാകുളം ജില്ലാ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ ചെയർമാൻ, സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. KSPC യുടെ ഗവേണിങ് ബോഡി അംഗമാണ്. സംഘടിത വ്യവസായ മേഖലകളിൽ പ്രധാന യൂണിയനുകളുടെ ഭാരവാഹിയും സ്റ്റാൻഡിങ് കൗൺസിൽ ഓഫ് ട്രേഡ് യൂണിയൻസിന്റെ ജനറൽ കൺവീനറുമാണ്. CPI(M) എറണാകുളം ജില്ലാ കമ്മിറ്റി അംഗവുമാണ്. 2021 സെപ്റ്റംബർ 16-ാം തീയതിയിൽ കിലെ ചെയർമാനായി ചുമതലയേറ്റു.

# എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങൾ



## ടി.കെ.രാജൻ

CITU സംസ്ഥാന സെക്രട്ടറി, കാസർഗോഡ് ജില്ലാ ജനറൽ സെക്രട്ടറി, മോട്ടോർ ഫെഡറേഷന്റെ ദേശീയ സെക്രട്ടറി, ചരക്കു ഗതാഗത മേഖലയിലെ തൊഴിലാളി സംഘടനയുടെ സംസ്ഥാന പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. 1979–ൽ കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടറായി ജോലി ആരംഭിച്ചു. 2007–ൽ ജോലി ഉപേക്ഷിച്ച് മുഴുവൻ സമയ തൊഴിലാളി പ്രവർത്തകനായി മാറി. KSRTEA (CITU) സംസ്ഥാന ജനറൽ സെക്രട്ടറി, KSRTC ഡയറക്ടർ ബോർഡംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. സി.പി.ഐ.എം കാസർഗോഡ് ജില്ലാ കമ്മിറ്റിയംഗമാണ്.



## ജി. ബൈജു

INTUC ദേശീയ വർക്കിംഗ് കമ്മിറ്റിയംഗം, ദേവസ്വം ബോർഡ് ജീവനക്കാരുടെ സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലയിൽ പ്രവൃത്തി പരിചയം. സ്മാർട്ട് (സതേൺ മോട്ടോർ &ട്രാൻസ്പോർട്ട്), ഗോൾക്ക് (ഗ്യാസ് ആന്റ് ഓയിൽ ഫെഡറേഷൻ), ദേവസ്വം ബോർഡ് ജീവനക്കാരുടെ സംസ്ഥാന ഏകോപന സമിതി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഡെപ്യൂട്ടി കമ്മീഷണറാണ്. INTUC മുൻ സംസ്ഥാന ട്രഷറർ ആയി ചുമതല വഹിച്ചിട്ടുണ്ട്. INTUC ആലപ്പുഴ ജില്ലാ പ്രസിഡന്റ് ആയി പ്രവർത്തിക്കുന്നു.



## കെ. മല്ലിക

AITUC സംസ്ഥാന സെക്രട്ടറി, വർക്കിങ് വിമൺ ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. 2013–ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽനിന്നും വിരമിച്ചു. ബാങ്ക് ജീവനക്കാരുടെ സംഘടനയായ AIBEA ആൾ ഇന്ത്യ സെൻട്രൽ കമ്മിറ്റി മെമ്പർ, AKBEF ന്റെ സംസ്ഥാന പ്രസിഡന്റ്, വിമൺസ് കൗൺസിൽ നാഷണൽ പ്രസിഡന്റ് എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. കിലെ മുൻ എക്സിക്യൂട്ടീവ് കൗൺസിലിലും അംഗമായിരുന്നു. സി.പി.ഐ സ്റ്റേറ്റ് കൗൺസിലംഗവുമാണ്.



## പി.കെ. അനിൽകുമാർ

എസ്റ്റേറ്റ് മസ്ദൂർ യൂണിയൻ ജനറൽ സെക്രട്ടറി. അഡ്വർടൈസിങ് മേഖലയിൽ പ്രവർത്തിക്കുന്നു. കിലെ മുൻ എക്സിക്യൂട്ടീവ് കൗൺസിലിലും അംഗമായിരുന്നു. എൽ.ജെ.ഡിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് അംഗമാണ്.

## പ്രേം കൃഷ്ണൻ എസ്. ഐ.എ.എസ്



യുവജനകാര്യ വകുപ്പ് ഡയറക്ടർ. സംസ്ഥാന ലേബർ കമ്മീഷണറുടെ അധികചുമതല വഹിക്കുന്നു. 2017 ബാച്ച് കേരള കേഡർ ഐഎഎസ് ഉദ്യോഗസ്ഥനാണ്. തൃശൂർ അസിസ്റ്റന്റ് കളക്ടർ, ദേവികുളം സബ് കളക്ടർ, മലപ്പുറം ജില്ലയുടെ ആദ്യ ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണർ, കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിരുന്നു.

## കെ. ഗോപാലകൃഷ്ണൻ ഐ.എ.എസ്



എംപ്ലോയ്മെൻറ് ആൻറ് ട്രെയിനിംഗ് വകുപ്പ് ഡയറക്ടർ. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിങ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്നു. 2013 ബാച്ചിലാണ് തിരുവനന്തപുരം ജില്ലാ കളക്ടറായി ചുമതലയേറ്റത്. തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ കളക്ടർ, കോഴിക്കോട് സബ് കളക്ടർ, ജലനിധിയുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ലാൻഡ് റവന്യൂ റെക്കോഡിന്റെ ഡയറക്ടർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചിരുന്നു.



## ചന്ദ്രബോസ് ജെ.

കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് (KMML) മാനേജിംഗ് ഡയറക്ടർ. മെറ്റൽ ഇൻഡസ്ട്രീസ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോറിംഗ്സ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള എന്നീ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ചിരുന്നു.

## സുനിൽ തോമസ്



**(മെമ്പർ സെക്രട്ടറി)**

തൊഴിൽ വകുപ്പിൽ ജോയിന്റ് ലേബർ കമ്മീഷണറാണ്. 2006-ൽ നെടുങ്കണ്ടം ALO Grade II ആയി ജോലിയിൽ പ്രവേശിച്ചു. ലേബർ വെൽഫെയർ ഫണ്ട് ബോർഡ് കമ്മീഷണർ, ALO Grade I, ഡെപ്യൂട്ടി ലേബർ ആഫീസർ, ജില്ലാ ലേബർ ആഫീസർ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ, റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണർ എന്നീ തസ്തികകളിൽ വിവിധ ജില്ലയിൽ സേവനമനുഷ്ഠിച്ചു. 2021 സെപ്റ്റംബർ 15 മുതൽ കിലെ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതല വഹിച്ചുവരുന്നു.

## കിരൺ. ജെ.എൻ



**(മെമ്പർ)**

കേരള ഹൈക്കോടതി, തിരുവനന്തപുരം ജില്ലാ കോടതി എന്നിവിടങ്ങളിൽ 10 വർഷത്തെ അഭിഭാഷക പരിചയം. ശ്രീ അവിട്ടം തിരുനാൾ സർക്കാർ ആശുപത്രിയുടെ ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി (HDS) അംഗം, SCVT ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 2016 മുതൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) സീനിയർ ഫെലോ ആയി പ്രവർത്തിക്കുന്നു.


മികവോടെ
മുന്നോട്ട്

# നവകേരളത്തിലേക്ക് തൊഴിൽവകുപ്പ്

**വി. ശിവൻകുട്ടി**
*പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി*

രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വർഷം. രാജ്യാതിർത്തികൾക്കുമപ്പുറം ലോകമൊട്ടാകെ കോവിഡ് മഹാമാരിയിൽ വിറങ്ങലിച്ചുനിന്നപ്പോഴും അധ്വാനിക്കുന്നവർക്കും ബുദ്ധിമുട്ടനുഭവിക്കുന്നവർക്കുമായി ഉറച്ച ചുവടുകൾ മുന്നോട്ടു തന്നെ വച്ചുകൊണ്ട് ഇതാ ഒരു മാതൃകാസർക്കാർ. തൊഴിലും തൊഴിലിടങ്ങളും നിശ്ചലമായ അവസ്ഥയിൽ നിന്നും കരകയറാൻ രാജ്യം പെടാപ്പാട് പെട്ടപ്പോഴും സ്ഥായിയായ നീക്കങ്ങളിലൂടെ മികവുറ്റ ഒരു വർഷം കേരള സർക്കാരിന്റെ തൊഴിൽവകുപ്പ് സാധ്യമാക്കി. സമരങ്ങളിലൂടെയും സമര മുറകളിലൂടെയും അവകാശങ്ങൾ നേടിയെടുക്കുന്ന തൊഴിലാളി വർഗത്തെ പ്രതിനിധീകരിക്കുന്ന സർക്കാരെന്ന നിലയ്ക്ക് ഇക്കഴിഞ്ഞ വർഷത്തെ തൊഴിലാളി ക്ഷേമ പദ്ധതികളുടെ നീണ്ടനിര ഭരണത്തുടർച്ചയ്ക്ക് മുതൽക്കൂട്ടാകുന്നു.

അധ്വാനത്തിന്റെ, സമരത്തിന്റെ, രക്തസാക്ഷിത്വത്തിന്റെ എല്ലാം ചരിത്രം പറയാനുള്ള കേരള മണ്ണിൽ ഒരു തൊഴിലാളിയുടെയും കണ്ണുനീർ ഒരിക്കലും വീഴ്ത്തില്ലെന്ന 'ഉറപ്പാണ് കേരള സർക്കാർ തൊഴിൽ വകുപ്പ്'. തൊഴിലവസ





രങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം തന്നെ മികച്ച തൊഴിലന്തരീക്ഷവും നിലനിർത്തുകയെന്ന നയം പ്രാവർത്തികമാക്കുന്നതിലൂടെ നേടിയെടുക്കാൻ സാധിച്ചത് പഴുതുകളില്ലാത്ത, വ്യക്തതയുള്ള ക്ഷേമ പദ്ധതികളാണ്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന പ്രാഥമിക വിജയത്തിന് പുറകെ അസംഘടിത തൊഴിലാളികളെ സംഘടിപ്പിക്കുക, അവർക്കുവേണ്ട ക്ഷേമ പദ്ധതികൾ, അവരുടെ കുടുംബം, ആരോഗ്യം, താമസസൗകര്യം എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികൾ അന്താരാഷ്ട്ര ഗുണനിലവാരമുള്ളതാണ്. കേരളത്തിന് പുറത്തുനിന്നെന്നല്ല ഇനി രാജ്യത്തിന് പുറത്തുനിന്നുതന്നെ വന്നാലും തൊഴിലാളികൾക്കിവിടെ സാഹോദര്യസമത്വം ഉറപ്പാക്കിയിരിക്കും.

വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം നടത്തേണ്ടുന്ന രജിസ്ട്രേഷൻ, റിന്യൂവൽ, ലൈസൻസ് തുടങ്ങിയവ സമർപ്പിക്കുന്നതിനായി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചു. സുപ്രീംകോടതിയുടെ നിർദേശപ്രകാരം കേന്ദ്രസർക്കാർ തയ്യാറാക്കിയ ഇ-ശ്രം പോർട്ടലിൽ കേരളത്തിൽ നിന്നും 58 ലക്ഷത്തിൽപ്പരം തൊഴിലാളികൾ രജിസ്റ്റർ ചെയ്തു. അതിലൂടെ അവർക്ക് ലഭ്യമാകുന്നത് നിരവധി ആനുകൂല്യങ്ങൾ.

> തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന പ്രാഥമിക വിജയത്തിന് പുറകെ അസംഘടിത തൊഴിലാളികളെ സംഘടിപ്പിക്കുക, അവർക്കുവേണ്ട ക്ഷേമ പദ്ധതികൾ, അവരുടെ കുടുംബം, ആരോഗ്യം, താമസസൗകര്യം എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികൾ അന്താരാഷ്ട്ര ഗുണനിലവാരമുള്ളതാണ്. കേരളത്തിന് പുറത്തുനിന്നെന്നല്ല ഇനി രാജ്യത്തിന് പുറത്തുനിന്നുതന്നെ വന്നാലും തൊഴിലാളികൾക്കിവിടെ സാഹോദര്യസമത്വം ഉറപ്പാക്കിയിരിക്കും.

16 ക്ഷേമനിധി ബോർഡുകൾ മുഖേന തൊഴിലാളികൾക്ക് കോവിഡ് ധനസഹായമായി 210 കോടി രൂപയും സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾവഴി 100 കോടിയോളം രൂപയും വിതരണം ചെയ്തു. തൊഴിലാളികളുടെ ആശ്രിതർക്ക് കിലെ-സിവിൽ സർവീസ് അക്കാഡമി ആരംഭിച്ചു. വരുമാനം എത്രതന്നെയായാലും സ്വപ്നങ്ങൾ വാനോളമുയരണമെന്ന ഉദ്ദേശ്യത്തോടെയാണ് 8 മാസത്തെ പരിശീലന പദ്ധതി നടപ്പിലാക്കുന്നത്.

നവകേരളത്തിന്റെ നിർമാണത്തിൽ പ്രധാന പങ്കാളികളായ അതിഥി തൊഴിലാളികൾക്ക് കേരളമിന്ന് അവരുടെ സ്വന്തം ഗൃഹമാണ്. അതെല്ലാം ശരിവച്ചുകൊണ്ട് അവർക്ക് താമസസൗകര്യം ഉറപ്പാക്കാനായി ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്‌ലി റെസിഡൻസ് ഇൻ കേരള പദ്ധതി നടപ്പിലാക്കി. എല്ലാ അതിഥി തൊഴിലാളികൾക്കും സമയബന്ധിതമായി കോവിഡ് വാക്സിൻ നൽകാനായി. അവർക്കുള്ള ആരോഗ്യ ഇൻഷുറൻസ് ഉറപ്പാക്കുന്നതിന് ഭാഗമായി 'ആവാസ്' പദ്ധതി നടപ്പിലാക്കി. 5 ലക്ഷത്തിൽപ്പരം തൊഴിലാളികളെ പദ്ധതിക്ക് കീഴിൽ കൊണ്ടുവന്നു. അപ്നാ ഘർ എന്ന പദ്ധതിയിലൂടെ അതിഥി തൊഴിലാളികൾക്കായി ചെലവ് കുറഞ്ഞതും വ്യ



ത്തിയും സുരക്ഷിതത്വവും ഉറപ്പാക്കുന്ന താമസസൗകര്യവും പദ്ധതി നടപ്പിലാക്കി. വിവിധ ജില്ലകളിലായി ഇതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

വിവിധ തൊഴിൽ വിഭാഗങ്ങളിൽനിന്നുള്ള ഏറ്റവും മികച്ച തൊഴിലാളികൾക്ക് ആദരം. അവർക്ക് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന പുരസ്കാരം വിതരണം ചെയ്തു. സംസ്ഥാനത്തെ ഏറ്റവും മികച്ച 8 മേഖലകളിലായി തൊഴിലുടമകൾക്ക് മുഖ്യമന്ത്രിയുടെ മികവിന്റെ പുരസ്കാരവും 85 സ്ഥാപനങ്ങൾക്ക് വജ്ര പുരസ്കാരവും 117 സ്ഥാപനങ്ങൾക്ക് സുവർണ പുരസ്കാരവും നൽകി. തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ വകുപ്പിൽ നേരിട്ടറിയിക്കുന്നതിനുവേണ്ടി സ്ത്രീകൾക്ക് മാത്രമായി 'സഹജ' കാൾ സെന്റർ സജ്ജമാക്കി. തൊഴിൽ വകുപ്പിന് കീഴിലെ 16 ക്ഷേമനിധി ബോർഡുകളെയും ഡിജിറ്റലൈസ് ചെയ്തുകൊണ്ടുള്ള ഒരു അഡ്വാൻസ്ഡ് സോഫ്റ്റ്‌വെയർ സംവിധാനം കൊണ്ടുവരാനായി. നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് മികച്ച നിലവാരത്തിൽ സുരക്ഷിതമായ താമസ സൗകര്യം ഏർപ്പെടുത്തുന്നതിന് തിരുവനന്തപുരം ജില്ലയിലെ മേനംകുളത്തെ കിൻഫ്ര പാർക്കിൽ 6 നിലകളിലായി 130 യൂണിറ്റുകളുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് നടപ്പാക്കുന്നതിനുള്ള നടപടി തുടരുന്നു. കേരള സവാരി എന്ന പേരിൽ 'ഊബർ ഓല' മാതൃകയിൽ സർക്കാർ നിയന്ത്രണത്തിൽ മോട്ടോർ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു ഓൺലൈൻ ഓട്ടോ ടാക്സി സംവിധാനം നടപ്പാക്കുന്നു.

തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ വകുപ്പിൽ നേരിട്ടറിയിക്കുന്നതിനുവേണ്ടി സ്ത്രീകൾക്ക് മാത്രമായി 'സഹജ' കാൾ സെന്റർ സജ്ജമാക്കി. തൊഴിൽ വകുപ്പിന് കീഴിലെ 16 ക്ഷേമനിധി ബോർഡുകളെയും ഡിജിറ്റലൈസ് ചെയ്തുകൊണ്ടുള്ള ഒരു അഡ്വാൻസ്ഡ് സോഫ്റ്റ്‌വെയർ സംവിധാനം കൊണ്ടുവരാനായി. നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് മികച്ച നിലവാരത്തിൽ സുരക്ഷിതമായ താമസ സൗകര്യം ഏർപ്പെടുത്തുന്നതിന് തിരുവനന്തപുരം ജില്ലയിലെ മേനംകുളത്തെ കിൻഫ്ര പാർക്കിൽ 6 നിലകളിലായി 130 യൂണിറ്റുകളുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് നടപ്പാക്കുന്നതിനുള്ള നടപടി തുടരുന്നു.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന 'സങ്കൽപ്പ്' പദ്ധതിയുടെ ഭാഗമായി ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ നൈപുണ്യ സമിതിയുടെയും സഹായത്തോടെ എല്ലാ ജില്ലകളിലും തൊഴിൽമേളകൾ സ്റ്റേറ്റ് ജോബ് പോർട്ടൽ വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

നാഷണൽ എംപ്ലോയ്മെന്റ് സർവീസിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും അശരണരായ വനിതകൾക്കും മുതിർന്ന പൗരന്മാർക്കും സ്വയം തൊഴിലാരംഭിക്കാൻ പലിശ രഹിത വായ്പ.

കൊട്ടാരക്കര കേന്ദ്രമായി കരിയർ ഡെവലപ്മെന്റ് സെന്റർ, കരമന കേന്ദ്രമായും മുള്ളൂർക്കര കേന്ദ്രമായും പുതിയ സിഡിസി ആരംഭിക്കുന്നതിനായി ഉത്തരവ് നൽകി.

ഒരുവർഷത്തിനകം ഇത്രയധികം പദ്ധതികൾ ആസൂത്രിതമായി ആവിഷ്കരിക്കാനുള്ള നീക്കം സുദൃഢവും അചഞ്ചലവുമായ വരുംവർഷങ്ങളുടെ തുടക്കം മാത്രമാണ്. ഒരു ജനതയുടെ ജീവിതംതന്നെ സർക്കാരിന്റെ ഉത്തരവാദിത്തമാണെന്ന സത്യത്തിന് ഉദാഹരണമാണ് കേരള സർക്കാർ തൊഴിൽ വകുപ്പ്.



# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്





അടിസ്ഥാന വർഗത്തിന്റെ ഉന്നമനത്തിന് എന്നും പ്രഥമസ്ഥാനം നൽകുന്ന കേരളത്തിൽ ഇത്തരത്തിൽ തൊഴിൽമേഖലയുടെ അഭിവൃദ്ധിക്കും തൊഴിലാളികളുടെ ബോധവത്കരണത്തിനും മികവിനും വേണ്ടി രൂപംകൊള്ളപ്പെട്ട സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ-KILE). 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമപ്രകാരം 1978-ലാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് സ്ഥാപിതമായത്. അന്നുമുതലിന്നോളം നാല് പതിറ്റാണ്ടിലേറെയായി അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ സമഗ്രമായ ഉന്നമനത്തിനായി ഈ സ്ഥാപനം സുസജ്ജമായി നിലകൊള്ളുന്നു.

സംഘടിതമേഖലയിലെയും അസംഘടിതമേഖലയിലെയും തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും അതുവഴി സമൂഹത്തിന്റെ തന്നെയും അഭിവൃദ്ധിക്കുവേണ്ടി ഈ സ്ഥാപനം സജീവമായി നിലകൊള്ളുന്നു. തൊഴിൽസാഹചര്യങ്ങൾ വർധിപ്പിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക; തൊഴിലാളികൾക്ക് സാങ്കേതികപരിശീലനം നൽകുക; ജോലിസമയം, വേതനം തുടങ്ങി തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ച സംസ്ഥാന നയങ്ങൾ രൂപവത്കരിക്കുന്നതിനാവശ്യമായ ഗവേഷണ-നിരീക്ഷണങ്ങൾ നടത്തുക, സൗഹാർദപരമായ മുതലാളി-തൊഴിലാളി ബന്ധങ്ങൾക്ക് പ്രോത്സാഹനം നല്കുക, തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷിതത്വം ഏർപ്പെടുത്തുക, തൊഴിൽമേഖലയിലെ കാലോചിതമായ മാറ്റങ്ങളെക്കുറിച്ച് ബോധവത്കരിക്കുക, ആഗോളസമൂഹത്തിൽ പ്രകടമാകുന്ന സൂചനകൾ സസൂക്ഷ്മം പഠനവിധേയമാക്കി തൊഴിൽരംഗത്ത് ആസന്നമായ മാറ്റങ്ങളെ കണ്ടെത്തുകയും അതിനനുസൃതമായ പരിശീലനപദ്ധതികൾ ആവിഷ്കരിച്ചും പാഠ്യോപാധികൾ വിതരണം ചെയ്തും വാർത്തകൾ എത്തിച്ചും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചും തൊഴിലാളിവർഗ്ഗത്തെ നാളെക്കൊപ്പം നടക്കാൻ പ്രാപ്തമാക്കുക, തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ആരോഗ്യസംരക്ഷണം, അടിസ്ഥാന വിദ്യാഭ്യാസം, നവസങ്കേതങ്ങൾ പരിചയപ്പെടുത്തൽ തുടങ്ങിയവയും കിലെയുടെ കർമ്മപരിധിയിൽപ്പെടുന്നു. ഇവ കൂടാതെ ശില്പശാലകളും പ്രവൃത്തിപരിചയ ക്ലാസുകളും സംഘടിപ്പിക്കുക, തൊഴിലില്ലായ്മ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുക, തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങളും അവരുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും ഉറപ്പുവരുത്തുക എന്നിങ്ങനെ വിപുലമായ പ്രവർത്തനങ്ങളും കിലെ വിട്ടുവീഴ്ചയില്ലാതെ നടത്തിവരുന്നു.

> അതിവേഗം മാറികൊണ്ടിരിക്കുന്ന തൊഴിൽ മേഖലയ്ക്കനുസരിച്ച് തൊഴിലാളികളെ സജ്ജമാക്കുന്നതിലേക്കും അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം പരിപാലിക്കുന്നതിലേക്കും മാറിവരുന്ന തൊഴിൽ നിയമങ്ങളെയും കടമകളേയുംകുറിച്ച് തൊഴിലാളി സമൂഹത്തെ ബോധവൽകരിക്കുന്നതിലേക്കും ഇത്തരത്തിൽ മികച്ച തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും ആവശ്യമായ പരിശീലന പരിപാടികളും ശിൽപശാലകളുമാണ് കിലെ നടത്തിവരുന്നത്.

തൊഴിലും അതുമായി ബന്ധപ്പെട്ട മേഖലകളിലും പരിശീലനവും ഗവേഷണവും നടത്തുക, കോൺഫറൻസുകൾ, ശില്പശാലകൾ, പ്രവൃത്തിപരിചയമേളകൾ മുതലായവ സംഘടിപ്പിക്കുക, തൊഴിലാളികുടുംബങ്ങളുടെ സമഗ്രപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുക, തൊഴിൽ നയങ്ങൾ രൂപീകരിക്കുന്നതിന് സഹായകമായ വിവരങ്ങൾ സർക്കാരിന് നൽകുക, സംസ്ഥാനത്തെ നിലവിലെ തൊഴിൽസാഹചര്യം, മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, തൊഴിൽ അനുബന്ധമേഖലകളിൽ ലോകസമൂഹങ്ങളിൽ ദൃശ്യമാകുന്ന പുത്തൻപ്രവണതകൾ എന്നിവയെക്കുറിച്ച് ഗവേഷണം നടത്തുക, തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുക, തൊഴിൽ അനുബന്ധമേഖലകളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക, തൊഴിലാളിക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക, ഫെല്ലോഷിപ്പ്, പ്രൈസുകൾ, സ്റ്റൈപെൻഡുകൾ മുതലായവ നൽകുക എന്നിങ്ങനെ വിശാലമാണ് കിലെയുടെ പ്രവർത്തമണ്ഡലം. മൂവായിരത്തോളം പുസ്തകങ്ങൾ ഉള്ള ലൈബ്രറിയും സുസജ്ജമായ ഒരു ഐടി വിഭാഗവും 'കിലെ'യ്ക്കുണ്ട്. ഗവേഷണം, പരിശീലനം, പ്രസിദ്ധീകരണം എന്നിങ്ങനെ കിലെയുടെ പ്രവർത്തനമണ്ഡലത്തെ മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

## പ്രസിദ്ധീകരണവിഭാഗം

സമകാലിക വിഷയങ്ങളെ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ഒരു വലിയ പങ്കാണ് കിലെയുടെ പ്രസിദ്ധീകരണ വിഭാഗം ചെയ്തുവരുന്നത്. തികച്ചും ജനശ്രദ്ധ നേടിയ വിവിധ പുസ്തകങ്ങൾ കഴിഞ്ഞ സാമ്പത്തികവർഷം കിലെയ്ക്ക് നൽകാൻ കഴിഞ്ഞു. ജീവിതത്തിൽ വ്യത്യസ്തവും വെല്ലുവിളികളും നേരിടുന്ന തൊഴിലുകൾ ചെയ്തു ജീവിതം പുലർത്തുന്ന 14 വനിതകളെ കിലെ കണ്ടെത്തി അവരുടെ ജീവിതകഥ 'ഉയരെ' എന്ന പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. പ്രസിദ്ധീകരണ ചടങ്ങിൽ കേരളത്തിന്റെ വനിത-ശിശുവികസന മന്ത്രിയായ വീണാ ജോർജ്, തൊഴിലും പൊതുവിദ്യാഭ്യാസവകുപ്പും മന്ത്രിയായ വി. ശിവൻകുട്ടി, വനിതാ കമ്മിഷൻ ചെയർപേഴ്സൺ പി. സതീദേവി എന്നിങ്ങനെ വിശിഷ്ട വ്യക്തികൾ പങ്കെടുക്കുകയും തെരഞ്ഞെടുത്ത സ്ത്രീകളെ ആദരിക്കുകയും ചെയ്തു. ഒന്നാം പിണറായി സർക്കാർ നടപ്പിലാക്കിയ തൊഴിലാളി





സാമൂഹികമായും തൊഴിൽപരമായും പിൻവലിഞ്ഞു നിൽക്കുന്ന ട്രാൻസ്ജെൻഡർ സമൂഹത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും കിലെ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾ ഉൾപ്പെടെ തങ്ങളുടെ അനുഭവങ്ങൾ തുറന്നെഴുതിയ 'The changing face' എന്ന മാഗസിൻ കിലെ പ്രസിദ്ധീകരിക്കുകയുണ്ടായി. മാത്രമല്ല, ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ആരോഗ്യക്ഷേമ കൈപ്പുസ്തകം കിലെ തയ്യാർ ചെയ്തിട്ടുണ്ട്.

ശ്രേഷ്ഠ അവാർഡ് ജേതാക്കളുടെ ജീവിതകഥ 'മികവ്' എന്ന പുസ്തകം തൊഴിൽവകുപ്പ് മന്ത്രി വി. ശിവൻകുട്ടി പ്രകാശനം ചെയ്തു. കോവിഡ് മൂലം മുടങ്ങിയ കിലെയുടെ മുഖമാസികയായ കിലെ ന്യൂസ് വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ചു.

തൊഴിലാളികൾക്കായി തയ്യാറാക്കുന്ന വിവിധ കൈപ്പുസ്തകങ്ങൾ, ഇതിനുപുറമെ കിലെ നടത്തുന്ന പരിശീലനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുന്ന സ്റ്റഡി മെറ്റീരിയലുകൾ കേരളത്തിലെ കൈത്തറിയുടെ പിറവി, തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷ എന്നിങ്ങനെ വിവിധ പ്രസിദ്ധീകരണങ്ങൾ ഈ സാമ്പത്തികവർഷത്തിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെൻറ് പരിശീലനവിഭാഗം

അതിവേഗം മാറികൊണ്ടിരിക്കുന്ന തൊഴിൽ മേഖലയ്ക്കനുസരിച്ച് തൊഴിലാളികളെ സജ്ജമാക്കുന്നതിലേക്കും അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം പരിപാലിക്കുന്നതിലേക്കും മാറിവരുന്ന തൊഴിൽ നിയമങ്ങളെയും കടമകളേയുംകുറിച്ച് തൊഴിലാളി സമൂഹത്തെ ബോധവൽകരിക്കുന്നതിലേക്കും ഇത്തരത്തിൽ മികച്ച തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും ആവശ്യമായ പരിശീലന പരിപാടികളും ശിൽപശാലകളുമാണ് കിലെ നടത്തിവരുന്നത്.





2021-22 കാലയളവിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് 49 പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചത്. (പട്ടിക താഴെ കൊടുത്തിരിക്കുന്നു)

കേരളത്തിലെ വിവിധ ജില്ലകളിൽ 16 സെക്ടറുകളിലായി സംഘടിപ്പിച്ച പരിശീലന പരിപാടികളിൽ 2591 പേർ പങ്കെടുത്തു.

ആലപ്പുഴയിൽ സംഘടിപ്പിച്ച വ്യാവസായികമേഖലയിലെ തൊഴിലാളികൾക്കായുള്ള പുതിയ ലേബർ കോഡ് പരിശീലനപരിപാടിയിൽ 3 സ്ഥാപനങ്ങളിൽനിന്നായി 50,000 രൂപ CSR ഫണ്ട് ലഭ്യമാക്കാനായി.

തൊഴിലാളികളെയും തൊഴിലുടമാ പ്രതിനിധികളെയും അവബോധം നൽകുന്ന പരിശീലനപരിപാടികൾ കിലെ ആരംഭിച്ചു. ആയതിന് തുടക്കംകുറിച്ചുകൊണ്ട് എറണാകുളം ജില്ലയിൽ തൊഴിലാളികൾ, തൊഴിലുടമാ പ്രതിനിധികൾ തൊഴിൽവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു. ഇന്ത്യയിൽ നിലനിന്നിരുന്ന 29 തൊഴിൽ നിയമങ്ങളെ സംക്ഷിപ്തമാക്കിക്കൊണ്ട് കേന്ദ്രസർക്കാർ പുറത്തിറക്കിയ 4 ലേബർകോഡുകളെ സംബന്ധിച്ചായിരുന്നു ശിൽപശാല. ബഹുമാനപ്പെട്ട തൊഴിലും പൊതുവിദ്യാഭ്യാസവും വകുപ്പുമന്ത്രി വി. ശിവൻകുട്ടി ശിൽപശാല ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രണ്ടാംദിനം ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി പി. രാജീവ്പ്രഭാഷണം നടത്തി. രണ്ടു ദിവസം നീണ്ടു നിന്ന ശിൽപശാലയിൽ തൊഴിൽ ദാതാക്കൾ തൊഴിലാളികൾ, വിവിധ ട്രേഡ്യൂണിയൻ പ്രതിനിധികൾ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുക്കുകയും വിവിധ വിഷയങ്ങളിൽ ക്ലാസും ചർച്ചയും നടന്നു.

## ഗവേഷണം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് ഗവേഷണ വിഭാഗം. കേരളത്തിലെ തൊഴിലാളി വർഗവും തൊഴിൽ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി മനസ്സിലാക്കി, പരിമിതികൾക്കുള്ളിൽനിന്ന്, ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാര മാർഗങ്ങളും നയങ്ങളും ആരായുക എന്നുള്ളതാണ് കിലെ ഗവേഷണവിഭാഗത്തിന്റെ ദൗത്യം.

2021-22-ൽ പ്രധാനമായും അഞ്ച് ഗവേഷണ പഠനങ്ങളാണ് കിലെ നടത്തിയത്. ഇതിൽ പ്രധാനമായത് കോവിഡ് -19 നാൽ കേരളത്തിലെ അസംഘടിത പരമ്പരാഗത മേഖലകളിലുണ്ടായ പ്രതിസന്ധി സംബന്ധിച്ചായിരുന്നു. കേരളത്തിലെ വിവിധ അസംഘടിത-പരമ്പരാഗത ക്ഷേമബോർഡുകളിൽ നിന്നും 6000-ത്തിൽ പരം തൊഴിലാളികളെ തെരഞ്ഞെടുത്ത്, ഘടനാപരമായ ചോദ്യാവലിയിലൂടെ ഈ പ്രശ്നം പഠിക്കുകയുണ്ടായി. ഈ ഗവേഷണപഠനറിപ്പോർട്ട് പ്രസിദ്ധീകരണം ചെയ്യാനൊരുങ്ങുകയാണ്.

മറ്റൊരു ഗവേഷണപഠനം 'ഇതര സംസസ്ഥാന തൊഴിലാളികളുടെ സാന്നിധ്യത്താൽ കേരള സമൂഹത്തിനുണ്ടായ സ്വാധീനം' സംബന്ധിച്ചായിരുന്നു. ഇതര സംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള പഠനങ്ങൾ കിലെ ഉൾപ്പെടെ നടത്തിയിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള പഠനം അപൂർവമാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം കേരളത്തിന്റെ തൊഴിൽ മേഖലയിൽ പ്ര

| 2021-22 | | | |
|---|---|---|---|
| | വിഭാഗം | പരിശീലന പരിപാടിയുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം |
| 1 | ചുമട്ടുതൊഴിലാളികൾ | 14 | 560 |
| 2 | വഴിയോര കച്ചവടക്കാർ | 8 | 337 |
| 3 | ഷോപ്പ് ജീവനക്കാർ | 6 | 319 |
| 4 | ഓട്ടോറിക്ഷ ഡ്രൈവർമാർ | 6 | 274 |
| 5 | ഇലക്ട്രിക്കൽ സൂപ്പർവൈസർമാർ ആൻഡ് വയർമാൻ | 3 | 265 |
| 6 | ഇൻഡസ്ട്രിയൽ വർക്കേഴ്സ് | 2 | 193 |
| 7 | SLW New Labour Codes | 1 | 124 |
| 8 | Beauticians | 1 | 108 |
| 9 | Media Workers | 1 | 76 |
| 10 | Scheme Workers | 1 | 67 |
| 11 | NBFC Workers | 1 | 64 |
| 12 | Women Workers | 1 | 58 |
| 13 | Employment Staff (Online) | 1 | 55 |
| 14 | Hazardous Waste Workers | 1 | 41 |
| 15 | Toddy Board Staff | 1 | 31 |
| 16 | Building Board Staff | 1 | 19 |
| | | 49 | 2591 |
| ശരാശരി പങ്കാളിത്തം 53 | | | |





ത്യേകിച്ച് കൂലി, ജോലിസമയം കൂടാതെ പാർപ്പിട സൗകര്യം, പരിസര ശുചീകരണം തുടങ്ങി വിവിധ വിഷയങ്ങളിലുണ്ടാക്കിയ സ്വാധീനം ഈ പഠനത്തിലൂടെ ചർച്ച ചെയ്യുന്നു. ഈ ഗവേഷണ പഠനവും പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്.

തേയിലത്തോട്ടം തൊഴിലാളികളുടെ തൊഴിൽ സാമ്പത്തികാവസ്ഥയെക്കുറിച്ചും കോവിഡ്-19 കാരണമായി മടങ്ങിയെത്തിയ പ്രവാസികളുടെ സാമ്പത്തിക-തൊഴിൽ പുനരധിവാസ പ്രശ്നങ്ങളെക്കുറിച്ചും കിലെ ഗവേഷണപഠനങ്ങൾ നടത്തുകയുണ്ടായി. ഈ പഠനങ്ങളുടെ റിപ്പോർട്ടുകളും തയ്യാറാക്കിവരുന്നു.

സാമൂഹികമായും തൊഴിൽപരമായും പിൻവലിഞ്ഞു നിൽക്കുന്ന ട്രാൻസ്ജെൻഡർ സമൂഹത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും കിലെ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾ ഉൾപ്പെടെ തങ്ങളുടെ അനുഭവങ്ങൾ തുറന്നെഴുതിയ 'The changing face' എന്ന മാഗസിൻ കിലെ പ്രസിദ്ധീകരിക്കുകയുണ്ടായി. മാത്രമല്ല, ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ആരോഗ്യക്ഷേമ കൈപ്പുസ്തകം കിലെ തയ്യാർ ചെയ്തിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളെക്കുറിച്ചും അവരുമായി ബന്ധപ്പെട്ട സർജറി, ഹോർമോൺ ചികിത്സ, വ്യായാമം, ആരോഗ്യക്ഷേമം, ദി ട്രാൻസ്ജെൻഡർ പേഴ്



സൺസ് ആക്ട് 2019 തുടങ്ങി വിവിധ വിഷയങ്ങൾ ഈ കൈപ്പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ട്രാൻസ് ജെൻഡർ വ്യക്തികൾക്കും മറ്റുള്ളവർക്കും ഒരുപോലെ അറിവ് നൽകുന്ന കൈപ്പുസ്തകമായിരിക്കും ഇതെന്ന് കിലെ വിശ്വസിക്കുന്നു.

ഇനിയും ഇത്തരത്തിൽ വൈവിധ്യങ്ങളായ വിഷയങ്ങൾ തെരഞ്ഞെടുത്ത് തൊഴിൽ മേഖലയ്ക്ക് ഉതകുന്ന രീതിയിൽ ചിട്ടയായ പഠനങ്ങൾ നടത്തി സമൂഹത്തിനുപകാരപ്രദമാകുന്ന രീതിയിൽ ഗവേഷണ പഠനങ്ങളെ മാറ്റിയെടുക്കാൻ കിലെ ശ്രമിക്കുന്നു.

## കിലെ സിവിൽ സർവീസ് അക്കാദമി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ) ന്റെ അക്കാഡമിക് വിഭാഗമാണ് കിലെ ഐഎഎസ് അക്കാദമി. തൊഴിലാളികളുടെ ആശ്രിതരായ വിദ്യാർത്ഥികൾക്ക് ഐഎഎസ് സ്വപ്നം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനം ആരംഭിച്ചത്. കിലെ സിവിൽ സർവീസ് അക്കാഡമിയുടെപ്രിലിംസ് ഓറിയന്റഡ് ആദ്യബാച്ച് 20 ഒക്ടോബർ 2021-ൽ ആരംഭിച്ചു. എൻട്രൻസ് എക്സാം നടത്തിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തത്. തൊഴിലാളികളുടെ ആശ്രിതരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 59 വിദ്യാർത്ഥികളെയാണ് ആദ്യ ബാച്ചിൽ ഉൾപ്പെടുത്തിയിരുന്നത്. ഓരോ വിഷയത്തിലും വിദഗ്ധ പരിചയമുള്ള പ്രഗൽഭരായ 16-ഓളം അദ്ധ്യാപകരാണ് വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്തത്. ശീതികരിച്ച ക്ലാസ്മുറികളും വിപുലമായ ലൈബ്രറിയും അക്കാദമിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഈ ബാച്ചിലെ വിദ്യാർത്ഥികൾക്ക് സിലബസ് പ്രകാരമുള്ള പഠനം 2022 മെയ് 20-ന് പൂർത്തീകരിച്ചു. നിലവിലെ വിദ്യാർഥികൾ 2022 ജൂൺ 5-ന് പ്രിലിംസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയാണ്. കിലെ സിവിൽ സർവീസ് അക്കാദമിയുടെ അടുത്ത ബാച്ച് ജൂൺ അവസാനവാരം ആരംഭിക്കും. പ്രിലിംസ്/മെയിൻസ്/ഇന്റർവ്യൂ എന്നി ഘട്ടങ്ങളിലെ പരിശീലനമാണ് പുതിയ ബാച്ചിലെ വിദ്യാർത്ഥികൾക്ക് നൽകുന്നത്. തൊഴിലാളികളുടെ ആശ്രിതരായ വിദ്യാർത്ഥികളിൽനിന്നും വളരെ കുറഞ്ഞ ഫീസാണ് ഈടാക്കുന്നത്. തൊഴിലാളികളുടെ ആശ്രിതരായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ മികച്ച ഐഎഎസ് പരിശീലനം ലഭ്യമാകുക എന്നതാണ് കിലെ ഐഎഎസ് അക്കാഡമിയുടെ ലക്ഷ്യം. ഇവർക്ക് മുൻഗണന നൽകുന്നതോടൊപ്പം പുറമെനിന്നുള്ള വിദ്യാർത്ഥികൾക്കും കിലെ ഐഎഎസ് അക്കാദമി പരിശീലനം നൽകുന്നതാണ്.

> കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്-ന്റെ അക്കാഡമിക് വിഭാഗമാണ് കിലെ ഐഎഎസ് അക്കാദമി. തൊഴിലാളികളുടെ ആശ്രിതരായ വിദ്യാർത്ഥികൾക്ക് ഐഎഎസ് സ്വപ്നം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനം ആരംഭിച്ചത്. കിലെ സിവിൽ സർവീസ് അക്കാഡമിയുടെപ്രിലിംസ് ഓറിയന്റഡ് ആദ്യബാച്ച് 20 ഒക്ടോബർ 2021-ൽ ആരംഭിച്ചു. എൻട്രൻസ് എക്സാം നടത്തിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തത്. തൊഴിലാളികളുടെ ആശ്രിതരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 59 വിദ്യാർത്ഥികളെയാണ് ആദ്യ ബാച്ചിൽ ഉൾപ്പെടുത്തിയിരുന്നത്. ഓരോ വിഷയത്തിലും വിദഗ്ധ പരിചയമുള്ള പ്രഗൽഭരായ 16-ഓളം അദ്ധ്യാപകരാണ് വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്തത്.

# ലേബർ കമ്മീഷണറേറ്റ്

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ കീഴിൽ കേരളത്തിലെ തൊഴിൽ മേഖല മഹത്തായ പല മാറ്റങ്ങളും കൈവരിച്ചു. തൊഴിലധിഷ്ഠിത നയങ്ങളും വികസനപരിപാടികളുമായി കുതിക്കുകയാണ് ഈ സർക്കാർ. രണ്ടാം എൽഡിഎഫ് സർക്കാരിന്റെ ഒന്നാം വർഷം തികയുമ്പോൾ തൊഴിൽ മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ തൊഴിൽവകുപ്പിന് കീഴിൽ നിരവധി സംരംഭങ്ങളും പരിപാടികളും ആരംഭിച്ചു. ആരോഗ്യകരമായ തൊഴിൽ സംസ്കാരവും തൊഴിൽ സൗഹൃദാന്തരീക്ഷവും സൃഷ്ടിക്കാൻ സംസ്ഥാനത്തെ തൊഴിൽവകുപ്പിന് സാധിച്ചു. ഈ കാലയളവിൽ തൊഴിൽ സംബന്ധമായ ബില്ലുകൾ തൊഴിൽ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹികസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി നിർമിക്കുകയും പാസാക്കുകയും ചെയ്തു.






ലേബർ വകുപ്പിലും അനുബന്ധ മേഖലകളിലും ഡിജിറ്റൽ സേവനങ്ങൾ കൈക്കൊണ്ട് കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സ്ഥാപനങ്ങളും മാറി. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കിക്കൊണ്ട് ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുവാൻ സാധിച്ചു. നോക്കുകൂലി സമ്പ്രദായത്തിനോടുള്ള സർക്കാരിന്റെ വിയോജിപ്പിനെ എല്ലാ ട്രേഡ് യൂണിയനും അനുകൂലിച്ചു. രാജ്യത്തെ ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്ന തൊഴിൽ വകുപ്പായി കേരളം മാറിയെന്നതിൽ നമുക്ക് അഭിമാനമാണ്. ഒരു തൊഴിലാളിക്ക് ലഭിക്കേണ്ട പരമാവധി സാമൂഹികസുരക്ഷയും ക്ഷേമ ആനുകൂല്യങ്ങളും ലേബർ വകുപ്പും വകുപ്പിനു കീഴിലെ 16 ക്ഷേമനിധി ബോർഡുകളും ഉറപ്പുവരുത്തുന്നു. അതിഥി തൊഴിലാളികൾക്കും കേരളത്തിലെ തൊഴിലാളികൾക്കും തുല്യഅവകാശങ്ങളും ക്ഷേമപദ്ധതികളും ഉറപ്പുവരുത്തിയാണ് വകുപ്പ് പ്രവർത്തിക്കുന്നത്. ആവാസ്, ആലയ്, ശ്രമിക് ബന്ധു ഫെസിലിറ്റേഷൻ സെന്ററുകൾ, അപ്നാ ഘർ എന്നിവയാണ് തൊഴിലാളികൾക്ക് നൽകിവരുന്ന പുതിയ പദ്ധതികൾ.

## തൊഴിലാളിശ്രേഷ്ഠ അവാർഡ്

മെച്ചപ്പെട്ട ശമ്പളം മാത്രമല്ല, ഒരു തൊഴിലാളിയുടെ ആവശ്യം സമൂഹം അവർക്ക് നൽകുന്ന അംഗീകാരവും അഭിനന്ദനവുമാണ്. ഇത്തരത്തിലുള്ള അംഗീകാരം തൊഴിലാളി സമൂഹത്തിനുള്ള ഉത്തേജനമാണ്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും വിവിധ മേഖലകളിൽനിന്ന് തെരഞ്ഞെടുത്ത 17 തൊഴിലാളികൾക്ക് നൽകുകയുണ്ടായി. തൊഴിലാളിശ്രേഷ്ഠം അവാർഡിന്റെ അപേക്ഷ ഓൺലൈൻ മുഖേന സ്വീകരിച്ച് വിവിധ ഘട്ടങ്ങളിൽ ഇന്റർവ്യൂ നടത്തിയാണ് വിജയികളെ തെരഞ്ഞെടുത്തത്. തൊഴിൽവകുപ്പ് മന്ത്രി വി. ശിവൻകുട്ടിയാണ് ജേതാക്കൾക്ക് അവാർഡ് കൈമാറിയത്.

## CM's Excellence Award

മികച്ച തൊഴിൽ സൗഹാർദതയും കൃത്യമായ കാര്യനിർവഹണവുമാണ് തൊഴിൽ വകുപ്പിന്റെ വിജയത്തിനുപിന്നിലെ രഹസ്യം. ആരോഗ്യകരമായ തൊഴിലാളി-മുതലാളി ബന്ധം മെച്ചപ്പെടുത്തുക എന്നത് എൽഡിഎഫ് ഗവൺമെന്റിന്റെ ലക്ഷ്യമാണ്. അതിനായി വ്യത്യസ്ത കമ്പനികൾക്ക് അവരുടെ മികവിനനുസരിച്ച് ഗ്രേഡ് നൽകുകയുണ്ടായി. ഇത്തരത്തിൽ തെരഞ്ഞെടുത്ത എട്ട് കമ്പനികൾക്ക് ഈ വർഷം Cm's Excellence Award നൽകുകയുണ്ടായി. ഇതിനോടൊപ്പം 85 സ്ഥാപനങ്ങൾക്ക് വജ്ര അവാർഡും നൽകി. അവാർഡ് നൽകിയത് തൊഴിൽ വകുപ്പുമന്ത്രി വി. ശിവൻകുട്ടിയും ഗതാഗതവകുപ്പുമന്ത്രി ആന്റണി രാജുവുമായിരുന്നു.

## ഗാർഹിക തൊഴിലാളികൾക്കായുള്ള രജിസ്ട്രേഷൻ

സ്ത്രീകളുടെ പ്രധാന തൊഴിൽ മേഖലയാണ് ഗാർഹിക തൊഴിൽ. ഗാർഹിക തൊഴിലാളികളെ അസംഘടിത തൊഴിലാളികളായി കണക്കാക്കിയിരുന്നെങ്കിലും ആനുകൂല്യങ്ങൾ ഒന്നും ലഭിച്ചിരുന്നില്ല. എന്നാൽ, ഈ വർഷം ഒരാഴ്ച നീണ്ടുനിന്ന Registration Driveലൂടെ സ്ത്രീകളെ ബോർഡംഗങ്ങളാക്കി ക്ഷേമനിധി തൊഴിൽ മന്ത്രി ഉറപ്പുവരുത്തി. ക്ഷേമനിധി ബോർഡംഗങ്ങളായതോടെ റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ആനുകൂല്യം, പ്രസവാനുകൂല്യം, സാമ്പത്തികസഹായം എന്നിവയ്ക്ക് ഇവർ അർഹരാണ്. ഒരാഴ്ച നീണ്ടുനിന്ന Registration Driveൽ പങ്കെടുത്ത് രജിസ്റ്റർ ചെയ്ത തൊഴിലാ



ളികൾക്ക് ഐഡന്റിറ്റി കാർഡുകൾ തൊഴിൽ മന്ത്രി വി. ശിവൻകുട്ടി വിതരണം ചെയ്തു.

### സഹജ

വനിതാ തൊഴിലാളികൾക്ക് ഉത്തമ തൊഴിൽ സാഹചര്യം ഒരുക്കുന്നതിനായി ലേബർ വകുപ്പ് ടോൾഫ്രീ നമ്പറായി 1800 42555 21 ഏർപ്പെടുത്തി. വനിതാ തൊഴിലാളികളുടെ ഏതൊരു ബുദ്ധിമുട്ടും പ്രശ്നങ്ങളും തൊഴിൽ വകുപ്പിൽ നേരിട്ടറിയിക്കാവുന്നതാണ്. പരാതിക്കാരിയുടെ സ്വകാര്യ വിവരങ്ങൾ തീർത്തും രഹസ്യമായിരിക്കും. പരാതികൾ സമയബന്ധിതമായി കോൾ സെന്ററിലൂടെ തീർപ്പാക്കുന്നതാണ്.

### തൊഴിലിടങ്ങളിൽ ഇരിപ്പിടം

ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനത്തിലൊന്നായിരുന്നു തൊഴിലിടങ്ങളിലെ ഇരിപ്പിടം എന്നത്. കേരള സംസ്ഥാനമൊട്ടാകെ നടന്ന ഈ ക്യാംപയിൻ പ്രവർത്തനം തൊഴിലാളി സമൂഹത്തിന് പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്കായുള്ള അവകാശമായി മാറി.

### വനിതാ തൊഴിലാളികൾക്കായി Studio Apartment

വനിതാ തൊഴിലാളികൾക്ക് സുരക്ഷിത താമസസ്ഥലം ഒരുക്കുന്നതിനായി നഗരപ്രദേശങ്ങളിൽ സ്റ്റുഡിയോ അപ്പാർട്ട്മെന്റ് വാടകയ്ക്കു നൽകുന്ന പദ്ധതി ആരംഭിക്കുവാനുള്ള നടപടി തുടങ്ങി.





### തോട്ടം മേഖലയിലെ തൊഴിലാളികൾക്കായുള്ള പ്രത്യേക സ്കീമുകൾ

- പ്രത്യേക പ്ലാന്റേഷൻ ഡയറക്ടറേറ്റ് പ്രഖ്യാപിച്ചു.
- തോട്ടം നികുതി, കാർഷിക ആദായ നികുതി, ലൈൻ ഹൗസുകളുടെ കെട്ടിട നികുതി, പഴയ റബർ മരങ്ങൾ മുറിക്കുന്ന സമയത്ത് ഒടുക്കിയിരുന്ന കാശ് എന്നിവ നിർത്തലാക്കി.
- ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് വീട് നിർമിച്ചുനൽകുന്നു.
- ഉപയോഗശൂന്യവും നിർത്തലാക്കിയതുമായ എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുക്കുവാനും തൊഴിലാളികൾക്ക് ബാധകമായ ഇഎസ്ഐ നൽകുവാനും അനുമതിയായി.
- അടച്ചുപൂട്ടിയ തോട്ടത്തിലെ തൊഴിലാളിയുടെ മരണാനന്തര ആനുകൂല്യം 10,000 രൂപയിൽ നിന്ന് 1,00,000 രൂപയാക്കി വർധിപ്പിച്ചു.
- അപകടത്തിൽ ഭാഗിക വൈകല്യം സംഭവിച്ച അടച്ചുപൂട്ടിയ തോട്ടത്തിലെ തൊഴിലാളിക്ക് 50,000 രൂപയും പൂർണവൈകല്യം സംഭവിച്ച തൊഴിലാളിക്ക് 10,000 രൂപയും എന്ന ആനുകൂല്യം ഏർപ്പെടുത്തി.

### തോട്ടം മേഖലയിൽ തൊഴിൽ സമുച്ചയം

മൂന്നാറിലെ തൊഴിൽ സമുച്ചയത്തിന്റെ നിർമാണം അവസാന ഘട്ടത്തിലാണ്. തോട്ടം തൊഴിലാളികളുടെ പ്രശ്നത്തിന് അതിവേഗം നടപടിയെടുക്കുവാനും വേണ്ട ഇടപെടൽ നടത്തുവാനും ഇത് സഹായകമാവും.

### വരുമാന സഹായ പദ്ധതി

പരമ്പരാഗത തൊഴിലായ മുള, ചൂരൽ, ബീഡി, ഖാദി, കശുവണ്ടി എന്നീ വിഭാഗം തൊഴിലാളികൾക്ക് സാമ്പത്തിക സഹായം സർക്കാർ നൽകി വരുന്നു. ഇതിനായി പ്രത്യേക തുക ബജറ്റിൽ അനുവദിച്ചു.

### തൊഴിലാളികൾക്കായി ബോണസ്

71.78 കോടി രൂപ 2.34 ലക്ഷം തൊഴിലാളികൾക്ക് ബോണസായി ഓണത്തിന് വിതരണം ചെയ്തു. സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിയ പദ്ധതിയായിരുന്നു ഇത്.




## ശാക്തീകരിച്ച തൊഴിൽ നിയമങ്ങൾ

കേരള നിയമസഭ വിപ്ലവകരമായ 9 തൊഴിൽ നിയമങ്ങളാണ് ഈ കാലയളവിൽ പാസാക്കിയത്. കേരള ചുമട്ടു തൊഴിലാളി ആക്ടിലെ ഭേദഗതി, കശുവണ്ടി തൊഴിലാളി ക്ഷേമനിധി ആക്ട്, തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ട് എന്നിവയാണ് ഭേദഗതി ഉണ്ടാകുന്ന മറ്റ് ആക്ടുകൾ.

## റിവോൾവിങ് ഫണ്ട്

മരണപ്പെടുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേക്ക് എത്തിക്കുന്നതിനായി 43 ലക്ഷം അനുവദിച്ചു. അതിൽ 34.47 ലക്ഷം രൂപ വിതരണം ചെയ്തു.

## Advanced Information Interface System (AIIS)

16 ക്ഷേമബോർഡുകൾക്കും കീഴിലുള്ള എല്ലാ തൊഴിലാളികൾക്കുമുള്ള ആനുകൂല്യവും രജിസ്ട്രേഷനും വിതരണത്തിനുമായി പൊതു ഡിജിറ്റൽ പ്ലാറ്റ്ഫോം തൊഴിൽവകുപ്പുമന്ത്രി വി. ശിവൻകുട്ടി നടപ്പിലാക്കി. ഒരു തൊഴിലാളി ഒന്നിലധികം ബോർഡുകളിൽ അംഗത്വമെടുക്കുന്നത് തടയുവാനുള്ള സംവിധാനവും ബോർഡിലേക്കുള്ള തുകയും അംശദായവും ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യവും ഒരുങ്ങിക്കഴിഞ്ഞു.

## നിർധനരായ തൊഴിലാളിക്ക് ചെലവുകുറഞ്ഞ പാർപ്പിട സൗകര്യം

*ഭവനം പദ്ധതി*

തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് തങ്ങളുടെ ജോലി സ്ഥലത്തിനടുത്തുതന്നെ താമസ സൗകര്യമൊരുക്കുന്നുണ്ട്. ഈ പദ്ധതി തോട്ടം മേഖലയിലെ മൊത്തത്തിലുള്ള പിന്നോക്കാവസ്ഥ കണക്കിലെടുത്താണ് രൂപകല്പന ചെയ്തിരിക്കുന്നത്. Own your Own house എന്ന പദ്ധതി പ്രകാരം 9 വീടുകൾ മൂന്നാറിൽ പൂർത്തിയാക്കി കൈമാറിക്കഴിഞ്ഞു. കുളത്തൂപ്പുഴയിലും വീടുകളുടെ നിർമാണം പൂർത്തിയായിക്കഴിഞ്ഞു. പല സ്ഥലങ്ങളിലായി 34 വീടുകൾ പൂർത്തിയായിവരുന്നു.

*അപ്നാ ഘർ*

അന്യസംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞതും സുരക്ഷിതവുമായ താമസസൗകര്യം അപ്നാ ഘർ പദ്ധതി വഴി നൽകിവരുന്നു. ആദ്യ പദ്ധതിയിൽ 620 കിടക്കകളോടെയാണ് പൂർത്തിയാക്കിയത്. വിവിധ സ്ഥലങ്ങളിലായി 650-ൽപ്പരം വാസസ്ഥലം പൂർണതയിൽ എത്തുകയാണ്.

*ജനനി പദ്ധതി*

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനത്തിന് ജോലി ചെയ്യുന്ന തൊഴിലാളികൾക്കും കുറഞ്ഞ ചെലവിൽ ജനനി പദ്ധതി പ്രകാരം വീടൊരുക്കുന്നു. ഇടുക്കി അടിമാലിയിൽ 217 രണ്ട് ബെഡ്റൂം അപ്പാർട്ട്മെന്റ് പൂർത്തിയായി. എറണാകുളം ജില്ലയിൽ രണ്ടാമത്തെ അപ്പാർട്ട്മെന്റ് അവസാന ഘട്ടത്തിലാണ്.

## ആവാസ്

അന്തർസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ആവാസ്. ആവാസ് പദ്ധതി പ്രകാരം 25,000 രൂപവരെ സർക്കാർ ആശുപത്രികളിലും ചില തെരഞ്ഞെടുത്ത സ്വകാ

തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ അഞ്ച് തൊഴിൽ സൗകര്യകേന്ദ്രങ്ങളും സോഫ്റ്റ്‌വെയറും ആലയ് സ്കീം രജിസ്ട്രേഷനും തൊഴിൽ വകുപ്പ് മന്ത്രി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.
കേരളത്തിൽ സർക്കാർ ഹോസ്റ്റൽ സ്ഥാപിച്ച് അതിഥി തൊഴിലാളികൾക്കുള്ള കെട്ടിടങ്ങളും കെട്ടിട സമുച്ചയങ്ങളും വഴി സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കുക എന്നതാണ് സർക്കാർ നയം. അന്യ സംസ്ഥാന തൊഴിലാളികൾക്ക് പ്രാദേശികമായി ലഭിക്കേണ്ട എല്ലാ സൗകര്യങ്ങളും അതിഥികൾക്കുള്ള ഇൻഷുറൻസ് പദ്ധതി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനായി ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

ര്യ ആശുപത്രിയിലും ചികിത്സാ സഹായം ലഭിക്കും. ഇതിനുപുറമെ ഈ സ്കീം പ്രകാരം മരണമടഞ്ഞ തൊഴിലാളിയുടെ ആശ്രിതർക്ക് രണ്ടു ലക്ഷം രൂപയും അംഗവൈകല്യം ബാധിച്ചവർക്ക് ഒരു ലക്ഷം രൂപ വരെയും ലഭിക്കും.

## ശ്രമിക് ബന്ധു സൗകര്യകേന്ദ്രങ്ങളും എല്ലാ ജില്ലകളിലും ആലയ് രജിസ്ട്രേഷൻ

തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ അഞ്ച് തൊഴിൽ സൗകര്യകേന്ദ്രങ്ങളും സോഫ്റ്റ്‌വെയറും ആലയ് സ്കീം രജിസ്ട്രേഷനും തൊഴിൽ വകുപ്പ് മന്ത്രി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

കേരളത്തിൽ സർക്കാർ ഹോസ്റ്റൽ സ്ഥാപിച്ച് അതിഥി തൊഴിലാളികൾക്കുള്ള കെട്ടിടങ്ങളും കെട്ടിട സമുച്ചയങ്ങളും വഴി സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കുക എന്നതാണ് സർക്കാർ നയം. അന്യസംസ്ഥാന തൊഴിലാളികൾക്ക് പ്രാദേശികമായി ലഭിക്കേണ്ട എല്ലാ സൗകര്യങ്ങളും അതിഥികൾക്കുള്ള ഇൻഷുറൻസ് പദ്ധതി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനായി ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

## ODEPC

ഇന്ത്യയുടെ മാനവ വിഭവശേഷി മറ്റു രാജ്യങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലൂടെ പ്രദർശനങ്ങളും യോഗങ്ങളും നടത്തി. ഒഡെപെക്കിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനും കൂടുതൽ ആളുകൾക്ക് വിദേശത്ത് ജോലി നേടിക്കൊടുക്കുവാനും സാധിക്കും. 90 ലക്ഷം രൂപ ഇതിനായി ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

## അതിഥി തൊഴിലാളികൾക്കായി ക്ഷേമസഹായം അവരുടെ വാതിൽപ്പടിക്കൽ

കോവിഡിന്റെ രണ്ടാം തരംഗത്തിൽ തൊഴിൽവകുപ്പ് രണ്ടു കോടി രൂപയാണ് അന്യസംസ്ഥാന തൊഴിലാളികളുടെ താമസത്തിനും ക്ഷേമത്തിനുമായി വിനിയോഗിച്ചത്. 2,65,013 ഭക്ഷ്യക്കിറ്റുകളാണ് ലേബർ ഓഫീസർമാർ നേരിട്ടെത്തിച്ചുകൊടുത്തത്. 216 ട്രെയിനുകളിലായി 3,07,138 തൊഴിലാളികളെ ഒന്നാം ലോക്ഡൗണിൽ അവരുടെ നാട്ടിലേക്ക് എത്തിച്ചു. ലേബർ ക്യാമ്പുകളിൽ ഓഫീസർമാർ നേരിട്ടെത്തി ബോധവത്കരണക്ലാസും ഭക്ഷണവും താമസ സൗകര്യവും ഒരുക്കി. വിവിധ ഭാഷകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ഹെൽപ് ലൈൻ സംവിധാനം ആരംഭിച്ചു. തൊഴിൽ വകുപ്പ് റെയിൽവേ സ്റ്റേഷനുകളിൽ അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തുന്നതിനായി കിയോസ്കുകളും തുടങ്ങി.

> അന്യസംസ്ഥാന തൊഴിലാളികൾക്ക് വാസ്കിനേഷനുവേണ്ടിയുള്ള സൗകര്യം ഒരുക്കിയിരുന്നു. 5,57,055 അതിഥി തൊഴിലാളികളാണ് കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി രജിസ്റ്റർ ചെയ്തത്. ഇതിനുപുറമെ വിവിധ ക്ഷേമനിധി ബോർഡുകൾക്കായി സർക്കാർ ഭീമമായ തുക അനുവദിക്കുകയും അവ തൊഴിലാളി ക്ഷേമത്തിനായി ഉപയോഗിക്കുകയും ചെയ്തു.

## ഇ.എസ്.ഐ.

2017 മുതൽ സംസ്ഥാനത്ത് ഉടനീളം ഇ.എസ്.ഐ. നിലവിൽ കൊണ്ടുവന്നു. പത്തുലക്ഷത്തിലധികം തൊഴിലാളികൾക്ക് ഇ.എസ്.ഐ. കൊണ്ടുള്ള പ്രയോജനം ലഭിച്ചിട്ടുണ്ട്. നിലവിൽ പത്തനംതിട്ട, മുക്കം, കട്ടപ്പന എന്നീ സ്ഥലങ്ങളിൽ ഇ.എസ്.ഐ. ഡിസ്പെൻസറികളാരംഭിച്ചു. കീമോതെറാപ്പി ചികിത്സാ സൗകര്യം കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

## കോവിഡ് പ്രതിരോധം

അന്യസംസ്ഥാന തൊഴിലാളികൾക്ക് വാസ്കിനേഷനുവേണ്ടിയുള്ള സൗകര്യം ഒരുക്കിയിരുന്നു. 5,57,055 അതിഥി തൊഴിലാളികളാണ് കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി രജിസ്റ്റർ ചെയ്തത്. ഇതിനുപുറമെ വിവിധ ക്ഷേമനിധി ബോർഡുകൾക്കായി സർക്കാർ ഭീമമായ തുക അനുവദിക്കുകയും അവ തൊഴിലാളി ക്ഷേമത്തിനായി ഉപയോഗിക്കുകയും ചെയ്തു.

## ഇ-ശ്രം

സംഘടിത തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ്. കേരളത്തിൽ 58,30,188 ലക്ഷം തൊഴിലാളികൾ രജിസ്റ്റർ ചെയ്യുകയുണ്ടായി.



# നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ കൈവല്യ പദ്ധതി പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 2021–22 കാലയളവിൽ 1005 ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 5,02,50,000 രൂപ (അഞ്ച് കോടി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) പലിശരഹിത വായ്പ അനുവദിച്ചു നൽകി.

അശരണരായ വനിതകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് പലിശരഹിത വായ്പ അനുവദിക്കുന്ന ശരണ്യ പദ്ധതി പ്രകാരം 14 ജില്ലകളിലുമായി 3,586 വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 17,90,00,000 രൂപ പലിശരഹിത വായ്പ അനുവദിച്ചു നൽകി.

മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് നവജീവൻ പദ്ധതി പ്രകാരം 40 ലക്ഷം രൂപ 14 ജില്ലകളിലെ 325 മുതിർന്ന പൗരന്മാർക്ക് നൽകുകയും സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു.

മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ് എന്ന സ്വയം തൊഴിൽ സംയുക്ത പദ്ധതി പ്രകാരം 44 സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിന് 88 തൊഴിൽ രഹിതർക്ക് 66 ലക്ഷം രൂപ സബ്സിഡി അനുവദിച്ച് നൽകി.

വകുപ്പ് മുഖാന്തരം നടപ്പാക്കിവരുന്ന കെസ്റു സ്വയംതൊഴിൽ പദ്ധതികൾ പ്രകാരം 444 തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 79,97,048 രൂപ സബ്സിഡി അനുവദിച്ച് നൽകി.

വകുപ്പിന് കീഴിലെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി. കേരളത്തിലെ തൊഴിലന്വേഷകർക്ക് സ്വകാര്യമേഖലയിൽ ഉണ്ടാകുന്ന തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കൾക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും ത്വരിതഗതിയിൽ ഉദ്യോ



ഗാർത്ഥികളെ ലഭ്യമാക്കുന്നതിനായും കേരള സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ എൻ.ഐ.സി മുഖേന വികസിപ്പിച്ച് വരികയാണ്.

വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും ആയതിന്റെ സംസ്ഥാന ഉദ്ഘാടനം 11.12.2021-ന് തൊഴിൽ വകുപ്പ് മന്ത്രി നിർവ്വഹിക്കുകയും ചെയ്തു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടവും സാമ്പത്തിക മാന്ദ്യവും ഉടലെടുക്കുകയും നിരവധിപ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്ത് തിരിച്ചെത്തുകയും ചെയ്ത പശ്ചാത്തലത്തിൽ പ്രവാസി ക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി പ്രത്യേക വെർചൽ എംപ്ലോയ്മെന്റ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ കരിയർ വികസനവുമായി ബന്ധപ്പെട്ട് അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമഗ്ര തൊഴിൽ പരിശീലനങ്ങളിലൂടെ അവരെ തൊഴിൽ യോഗ്യതയുള്ളവരാക്കുന്നതിന് ലക്ഷ്യംവച്ച് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേന നടത്തിവരുന്ന സമന്വയ പദ്ധതിയിലൂടെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, 62 ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലയിൽ നേരിട്ടെത്തി തൊഴിൽ മാർഗ്ഗനിർദ്ദേശം, സ്വയംതൊഴിൽ പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം, തൊഴിൽ സംബന്ധമായ അറിവ് നൽകൽ, മത്സരപരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ തുടങ്ങിയ ഔട്ട്റീച്ച് മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള കോച്ചിംഗ് കം ഗൈഡൻസ് സെന്റർ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മത്സര പരീക്ഷാ പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു.

വകുപ്പിലെ 11 എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും ഒരു മോഡൽ കരിയർ സെന്റർ മുഖേനയും ഓൺലൈനായും ഓഫ്‌ലൈനായും 297 ജോബ് ഡ്രൈവുകൾ സംഘടിപ്പിക്കുകയും അറിയിക്കപ്പെട്ട 15131 ഒഴിവുകളിൽ 7170 പേർക്ക് ജോബ് ഓഫറുകൾ നൽകുകയും 4031 പേർക്ക് വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് നൽകുകയും ചെയ്തിട്ടുണ്ട്.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ് കാലാനുസൃതമായി പരിഷ്കരിച്ചു സ്മാർട്ട്കാർഡ് നൽകുന്നതിനുള്ള പദ്ധതിയും കേന്ദ്രസർക്കാരുമായി സഹകരിച്ചു കണ്ണൂർ ജില്ലയിൽ ഒരു മോഡൽ കരിയർസെന്റർ ആരംഭിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതനപദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. കൊട്ടാരക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം ഒരു കരിയർ ഡെവലപ്മെന്റ് സെന്റർ 2021 ഡിസംബർ 13 തിങ്കളാഴ്ച ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സ്വകാര്യമേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരു വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തുന്നു. ഈ വർഷം 25,000 പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിൽ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് 14 നിയുക്തി തൊഴിൽ മേളകൾ എല്ലാ ജില്ലകളിലും ഡിസംബർ മുതൽ ജനുവരി 8 വരെ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. 9,585 പേർക്ക് നേരിട്ട് സ്വകാര്യമേഖലയിലെ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുകയും 28,744 പേരെ സ്വകാര്യതൊഴിൽദാതാക്കൾ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2022 മാർച്ച് 31 വരെ ആകെ 29,17,007 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2021 ഏപ്രിൽ ഒന്നു മുതൽ 2022 മാർച്ച് 31 വരെ 2,29,180 പേർ പുതുതായി രജിസ്റ്റർ ചെയ്യുകയും ആകെ 10,015 ഉദ്യോഗാർത്ഥികൾക്ക് ഇക്കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

01.01.2000 മുതൽ 31.08.2021 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനതു സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിനും സർക്കാർ ഉത്തരവിട്ടു. പൊതുജനങ്ങൾക്ക് നൽകിയ ഈ ആനുകൂല്യ പ്രകാരം ഏകദേശം 1,09,000 ഉദ്യോഗാർത്ഥികളുടെ റദ്ദായ രജിസ്ട്രേഷനുകൾ പുതുക്കി നൽകിയിട്ടുണ്ട്.

2021-22 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ ആറു താലൂക്കുകളിലായി ആറ് ഇൻവെസ്റ്റിഗേറ്റർമാരെ നിയോഗിച്ചു കൊണ്ട് നടത്തിയ പെരിപ്പതറ്റിക് സർവ്വേയിൽ പൊതുമേഖലയിൽ 694-ഉം സ്വകാര്യമേഖലയിൽ 596-ഉം പുതിയ തൊഴിൽ സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.





# വ്യാവസായിക പരിശീലന വകുപ്പ്

കിഫ്ബി പദ്ധതി പ്രകാരം ധനുവച്ചപുരം, ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനു പുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ ചാക്ക, ഗവ. ഐ.ടി.ഐ., കോഴിക്കോട് എന്നീ ഐ.ടി.ഐ.കളെ ഇന്റർനാഷണൽ ഐ.ടി.ഐ.കളാക്കി മാറ്റുന്നതിന്റെ ഭാഗമായി ആദ്യഘട്ടനിർമ്മാണ പ്രവർത്തനങ്ങൾക്ക് ചാക്ക ഐ.ടി.ഐയ്ക്ക് 5,23,58,914 രൂപയും കോഴിക്കോട് ഐ.ടി.ഐ.യ്ക്ക് 2,76,25,000 രൂപയും അടക്കം ആകെ 7,99,83,914 രൂപയുടെ ഭരണാനുമതി ലഭ്യമാക്കി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2021-22 വർഷം ഐ.ടി.ഐ.കളെ ഹരിത ക്യാമ്പസുകൾ ആക്കുക എന്ന പദ്ധതിക്കായി ഒരു കോടി രൂപ അനുവദിച്ചിരുന്നു. അതനുസരിച്ച് കഴക്കൂട്ടം (വനിത), ചന്ദനത്തോപ്പ്, ചെന്നീർക്കര, കട്ടപ്പന, ചാലക്കുടി (വനിത), മലമ്പുഴ, വാണിയംകുളം, കോഴിക്കോട്(വനിത), കൽപ്പറ്റ, അരീക്കോട്, പുല്ലൂർ എന്നീ 11 ഐ.ടി.ഐ.കളെ ഹരിത ക്യാമ്പസുകളായി പ്രഖ്യാപിച്ചു. കൂടാതെ സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ.കളെയും ഹരിത ക്യാമ്പസുകളാക്കി മാറ്റുന്ന പ്രവർത്തനം നടന്നുവരുന്നു.

നൈപുണ്യകർമ്മസേന ഒരു സ്ഥിരം സംവിധാനമാക്കുവാൻ സർക്കാർ അനുമതി നൽകുകയും 14 നോഡൽ ഐ.ടി.ഐ.കളെ തുടക്കമെന്ന നിലയിൽ 2020 ഒക്ടോബറിൽ വകുപ്പ് മന്ത്രി നൈപുണ്യകർമ്മസേനയുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ഈ ഐ.ടി.ഐ.കളിലേയ്ക്ക് 06-10-2020 ലെ സ.ഉ (സാധാ) നമ്പർ 1000/20/തൊഴിൽ പ്രകാരം 24,97,950/ രൂപയ്ക്ക് ഉപകരണസംഭരണം നടത്തുവാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 64 ഐ.ടി.ഐ.കളിൽ കൂടി നൈപുണ്യ കർമ്മസേന വ്യാപിപ്പിച്ചിട്ടുണ്ട്. 2018-ൽ കേരളം അഭിമുഖീകരിച്ച മഹാപ്രളയത്തിൽ തകർന്ന വീടുകൾക്കുണ്ടായ ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർപ്പെന്ററി സംബന്ധമായ കേടുപാടുകൾ പരിഹരിക്കുന്നതിന് വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരെയും ട്രെയിനികളെയും ഉൾപ്പെടുത്തി രൂപീകരിച്ച കർമ്മസേന



സ്തുത്യർഹമായ സേവനം നിർവഹിച്ചിരുന്നു. ഈ സേന 4737 വീടുകളിൽ വൈദ്യുതി വിതരണ സംവിധാനവും 1327 വീടുകളിൽ പ്ലംബിംഗ്, ജലവിതരണ സംവിധാനവും പുനഃസ്ഥാപിച്ചു. കൂടാതെ 1079 ഓളം ഇലക്ട്രോണിക്സ്, എയർകണ്ടീഷനിംഗ് ഉപകരണങ്ങളുടെ കേടുപാടുകളും 776 വീടുകളിൽ കാർപ്പെന്ററി കേടുപാടുകളും പരിഹരിച്ചിട്ടുണ്ട്. 2019-ലെ പ്രളയത്തിലും ഈ സേനയുടെ പ്രവർത്തനം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഐ.ടി.ഐ.യിലെ ട്രെയിനികൾക്ക് സൗജന്യ ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തി. ട്രെയിനികൾക്ക് അവരുടെ പരിശീലന കാലയളവിൽ ഉണ്ടാകാൻ സാധ്യതയുള്ള അപകടങ്ങൾക്ക് പരമാവധി 3 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. നിലവിൽ ഐ.ടി.ഐ.യിൽ 30,523 ട്രെയിനികൾ പരിശീലനം നേടുന്നുണ്ട്.

ഐ.ടി.ഐകളിൽ നടക്കുന്ന പരിശീലനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ട്രെയിനികളെ അവരുടെ പരിശീലന മേഖലകളിൽ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ഐ.ടി.ഐ.കളിലും പ്രൊഡക്ഷൻ സെന്റർ/സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൊഡക്ഷൻ സെന്ററുകൾ വഴി ഉത്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങൾക്ക് ITIPS-Kerala (ഐ.ടി.ഐ പ്രൊഡക്ട്സ് & സർവ്വീസ് കേരള) എന്ന ഉത്പന്നനാമം നൽകിക്കൊണ്ട് വിറ്റഴിക്കുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് (വനിത) ഐ.ടി.ഐ.യിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി ബ്യൂട്ടി സൊലൂഷൻസ്, അരീക്കോട് ഐ.ടി.ഐ.യിൽ ഫർണീച്ചർ നിർമ്മാണം, കൊല്ലം ചന്ദനത്തോപ്പ് ബി.റ്റി.സി യിൽ ബേക്കറി ഉൽപ്പന്നങ്ങൾ, സാനിറ്റൈസർ, ഹാൻഡ്‌വാഷ് നിർമ്മാണയൂണിറ്റുകൾ എന്നിവ ഐ.എം.സിയുടെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 9 ഐ.ടി.ഐ.കളിൽകൂടി സർക്കാർ ഫണ്ട് ഉപയോഗിച്ച് പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ ന്യൂട്രീഷ്യൻ, നൂൺമീൽസ് പദ്ധതികൾ തുടരാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 വനിത ഐ.ടി.ഐ.കളിലും പിന്നോക്കം നിൽക്കുന്ന കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിലെ ഐ.ടി.ഐ.കളിലും ഭാഷാന്യൂനപക്ഷ ഐ.ടി.ഐ ആയ പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.യിലും ഉൾപ്പെടെ 31 ഐ.ടി.ഐ.കളിൽ നൂൺമീൽസ് പദ്ധതിയും ആര്യനാട്, നിലമ്പൂർ, അട്ടപ്പാടി എന്നീ ഐ.ടി.ഐ.കളിലെ ഹോസ്റ്റലിൽ താമസിക്കുന്ന ട്രെയിനികൾക്ക് രാവിലെയും രാത്രിയും ഭക്ഷണം നൽകിവരുന്ന പദ്ധതിയും മറ്റ് എല്ലാ ഐ.ടി.ഐ.കളിലും ന്യൂട്രീഷ്യൻ പദ്ധതിയും തുടരാൻ സാധിച്ചിട്ടുണ്ട്.

2021-22 വർഷം ഐ.ടി.ഐ.കളെ ഹരിത ക്യാമ്പസുകൾ ആക്കുക എന്ന പദ്ധതിക്കായി ഒരു കോടി രൂപ അനുവദിച്ചിരുന്നു. അതനുസരിച്ച് കഴക്കൂട്ടം (വനിത), ചന്ദനത്തോപ്പ്, ചെന്നീർക്കര, കട്ടപ്പന, ചാലക്കുടി (വനിത), മലമ്പുഴ, വാണിയംകുളം, കോഴിക്കോട്(വനിത), കൽപ്പറ്റ, അരീക്കോട്, പുല്ലൂർ എന്നീ 11 ഐ.ടി.ഐ.കളെ ഹരിത ക്യാമ്പസുകളായി പ്രഖ്യാപിച്ചു. കൂടാതെ സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ.കളെയും ഹരിത ക്യാമ്പസുകളാക്കി മാറ്റുന്ന പ്രവർത്തനം നടന്നുവരുന്നു.

വകുപ്പിന് കീഴിലുള്ള ആറ്റിങ്ങൽ ഐ.ടി.ഐ.യിൽ വർക്ക്ഷോപ്പ് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ അനുവദിക്കുകയും കെട്ടിടനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഡി.ജി.റ്റി നിർത്തലാക്കിയ ഡ്രൈവർ കം മെക്കാനിക് എന്ന ട്രേഡ് വകുപ്പിന് കീഴിലുളള ഐ.ടി.ഐ ചാത്തന്നൂർ, മയ്യനാട്, കൊട്ടാരക്കര, ആറ്റിങ്ങൽ എന്നീ നാല് സ്ഥാപനങ്ങളിൽ ട്രേഡിന്റെ ആവശ്യകത പരിഗണിച്ച് 8 യൂണിറ്റുകൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

ആശയവിനിമയ വിവരസാങ്കേതിക വിദ്യയുടെ പ്രാധാന്യം ഐ.ടി.ഐയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം-ചാക്ക സർക്കാർ ഐ.ടി.ഐ.യിൽ നൂതന സാങ്കേതിക വിദ്യകളോടെ സജ്ജീകരിച്ച ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT Lab) യാഥാർത്ഥ്യമായി.

സംരംഭകത്വത്തിൽ താൽപര്യമുള്ള ട്രെയിനികൾക്കും ബിസിനസ് ആരംഭിക്കുന്നതിന് താൽപര്യംമുള്ള ട്രെയിനികൾക്കും പരിശീലനം നൽകുന്നതിനും ഭാരത സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും സംയുക്ത സംരംഭമായ ICT Academy-യുമായി വകുപ്പ് MoU ഒപ്പിട്ടിട്ടുണ്ട്. മൂന്ന് ഘട്ടമായി നടത്തുന്ന പരിശീലനത്തിൽ മൂന്നാംഘട്ടത്തിൽ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ട്രെയിനികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മെന്ററിംഗ് ക്ലാസ് നടത്തുന്നതിന് കേരളത്തിലെ 7 ജില്ലകളിൽ ആരംഭിക്കുന്ന പദ്ധതി പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ ഐ.ടി.ഐ.കളിൽ നടത്തുന്നു.

സർക്കാർ ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന ജോബ്ഫെയർ വഴി ധാരാളം കമ്പനികളിൽ തൊഴിൽ കണ്ടെത്തുവാൻ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് അവസരം ലഭിക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും നോഡൽ ഐ.ടി.ഐകളിൽ 08.03.2022 മുതൽ 11.03.2022 വരെ ജോബ് ഫെയർ സംഘടിപ്പിച്ചു. അതിൽ 13497 ട്രെയിനികളും 600 കമ്പനികളും പങ്കെടുക്കുകയുണ്ടായി. 8918 ട്രെയിനികൾ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടപ്പോൾ 2097 പേർക്ക് നിലവിൽ പ്ലേയ്സ്മെന്റ് ലഭിച്ചു.

അപ്രന്റീസ് പരിശീലന പദ്ധതിയിൽ അപ്രന്റീസ് ട്രെയിനികളുടെ എണ്ണം രാജ്യത്ത് ഗണ്യമായി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 18-ന് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 9 ആർ.ഐ സെന്ററുകൾ വഴിയും 5 ഐ.ടി.ഐകൾ വഴിയും അപ്രന്റീസ് മേള നടത്തപ്പെട്ടു. മേളയുടെ ഭാഗമായി 14 ജില്ലകളിലുമായി 338 എസ്റ്റാബ്ലിഷ്മെന്റുകൾ കൂടി കണ്ടെത്തുവാനും 975 കോൺട്രാക്ടുകൾ അപ്രന്റീസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുവാനും കഴിഞ്ഞു. 1345 കോൺട്രാക്ടുകൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു.

സർക്കാർ ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന ജോബ്ഫെയർ വഴി ധാരാളം കമ്പനികളിൽ തൊഴിൽ കണ്ടെത്തുവാൻ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് അവസരം ലഭിക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും നോഡൽ ഐ.ടി.ഐകളിൽ 08.03.2022 മുതൽ 11.03.2022 വരെ ജോബ് ഫെയർ സംഘടിപ്പിച്ചു. അതിൽ 13497 ട്രെയിനികളും 600 കമ്പനികളും പങ്കെടുക്കുകയുണ്ടായി. 8918 ട്രെയിനികൾ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടപ്പോൾ 2097 പേർക്ക് നിലവിൽ പ്ലേയ്സ്മെന്റ് ലഭിച്ചു.





സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ/സ്വകാര്യ SCDD &STDD ഐ.ടി.ഐകളിൽ മികച്ച പരിശീലനം ഉറപ്പാക്കുന്നതിനും ഐ.ടി.ഐകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി വകുപ്പ് 2017-18 ൽ നടത്തിവരുന്ന പദ്ധതിയാണ് 'ഗ്രേഡിംഗ് ഓഫ് ഐ.ടി.ഐ'. ഈ പദ്ധതി പ്രകാരം ഐ.ടി.ഐകൾക്ക് 0 മുതൽ 5 വരെയുള്ള ഗ്രേഡുകൾ കരസ്ഥമാക്കാവുന്നതും 1 മുതൽ 5 വരെ സ്റ്റാർ പദവി ലഭിക്കുന്നതുമാണ്. ഫസ്റ്റ് ഗ്രേഡ് ഐ.ടി.ഐ, സെക്കന്റ് ഗ്രേഡ് ഐ.ടി.ഐ, SCDD/STDD, പ്രൈവറ്റ് ഐ.ടി.ഐ എന്നീ നാല് വിഭാഗങ്ങളിൽനിന്നും ആദ്യ മൂന്ന് സ്ഥാനം കരസ്ഥമാക്കിയ 12 ഐ.ടി.ഐകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

ഐ.ടി.ഐ പരിശീലനാർത്ഥികൾക്ക് അക്കാദമിക് കാലയളവിൽ ആവശ്യമായ പുസ്തകങ്ങൾ സൗജന്യമായി ലഭ്യമാക്കുന്ന ബുക്ക് ബാങ്കിംഗ് പദ്ധതി ഐ.ടി.ഐ കളമശ്ശേരി, ചാലക്കുടി, മാള എന്നീ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. STRIVE പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി വരുംവർഷങ്ങളിൽ ടി പദ്ധതി വിപുലപ്പെടുത്തുന്നതാണ്. കോഴ്സ് കാലാവധി കഴിയുമ്പോൾ ട്രെയിനികൾക്ക് ലഭ്യമാക്കുന്ന പുസ്തകങ്ങൾ തിരികെ ബുക്ക് ബാങ്കിലേയ്ക്ക് ലഭ്യമാക്കുകയാണ് ചെയ്യാറുള്ളത്.

കോഴിക്കോട് ജനറൽ ഐ.ടി.ഐയിൽ 50 കമ്പ്യൂട്ടറോടുകൂടിയ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റുകൾ നിലവിൽ ഓൺലൈൻ സംവിധാനത്തിലാണ് നടത്തിവരുന്നത്. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റുകളും മറ്റ് ഓൺലൈൻ പരീക്ഷകളും നടത്താൻ പ്രാപ്തമായരീതിയിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഐ.ടി.ഐകളിൽ ഏകീകരിക്കപ്പെട്ടതും ഗുണമേൻമയുള്ളതുമായ പരിശീലന സംവിധാനം നടപ്പിലാക്കുന്നതിനും അതുവഴി പരിശീലനാർത്ഥികൾക്ക് ഫലപ്രദവും കാര്യക്ഷമവുമായ പരിശീലനം ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി വകുപ്പിലെ ഐ.ടി.സെൽ രൂപകൽപ്പന ചെയ്ത ഓൺലൈൻ പരിശീലന പഠനവിഭവങ്ങളുടെ ഡിജിറ്റൽ കലവറയാണ് SMILE.

STRIVE പദ്ധതിയുടെ ഭാഗമായി റിസൾട്ട് ഏരിയ 1-ൽ ഉൾപ്പെടുത്തി വകുപ്പിലെ 17 ഐ.ടി.ഐകളിലും 2 സ്വകാര്യ ഐ.ടി.ഐകളിലും നടപ്പിലാക്കിയ OJT (On Job Training) പദ്ധതി പ്രധാന ഫലസൂചകയാണ്. ടി മേഖലയിൽ ഐ.ടി.ഐകളിലെ എൻറോൾമെന്റ് വർദ്ധിപ്പിക്കുക, പഠനത്തോടൊപ്പം തൊഴിൽ പരിശീലനം ലഭ്യമാക്കുക, വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. OJT യുടെ ഭാഗമായി 2021-22 വർഷം 3819 പേർക്ക് വിവിധ വ്യവസായ സ്ഥാപനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ഐ.ടി.ഐകളിൽ ഏകീകരിക്കപ്പെട്ടതും ഗുണമേൻമയുള്ളതുമായ പരിശീലന സംവിധാനം നടപ്പിലാക്കുന്നതിനും അതുവഴി പരിശീലനാർത്ഥികൾക്ക് ഫലപ്രദവും കാര്യക്ഷമവുമായ പരിശീലനം ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി വകുപ്പിലെ ഐ.ടി.സെൽ രൂപകൽപ്പന ചെയ്ത ഓൺലൈൻ പരിശീലന പഠനവിഭവങ്ങളുടെ ഡിജിറ്റൽ കലവറയാണ് SMILE. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പദ്ധതി ഉദ്ഘാടനം ചെയ്യുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

# ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

**സുരക്ഷാഭവൻ, ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ കാര്യാലയം**
മെഡിക്കൽ കോളേജ് പി ഒ, കുമാരപുരം, തിരുവനന്തപുരം-11
ഫോൺ: 0471-2441597
ഇ മെയിൽ: directorate.fab@kerala.gov.in

## 2021-21 കാലയളവിൽ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

### 1. ഒക്കുപേഷണൽ സേഫ്ടി ആന്റ് ഹെൽത്ത് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (OTI), കാക്കനാട്, എറണാകുളം

ട്രേഡ് യൂണിയൻ നേതാക്കൾ, തൊഴിലാളികൾ, സൂപ്പർവൈസർമാർ, മാനേജ്മെന്റ് പ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്കുവേണ്ടി ഇന്ത്യയിൽ തന്നെ രണ്ടാമത്തെ ഒക്കുപേഷണൽ ട്രെയിനിംഗ് ആന്റ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് (OTI) എറണാകുളത്ത് 2020 ഒക്ടോബർ 17 ന് അന്നത്തെ തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈൻ മുഖേന ഉദ്ഘാടനം നിർവ്വഹിച്ചു. മാതൃകാപരമായി പ്രവർത്തനമാരംഭിച്ച സെന്ററിൽ ആധുനിക രീതിയിലുള്ള വീഡിയോ ക്ലാസ്റൂം, ഡിജിറ്റൽ ലൈബ്രറി, സുരക്ഷിതത്വ ഉപകരണങ്ങളുടെയും സുരക്ഷാമോഡലുകളുടെയും പ്രത്യേക എക്സിബിഷൻ സെന്റർ എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.





### 2. മാതൃകാ ഓഫീസുകൾ

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ സ്വന്തമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളെയും ആധുനിക സൗകര്യങ്ങളോടുകൂടിയ മാതൃകാ ഓഫീസുകളാക്കി (Model Offices) മാറ്റാൻ സാധിച്ചു.

### 3. റിമോട്ട് സെൻസിംഗ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം (ROCERS)

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അപകട തീവ്രത കൂടിയ ഫാക്ടറികളിൽ വിഷവാതകച്ചോർച്ച, തീപിടുത്തം, പൊട്ടിത്തെറി തുടങ്ങിയ വ്യാവസായിക ദുരന്തങ്ങൾ ഉണ്ടായാൽ ജിയോ സ്പെഷ്യൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സമീപവാസികൾക്കും മറ്റ് ദുരന്തനിവാരണ ഏജൻസികൾക്കും ജാഗ്രതാസന്ദേശം മൊബൈൽ ആപ്ലിക്കേഷൻ വഴിയും അല്ലാതെയും മുൻകൂട്ടി നൽകുന്ന റിമോട്ട് സെൻസിംഗ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം (ROCERS) നടപ്പിലാക്കുന്നതിന്റെ ഭാഗമായി NRSA, ഹൈദരാബാദ്, IGCAR, കൽപാക്കം, തമിഴ്നാട് എന്നിവരുമായി ചേർന്ന് ധാരണാപത്രം ഒപ്പിട്ട് തുടർപ്രവർത്തനങ്ങൾ ആരംഭിച്ചു.

### 4. സുരക്ഷാജാലകം മാഗസിൻ

2020–21 കാലയളവിൽ സുരക്ഷാ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചതിന്റെ ഭാഗമായി സുരക്ഷാജാലകം എന്ന പേരിൽ വകുപ്പിൽ ആദ്യമായി മാഗസിൻ പ്രസിദ്ധീകരിച്ചു.



### 5. ആരോഗ്യ സുരക്ഷിതത്വ പരിശീലന അവബോധ പരിപാടികൾ

#### a. സുരക്ഷാരഥം മുഖാന്തരം

വകുപ്പിന്റെ സുരക്ഷാരഥം എന്ന മൊബൈൽ പരിശീലന വാഹനം ഉപയോഗിച്ച് ഫാക്ടറികളിൽ 2020–21 കാലയളവിൽ 20 വ്യവസായ ശാലകളിലെ തൊഴിലാളികൾക്കും സൂപ്പർവൈസർമാർക്കും സുരക്ഷിതത്വ ആരോഗ്യ വിഷയങ്ങളിൽ പരിശീലനം നൽകി. സംസ്ഥാനത്തെ വിവധ ജില്ലകളിലെ സ്കൂൾ കുട്ടികൾക്കായി 2020–21 കാലയളവിൽ 40 സ്കൂളുകളിലും കൂടാതെ സർക്കാർ ഐ.റ്റി.ഐ, പോളിടെക്നിക്ക് കോളേജ് എന്നിവിടങ്ങളിലും സുരക്ഷിതത്വ ആരോഗ്യവിഷയങ്ങളിൽ കാലിക പ്രാധാന്യമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

### 6. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചുള്ള പ്രവർത്തനങ്ങൾ

സംസ്ഥാന സർക്കാരിന്റെ നയപരിപാടിയായ 'ഖരമാലിന്യ സംസ്കരണം പദ്ധതി' നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള കൊല്ലം, എറണാകുളം മേഖലാ ഓഫീസുകളിൽ 2020–21 കാലയളവിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

### 7. ഡയറക്ടറേറ്റിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ വീഡിയോ കോൺഫറൻസ് ഹാൾ

വകുപ്പിന്റെ പ്രവർത്തങ്ങൾ കൂടുതൽ കാര്യക്ഷമവും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും വേണ്ടി നൂതനമാതൃകയിലുള്ള വീഡിയോ കോൺഫറൻസ് ഹാളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2020–21 കാലയളവിൽ നടത്തി.

### 8. APSS (ആക്സിഡന്റ് പ്രിവൻഷൻ ത്രൂ സേഫ്റ്റി സർവീലൻസ്) പദ്ധതി

2030–ഓടെ വ്യവസായശാലകളെ അപകടരഹിത തൊഴിൽജന്യരോഗമുക്തമാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടിയുള്ള APSS പദ്ധതിപ്രകാരം ഏറ്റവും അധികം അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന 'Stone Crusher' യൂണിറ്റുകളിൽ പഠനം പൂർത്തിയാക്കി അപകടം ഒഴിവാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഫാക്ടറി റൂൾസിൽ ഭേദഗതി കൊണ്ടുവരികയും 'Stone Crusher' യൂണിറ്റുകളിലെ തൊഴിലാളികൾക്കും മാനേജ്മെന്റിനുമായി തിരുവനന്തപുരത്തെ മൂക്കുന്നിമലയിലും പത്തനംതിട്ടയിലെ കോന്നിയിലും കോഴിക്കോട്ടെ പേരാമ്പ്രയിലും മൂന്ന് ആരോഗ്യ സുരക്ഷിതത്വ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.




# ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്

അദ്ധ്വാന വർഗത്തിന്റെയും അവരുടെ ആശ്രിതരുടെയും ആരോഗ്യപരമായ സുരക്ഷ ഉറപ്പുവരുത്തുന്നതിനും തൊഴിൽ ചെയ്ത് പണം സമ്പാദിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും രൂപീകരിച്ചിട്ടുള്ള ഒരു സമഗ്ര സുരക്ഷാപദ്ധതിയാണ് ഇ.എസ്.ഐ പദ്ധതി. കേരളത്തിലെ ഇ.എസ്.ഐ പദ്ധതിയിൽ ഇൻഷ്വർ ചെയ്ത ഗുണഭോക്താക്കളുടെ ആരോഗ്യ പരിരക്ഷ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് വഴി കേരള സർക്കാർ നടപ്പാക്കിവരുന്നു. തുടക്കത്തിൽ ആരോഗ്യവകുപ്പിന്റെ ഭാഗമായി പ്രവർത്തിച്ചു വന്നിരുന്നുവെങ്കിലും പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും പ്രവർത്തിപഥത്തിൽ എത്തിക്കുവാനായി 1985 ഏപ്രിൽ 1-ന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് എന്ന പേരിൽ ഒരു വകുപ്പ് രൂപീകൃതമായി. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ കീഴിൽ 9 ഇ.എസ്.ഐ ആശുപത്രികളും 145 ഇ.എസ്.ഐ ഡിസ്പെൻസറികളും നിലവിലുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ ഐപി (Insured Person) കൾക്കും അവരുടെ കുടുംബാംഗങ്ങള്ക്കും ആവശ്യമായ മരുന്നുകൾ കൃത്യമായി വിതരണം ചെയ്യുന്നതിന് 80 കോടി രൂപ ചെലവഴിച്ചു. ഈ ഇനത്തിൽ പ്രത്യേക അപേക്ഷ പ്രകാരം വില കൂടിയ ജീവൻരക്ഷാ മരുന്നുകളും ഉപകരണങ്ങളും വാങ്ങി നൽകി. ഡിസ്പെൻസറി മുഖാന്തരം 11.5 കോടി രൂപയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഐപികൾക്ക് നൽകിയതിന് പുറമെ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് ഇനത്തിൽ 25 കോടി രൂപയും ചെലവഴിച്ചു. ഇവയിൽ ഭൂരിഭാഗവും കോവിഡ് ചികിത്സയുടേതാണ്. ഇ.എസ്.ഐ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ആകെ 117 കോടി രൂപയുടെ സേവനമാണ് വകുപ്പിലൂടെ നൽകിയത്.

പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിന്റെ ഭാഗമായി പേരൂർക്കട, ആലപ്പുഴ, വടവാതൂർ, എറണാകുളം, ഒളരിക്കര, ഫറോക്ക്, ഇ.എസ്.ഐ ആശുപത്രികളിൽ ലെവൽ 1 IC യൂണിറ്റുകളും ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീ





മോതെറാപ്പി യൂണിറ്റും സജ്ജമാക്കി മുളങ്കുന്നത്തുകാവ്, തോട്ടട, പാലക്കാട്, ഇ.എസ്.ഐ ആശുപത്രികളിൽ ലെവൽ 1 ഐസി യൂണിറ്റുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിലും വാർഷികപദ്ധതികളിലുമായി അഞ്ചു കോടി രുപയുടെ വികസനമാണ് വകുപ്പിൽ നടപ്പാക്കിയത്.

2021 മാർച്ച് വരെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് നൽകാനായി 50 ഓളം സ്ഥാപനങ്ങളെ എംപാനൽ ചെയ്തിരുന്നു. അതുകൂടാതെ എംപാനൽമെന്റിനായി അപേക്ഷ നൽകിയിരുന്ന സ്ഥാപനങ്ങളിൽ എംപാനൽ ചെയ്യാൻ അർഹമാണെന്ന് കണ്ടെത്തിയിട്ടുള്ള 15 സ്ഥാപനങ്ങൾകൂടി ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സ്പെഷ്യാലിറ്റി ചികിത്സകൾ നൽകാനായി എംപാനൽ ചെയ്തിട്ടുണ്ട്.

ഇ.എസ്.ഐ.യിൽ അംഗമായ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും സ്പെഷ്യാലിറ്റി റഫറൻസുകൾ നിലവിൽ മാനുവലായിയാണ് നൽകുന്നത്. എം പാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്കുള്ള സ്പെഷ്യാലിറ്റി റഫറൻസുകളുടെ സുഗമമായ നടത്തിപ്പിനും പേയ്മെന്റ് പ്രോസസ്സിംഗ് വേഗത്തിലാക്കാനുമായി ഓൺലൈൻ ബിൽ പ്രോസസ്സിംഗ് രീതിയിലേക്ക് മാറുന്നതിനും UTIITSL എന്ന ഓൺലൈൻ ഏജൻസിയെ പരിഗണിക്കുന്നുണ്ട്.

തൃശ്ശൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. പി. ബാലചന്ദ്രന്റെ Special Development Fund for the Members of Assembly of Government of Kerala എന്ന സ്കീമിൽ നിന്നും നിർദ്ദേശിച്ച purchase of Traveller Ambulance to ESI hospital Olarikkara-Thrissur LAC എന്ന പ്രവർത്തനംവഴി 23,58,304 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള FORCE TRAVELLER AMBULANCE BSVI 3350 ACPS D TYPE TUBELESS TYRES, SCOOP STRE, SPINE BOARD & WHEEL CHAIR എന്ന വാഹനം ജെം പോർട്ടൽ വഴി ഒളരിക്കര ഇഎസ്ഐ ആശുപത്രിക്ക് വാങ്ങിനൽകിയിരുന്നു.

2021–22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 75,21,896 (എഴുപത്തി അഞ്ചു ലക്ഷത്തി ഇരുപത്തിഒന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പയ്യന്നൂർ, പുതിയറ, ചക്കോരത്തുകുളം തുടങ്ങിയ ഡിസ്പെൻസറികൾ പുതിയ കെട്ടിടം കണ്ടെത്തി പ്രവർത്തനം മാറി. മൈലം, ചാവക്കാട്, കുന്നംകുളം, ഇരിങ്ങാലക്കുട എന്നീ ഡിസ്പെൻസറികൾക്ക് ഇ.എസ്.ഐ കോർപ്പറേഷൻ പുതിയ കെട്ടിടം കണ്ടെത്തി നൽകിയിട്ടുണ്ട്. ഈ ഡിസ്പെൻസറികൾ പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിന്റെ ഭാഗമായി പേരൂർക്കട, ആലപ്പുഴ, വടവാതൂർ, എറണാകുളം, ഒളരിക്കര, ഫറോക്ക്, ഇ.എസ്.ഐ ആശുപത്രികളിൽ ലെവൽ 1 IC യൂണിറ്റുകളും ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റും സജ്ജമാക്കി. മുളങ്കുന്നത്തുകാവ്, തോട്ടട, പാലക്കാട്, ഇ.എസ്.ഐ ആശുപത്രികളിൽ ലെവൽ 1 ഐസി യൂണിറ്റുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിലും വാർഷികപദ്ധതികളിലുമായി അഞ്ചുകോടി രുപയുടെ വികസനമാണ് വകുപ്പിൽ നടപ്പാക്കിയത്.

# ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ODEPC)

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ്, കഴിഞ്ഞ നാല് പതിറ്റാണ്ടായി വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്കും വിദഗ്ധരും അവിദഗ്ധരും അർദ്ധവിദഗ്ധരുമായ തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽമേഖലകൾ കണ്ടെത്തി ചുരുങ്ങിയ ചെലവിൽ അവരെ ജോലികളിൽ നിയോഗിക്കുക എന്നതാണ് ഈ പൊതുമേഖലാസ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. അയാട്ടാ അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷനും ഒഡെപെക്കിന് കീഴിൽ പ്രവർത്തിക്കുന്നു. വിദേശ റിക്രൂട്ട്മെന്റ്, എയർടിക്കറ്റിംഗ് എന്നീ മേഖലകൾക്കു പുറമെ പാക്കേജ്ഡ് ടൂർ, ട്രെയിനിംഗ്, സ്റ്റഡി എബ്രോഡ് എന്നീ മേഖലകളിൽ കൂടി ഒഡെപെക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. പത്ത് വർഷത്തോളമായി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പത്ത് ലക്ഷം രൂപ ലാഭവിഹിതമായി സംസ്ഥാന സർക്കാരിന് നൽകുകയുണ്ടായി.

നാളിതുവരെ പതിനായിരത്തോളം റിക്രൂട്ട്മെന്റുകളാണ് ഒഡെപെക് മുഖേന വിവിധ രാജ്യങ്ങളിലേക്ക് നടന്നിട്ടുള്ളത്. നഴ്സ്, ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ, എൻജിനീയർ, ടീ










ച്ചർ തുടങ്ങി വിവിധ വിഭാഗം ജീവനക്കാരെ ഗൾഫ്‌രാജ്യങ്ങൾ, മാൽദ്വീപ്, യു.കെ., അയർലണ്ട് തുടങ്ങി വിവിധ രാജ്യങ്ങളിലേക്ക് നിയമിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിക്കിടയിൽ പോലും 2021-22 സാമ്പത്തികവർഷത്തിൽ 475 പേർക്ക് വിവിധ വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടിക്കൊടുക്കാൻ ഒഡെപെകിന് കഴിഞ്ഞു. 2019-ൽ ആരംഭിച്ച യു.കെ. റിക്രൂട്ട്മെന്റ് പ്രോഗ്രാം മുഖേന 542 നഴ്സുമാർക്ക് യു.കെ.യിലെ വിവിധ ട്രസ്റ്റ് ആശുപത്രികളിൽ തൊഴിൽ ലഭിക്കുകയുണ്ടായി. കൂടാതെ 2021 ഡിസംബർ മുതൽ യു.കെ.യിലേക്ക് റേഡിയോഗ്രാഫർമാരുടെ റിക്രൂട്ട്മെന്റും ഒഡെപെക് ആരംഭിച്ചിട്ടുണ്ട്.

ഒഡെപെകിന്റെ എടുത്തുപറയാവുന്ന മറ്റൊരു നേട്ടമാണ് ബെൽജിയത്തിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ്. മുൻകാലങ്ങളിൽ ഒരുപാട് തൊഴിൽ തട്ടിപ്പുകൾ നടന്നിട്ടുള്ള മേഖലയാണ് ബെൽജിയത്തിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ്. ഈ ചൂഷണത്തിൽ നിന്നും നഴ്സുമാരെ രക്ഷിക്കുന്നതിനായി ആരംഭിച്ച ഒരു സംയുക്ത സംരംഭമാണ് ഒഡെപെകും ബെൽജിയത്തിൽ നിന്നുള്ള ഡിഗ്നിറ്റാസ് കൺസോർഷ്യവും കൊച്ചിയിലെ ലൂർദ് ആശുപത്രിയും ചേർന്നുള്ള അറോറ എന്ന പദ്ധതി. തികച്ചും സുതാര്യമായ രീതിയിലൂടെ ആയിരുന്നു ഇതിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തത്. തെരഞ്ഞെടുക്കപ്പെട്ട 22 നഴ്സുമാരും 6 മാസം കോവിഡ് പ്രോട്ടോകോൾ പാലിച്ച് ബയോ ബബിൾ സംവിധാനത്തിൽ ഡച്ച് ഭാഷാ പരിശീലനവും തുടർന്ന് വിസാ നടപടികളും പൂർത്തിയാക്കി 2022 മാർച്ച് മാസത്തിൽ ബെൽജിയത്തിലേക്ക് യാത്രതിരിച്ചു.

ഒഡെപെകിന്റെ എടുത്തുപറയാവുന്ന മറ്റൊരു നേട്ടമാണ് ബെൽജിയത്തിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ്. മുൻകാലങ്ങളിൽ ഒരുപാട് തൊഴിൽ തട്ടിപ്പുകൾ നടന്നിട്ടുള്ള മേഖലയാണ് ബെൽജിയത്തിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ്. ഈ ചൂഷണത്തിൽ നിന്നും നഴ്സുമാരെ രക്ഷിക്കുന്നതിനായി ആരംഭിച്ച ഒരു സംയുക്ത സംരംഭമാണ് ഒഡെപെകും ബെൽജിയത്തിൽ നിന്നുള്ള ഡിഗ്നിറ്റാസ് കൺസോർഷ്യവും കൊച്ചിയിലെ ലൂർദ് ആശുപത്രിയും ചേർന്നുള്ള അറോറ എന്ന പദ്ധതി. തികച്ചും സുതാര്യമായ രീതിയിലൂടെ ആയിരുന്നു ഇതിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തത്. തെരഞ്ഞെടുക്കപ്പെട്ട 22 നഴ്സുമാരും 6മാസം കോവിഡ് പ്രോട്ടോകോൾ പാലിച്ച് ബയോ ബബിൾ സംവിധാനത്തിൽ ഡച്ച് ഭാഷാ പരിശീലനവും തുടർന്ന് വിസാ നടപടികളും പൂർത്തിയാക്കി 2022 മാർച്ച് മാസത്തിൽ ബെൽജിയത്തിലേക്ക് യാത്രതിരിച്ചു.

ഇതുകൂടാതെ ജർമ്മനിയിലേക്ക് നഴ്സുമാർക്കുള്ള സൗജന്യ റിക്രൂട്ട്മെന്റും ഒഡെപെക് മുഖേന ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ജർമ്മൻ ഭാഷയിൽ ഓൺലൈൻ, ഓഫ്‌ലൈൻ കോഴ്സുകളും ഒഡെപെക് ആരംഭിച്ചു കഴിഞ്ഞു. ഓഫ്‌ലൈൻ കോഴ്സിൽ പ്രവേശനം നേടുന്ന ആദ്യത്തെ 50 പേർക്ക് 10000 രൂപ വീതവും അതിനുശേഷം 5000 രൂപ വീതവും മാസംതോറും സ്റ്റൈപ്പന്റ് നൽകുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി സൗജന്യ പരിശീലനവും സൗജന്യറിക്രൂട്ട്മെന്റുമാണ് ഈ പദ്ധതിമുഖേന ഒരുക്കിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി നടന്ന സംസ്ഥാനതല ക്യാമ്പയിൻ ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ.ശിവൻകുട്ടി മാർച്ച് 22-ന് തിരുവനന്തപുരം ഹോട്ടൽ അപ്പോളോ ഡിമോറയിൽ നടന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി.



മറ്റൊരു പുതിയ പദ്ധതിയാണ് ക്രൂസ്ഷിപ്പുകളിലേക്കുള്ള നിയമനം. ഐ.സി.യു, എമർജൻസി എന്നീ മേഖലകളിൽ മൂന്നുവർഷം പ്രവൃത്തിപരിചയമുള്ള ഡോക്ടർ, നഴ്സ്, ഹെൽത്ത് കെയർ അസിസ്റ്റന്റ് എന്നിവർക്കാണ് ഈ പദ്ധതി മുഖേന തൊഴിലവസരമൊരുക്കിയിട്ടുള്ളത്.



ഗൾഫ് രാജ്യങ്ങളിലേയും യൂറോപ്യൻ രാജ്യങ്ങളിലേയും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പാകപ്പെടുത്തിയെടുക്കുന്നതിനായി പ്രത്യേക ട്രെയിനിംഗ് വിഭാഗം കഴിഞ്ഞ രണ്ട് വർഷമായി ഒഡെപെകിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും അങ്കമാലിയിലും കോഴിക്കോട്ടും കൂടാതെ ഡൽഹിയിലുമാണ് ഒഡെപെകിന്റെ പരിശീലനകേന്ദ്രങ്ങൾ ഉള്ളത്. IELTS/OET പരിശീലനത്തിനു പുറമേ ഇപ്പോൾ ജർമ്മൻ, ഡച്ച്, ഭാഷാപരിശീലനങ്ങളും ആരംഭിച്ചുകഴിഞ്ഞു. വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും മറ്റും സൗകര്യമൊരുക്കുന്ന പുതിയ ഓൺലൈൻ പ്ലാറ്റ്ഫോമും ഒരുങ്ങിയിട്ടുണ്ട്.

1990-ൽ പ്രവർത്തനമാരംഭിച്ച അയാട്ടാ അംഗീകാരമുള്ള ട്രാവൽ ഡിവിഷൻ വഴി രാജ്യത്തിനകത്തും പുറത്തുമുള്ള വിമാനയാത്രയ്ക്ക് ടിക്കറ്റുകൾ ലഭ്യമാണ്. സംസ്ഥാന മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, ഒഡെപെക് വഴിവിദേശ ഉദ്യോഗം ലഭിച്ചവർ തുടങ്ങിയവരെല്ലാം ഈ ട്രാവൽ ഡിവിഷന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. റഷ്യ-യുക്രൈൻ യുദ്ധപശ്ചാത്തലത്തിൽ യുക്രൈനിൽനിന്നും വിദ്യാർത്ഥികളെ തിരികെ നാട്ടിലെത്തിക്കുന്നതിനായി ഒഡെപെകിന്റെ ട്രാവൽ വിഭാഗത്തിന്റെ സേവനമാണ് സംസ്ഥാന സർക്കാർ പ്രയോജനപ്പെടുത്തിയത്.

മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ മേഖലകളിലേക്കുകൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റഡി എബ്രോഡ് എന്ന പുതിയ പദ്ധതികൂടി ഒഡെപെക് ആവിഷ്കരിച്ചിട്ടുണ്ട്. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ വിദ്യാർത്ഥികൾ യു.എസ്.എ., കാനഡ, ഓസ്ട്രേലിയ, യു.കെ., ന്യൂസിലണ്ട്, ചെക്, ഉക്രെയിൻ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ പഠിച്ച് ഉന്നതബിരുദവും ബിരുദാനന്തരബിരുദവും കൈവശമാക്കുന്നതിനും തുടർന്ന് അവർക്ക് ഉന്നതജോലി ഉറപ്പാക്കുന്നതിനുമായിട്ടുള്ളതാണ് ഈ പദ്ധതി.

ഇന്ത്യയിലെ, പ്രത്യേകിച്ച് കേരളത്തിലെ, ചികിത്സാസൗകര്യങ്ങൾക്ക് ലോകമെമ്പാടുമുള്ള സ്വീകാര്യത മുൻനിർത്തി മെഡിക്കൽ ടൂറിസം പദ്ധതി, ഇന്ത്യയിൽനിന്നും വിദേശത്തേക്ക് കുടിയേറാനാഗ്രഹിക്കുന്നവർക്കായി വിവിധ മൈഗ്രേഷൻ പദ്ധതികൾ, വിദഗ്ദ്ധരും അർദ്ധവൈദഗ്ധ്യമുള്ളവരുമായ തൊഴിലാളികൾക്ക് ഓസ്ട്രേലിയയിൽ തൊഴിൽ നേടാൻ സഹായിക്കുന്ന Northern Territory Designated Area Migration Agreement (NT DAMA) എന്നിവയാണ് ഒഡെപെകിന്റെ ഭാവിപദ്ധതികൾ.

# കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

തൊഴിൽശേഷിയും നൈപുണ്യവും കാര്യക്ഷമതയും മത്സരാടിസ്ഥാനത്തിലുള്ള നിലവാരവും പ്രോത്സാഹിപ്പിക്കുന്നതിനും അതിനനുയോജ്യമായ സ്ഥാപനങ്ങൾ ആരംഭിക്കുകയും അവയെ നിരീക്ഷിക്കുകയും കാര്യനിർവഹണം നടത്തുകയും ചെയ്യുന്നതിന് ആവശ്യമായ അക്കാദമിക തലത്തിലുള്ള പരിശീലന പദ്ധതികൾ നടപ്പിലാക്കുക, സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളേയും ഏകീകരിച്ച് സുദൃഢമായ വ്യാവസായികബന്ധം ഉറപ്പുവരുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുമായും നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുടെ ഏകജാലകമായി നിലകൊള്ളുക എന്നതാണ് സംസ്ഥാന നൈപുണ്യ വികസനമിഷനായ KASE ന്റെ പ്രവർത്തനലക്ഷ്യം. പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്.

### ജില്ലാതല തൊഴിൽ മേള

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന 'SANKALP' പദ്ധതിയുടെ ഭാഗമായി കെയ്സിന്റെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ നൈപുണ്യ സമിതിയുടെയും സഹായത്തോടെ എല്ലാ ജില്ലകളിലും തൊഴിൽമേളകൾ സംഘടിപ്പിച്ചു. തൊഴിൽമേളയുടെ ഭാഗമായി 14 ജില്ലകളിലായി 19,806 ഉദ്യോഗാർത്ഥി





കൾ പങ്കെടുക്കുകയും ഇതിൽ 3,233 ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് നിയമനം നൽകുവാനും സാധിച്ചു. ഇതിനുപുറമെ 10,000ത്തോളം ഉദ്യോഗാർത്ഥികൾക്ക് ചുരുക്കപ്പട്ടികയിൽ ഇടംപിടിക്കുകയും ചെയ്തു. ഇവരുടെ സെലക്ഷൻ പ്രക്രിയ പൂർത്തീകരിച്ചു വരുന്നു.

### മികവിന്റെ കേന്ദ്രം & അക്രഡിറ്റഡ് സെന്റർ

കെയ്സിന്റെ നഴ്സിങ് മേഖലയിലെ മികവിന്റെ കേന്ദ്രമായ Nursing Institute of Career Enhancement (NICE)-മുഖേന 155 പേർക്ക് പരിശീലനം നൽകുകയും 107 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. കെയ്സിന്റെ ഓയിൽ & ഗ്യാസ് മേഖലയിലെ മികവിന്റെ കേന്ദ്രമായ ESPOIR മുഖേന 170 പേർക്ക് പരിശീലനം നൽകുകയും ഇതിൽ 122 പേർക്ക് വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെ ഉയർന്ന വേതനത്തിൽ തൊഴിൽ നൽകുവാൻ ഇതിനകം സാധിച്ചു. കെയ്സിന്റെ നിർമ്മാണമേഖലയിലെ മികവിന്റെ കേന്ദ്രമായ Indian Institute of Infrastructure and Construction (IIIC)-യിലൂടെ 231 പേർക്ക് പരിശീലനം നൽകുകയും 28 പേർക്ക് തൊഴിൽ നൽകുവാനും കഴിഞ്ഞിട്ടുണ്ട്. കെയ്സിന്റെ ഭാഷാപരിശീലനത്തിലെ മികവിന്റെ കേന്ദ്രമായ

> തൊഴിൽശേഷിയും നൈപുണ്യവും കാര്യക്ഷമതയും മത്സരാടിസ്ഥാനത്തിലുള്ള നിലവാരവും പ്രോത്സാഹിപ്പിക്കുന്നതിനും അതിനനുയോജ്യമായ സ്ഥാപനങ്ങൾ ആരംഭിക്കുകയും അവയെ നിരീക്ഷിക്കുകയും കാര്യനിർവഹണം നടത്തുകയും ചെയ്യുന്നതിന് ആവശ്യമായ അക്കാദമിക തലത്തിലുള്ള പരിശീലന പദ്ധതികൾ നടപ്പിലാക്കുക, സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളേയും ഏകീകരിച്ച് സുദൃഢമായ വ്യാവസായികബന്ധം ഉറപ്പുവരുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുമായും നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുടെ ഏകജാലകമായി നിലകൊള്ളുക എന്നതാണ് സംസ്ഥാന നൈപുണ്യ വികസനമിഷനായ KASE ന്റെ പ്രവർത്തനലക്ഷ്യം.

Multi- Language Learning Centre-ലൂടെ 31 പേർക്ക് പരിശീലനം നൽകുകയും 8 പേർക്ക് തൊഴിൽ നൽകുവാനും കഴിഞ്ഞിട്ടുണ്ട്. കെയ്സിന്റെ Occupational English Test (OET) പരീക്ഷാകേന്ദ്രമായ Occupational Training and Examination Centre (OTEC)യിലൂടെ 114 പേർ OET പരീക്ഷ എഴുതുകയുണ്ടായി. കായികമേഖലയിൽ കെയ്സിന്റെ അക്രഡിറ്റഡ് കോഴ്സ് നൽകുന്ന സ്ഥാപനമായ Sports Management Research Institute (SMRI)യിലൂടെ 24 പേർക്ക് പരിശീലനം നൽകുകയും 5 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. എഞ്ചിനീയറിങ് മേഖലയിൽ KASE-ന്റെ അക്രഡിറ്റഡ് സെന്ററായ സ്ഥാപനമായ Blitz Academy മുഖേന 161 പേർക്ക് പരിശീലനം നൽകുകയും ആയതിൽ 103 പേർക്ക് തൊഴിൽ നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

### പിഎംകെവിവൈ (PMKVY) പദ്ധതി

നൈപുണ്യ വികസന പദ്ധതികളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സംസ്ഥാനത്തു നടപ്പിലാക്കുന്ന വരുന്ന പദ്ധതിയാണ് പ്രധാൻമന്ത്രി കൗശൽ വി



കാസ് യോജന. ഈപദ്ധതിയുടെ ഭാഗമായി ഷോർട് ടെം ട്രെയിനിംഗ് കോഴ്സുകളും നിലവിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്ന വ്യക്തികൾക്ക് നൈപുണ്യ വികസനം നടപ്പിലാക്കുന്നതിനായി Recognition of Learning (RPL) കോഴ്സുകളും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ 1517 പേർക്ക് ട്രെയിനിങ് നൽകുകയും ഇതിൽ 960 പേർ സർട്ടിഫൈഡ് ആവുകയും ചെയ്തു. ഇവരിൽ 86 പേർക്ക് പ്ലേസ്മെന്റ് ലഭിക്കുകയും ചെയ്തു.

## സ്കിൽ രജിസ്ട്രി

ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് തൊഴിൽ വൈദഗ്ധ്യമുള്ളവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുവാൻ ഉതകുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ 'സ്കിൽ രജിസ്ട്രി' എന്ന പേരിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ലൂടെ പ്രവർത്തനസജ്ജമാക്കി. തൊഴിൽ വൈദഗ്ധ്യമുള്ളവരെ സർവീസ് പ്രൊവൈഡർ ആയും ഇവരുടെ സേവനം ആവശ്യമുള്ളവരെ കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഗൂഗിൾ പ്ലേസ്റ്റോറിൽനിന്ന് സൗജന്യമായി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ അപ്ലിക്കേഷന്റെ എറണാകുളം ജില്ലയിലെ പ്രചാരണപരിപാടികൾ എറണാകുളം ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കി.ഇതിലൂടെ കൂടുതൽ സർവീസ് പ്രൊവൈഡർമാരുടെ രജിസ്ട്രേഷൻ വർദ്ധിപ്പിക്കുവാനും പൊതുജനങ്ങളിലേക്ക് അപ്ലിക്കേഷന്റെ ഉപയോഗം എത്തിക്കാനും സാധിച്ചു.

> ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് തൊഴിൽ വൈദഗ്ധ്യമുള്ളവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുവാൻ ഉതകുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ 'സ്കിൽ രജിസ്ട്രി' എന്ന പേരിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിലൂടെ പ്രവർത്തനസജ്ജമാക്കി. തൊഴിൽ വൈദഗ്ധ്യമുള്ളവരെ സർവീസ് പ്രൊവൈഡർ ആയും ഇവരുടെ സേവനം ആവശ്യമുള്ളവരെ കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്ന് സൗജന്യമായി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ അപ്ലിക്കേഷന്റെ എറണാകുളം ജില്ലയിലെ പ്രചാരണപരിപാടികൾ എറണാകുളം ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കി.

## സങ്കൽപ്പ്

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നൈപുണ്യ വികസന പദ്ധതികളുടെ നിലവാരം ഉയർത്തുന്നതിനും സംസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിവിധ നൈപുണ്യ വികസന പദ്ധതികളുടെ കൺവെർജെൻസ് നടപ്പിലാക്കുന്നതിനും നൈപുണ്യ വികസന പദ്ധതികളുടെ മൂല്യനിർണയത്തിന്റെയും സർട്ടിഫിക്കേഷന്റെയും നിലവാരം ഉയർത്തുന്നതിനും ദേശീയ നൈപുണ്യ യോഗ്യത ഫ്രെയിംവർക്ക് (NSQF) സാർവത്രികം ആക്കുന്നതിനും നൈപുണ്യ വികസനം വഴി ഉപജീവനമാർഗം ഉറപ്പാക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന സ്കീമാണ് Skills Acquisition and Knowledge Awareness for Livelihood Promotion (SANKALP). സങ്കൽപ്പ് പദ്ധതിയുടെ ഭാഗമായുള്ള Recognition of Learning (RPL) വഴി 1515 പേർക്ക് ട്രെയിനിങ് കൊടുക്കുകയും അതിൽ 696 പേർ നിലവിൽ സർട്ടിഫൈഡ് ആവുകയും ചെയ്തു.

## ഇന്ത്യാ സ്കിൽസ്

യുവാക്കളുടെ തൊഴിൽ ശേഷിയും നൈപുണ്യ നിലവാരവും വർധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിന്റെ നേതൃത്വത്തിൽ വ്യാവസായിക പരിശീലന വകുപ്പും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും സംയുക്തമായി 2020 ഫെബ്രുവരി മാസത്തിൽ



സംഘടിപ്പിച്ച ഇന്ത്യാ സ്കിൽസ് മത്സരങ്ങൾ സംഘാടന മികവിലും വിദ്യാർഥികളുടെ പങ്കാളിത്തംകൊണ്ടും ശ്രദ്ധേയമായിരുന്നു. 2020 ഫെബ്രുവരിയിൽ കോഴിക്കോട്ട് നടന്ന ഇന്ത്യാ സ്കിൽസ്കേരള നൈപുണ്യ മത്സരത്തിൽ 39 തൊഴിൽ മേഖലകളിൽ യുവജനങ്ങളുടെ വൈദഗ്ധ്യം അവതരിപ്പിക്കുന്നതിനുള്ള അവസരമാണ് നല്കിയത്. കോഴിക്കോട് സ്വപ്നനഗരിയിൽ നടന്ന സംസ്ഥാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്ക് ഒരുലക്ഷം രൂപ വീതവും രണ്ടാം സ്ഥാനക്കാർക്ക് 50,000 രൂപ വീതവും സംസ്ഥാനമത്സരത്തിൽ പങ്കെടുത്ത ബാക്കി വിദ്യാർഥികൾക്ക് 10,000 രൂപ വീതവും വിതരണം ചെയ്തു. ആകെ 78 ലക്ഷം രൂപയുടെ ക്യാഷ് പ്രൈസ് സമ്മാനമായി നൽകി. ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയ വിദ്യാർഥികളെ റീജിയണൽ ലെവൽ മത്സരത്തിൽ പങ്കെടുക്കുന്നതിനും നാഷണൽ ലെവൽ മത്സരത്തിൽ പങ്കെടുക്കുന്നതിനും മികച്ച രീതിയിലുള്ള പരിശീലനം നൽകി. സംസ്ഥാന വിജയികളായ 79 മത്സരാർത്ഥികൾ 2021 ഡിസംബർ മാസം ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്തു നടന്ന ഇന്ത്യ സ്കിൽസ് 2021 ദക്ഷിണേന്ത്യ റീജിയണൽ മത്സരത്തിൽ പങ്കെടുത്തു. 16 സ്വർണ്ണവും 16 വെള്ളിയും ഉൾപ്പെടെ 32 മെഡലുകൾ നേടി കേരളം ഒന്നാം സ്ഥാനം കരസ്ഥമാക്കി. ആന്ധ്രാപ്രദേശ്, കർണാടക, കേരള, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള 19 നും 24 നും ഇടയിൽ പ്രായമുള്ള 400 ഓളം യുവാക്കളാണ് മത്സരത്തിൽ പങ്കെടുത്തത്. ഇതിന്റെ തുടർച്ചയായി ജനുവരി 6 മുതൽ 10 വരെ ന്യൂഡൽഹിയിൽ നടന്ന ഇന്ത്യാ സ്കിൽസ് ദേശീയ മത്സരത്തിലേക്ക് 41 പേർ യോഗ്യത നേടുകയും 8 സ്വർണ്ണം, 8 വെള്ളി, 5 വെങ്കലം, 4 മെഡലിയൻ ഓഫ് എക്സലൻസ് ഉൾപ്പെടെ 25 മെഡലുകൾ കരസ്ഥമാക്കുകയും ചെയ്തു. ദേശീയ തലത്തിൽ മെഡൽ പട്ടികയിൽ രണ്ടാം സ്ഥാനവും ഓവറോൾ പട്ടികയിൽ കേരളത്തിന് മൂന്നാം സ്ഥാനവും ലഭിച്ചു.



### ജൽ ജീവൻ മിഷൻ സ്കിൽ ട്രെയിനിംഗ്

കേരള സംസ്ഥാന വാട്ടർ അതോറിറ്റിയുടെ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം പ്ലംബർ ആൻഡ് ഫിറ്റർ, ഇലക്ട്രീഷ്യൻ, മേസണറി എന്നീ ട്രേഡുകളിൽ കേരളത്തിലെ എല്ലാ ജില്ലകളിലെയും കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ടു കെയ്സ് കേരള സംസ്ഥാന വാട്ടർ അതോറിറ്റിയും കുടുംബശ്രീയുമായി ധാരണാപത്രം ഒപ്പിട്ടു. പ്രസ്തുത പദ്ധതിയുടെ പരിശീലനം എല്ലാ ജില്ലകളിലെയും നോഡൽ ഐ.ടി.ഐകളിലും കെയ്സിന്റെ മികവിന്റെ കേന്ദ്രങ്ങൾ വഴിയും നടത്തിവരുന്നു. പ്ലംബർ ആൻഡ് ഫിറ്റർ ട്രേഡിൽ 332 പേരുടെ പരിശീലനം പൂർത്തീകരിച്ചു.



# ചിയാക്

## കോമ്പ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് ഏജൻസി ഓഫ് കേരള

അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും ബിപിഎൽ വിഭാഗത്തിൽപെട്ട കുടുംബങ്ങളുടെയും സാമൂഹ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച സ്ഥാപനമാണ് ചിയാക്. 2008-ൽ സ്ഥാപിതമായ ചിയാക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അഭിമാനമായ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആർഎസ്ബിവൈ, ചിസ്, ചിസ്പ്ലസ്, ആബി, എസ്ചിസ്, കാസ്പ്, കാരുണ്യ ബെനവെലന്റ് ഫണ്ട് എന്നിവയെല്ലാം ചിയാക്കിലൂടെ വിജയകരമായി നടപ്പിലാക്കിയ പദ്ധതികളാണ്.

ഈ കാലഘട്ടത്തിൽ 3500 കോടിയിലധികം രൂപയുടെ ആനുകൂല്യം ഈ സ്ഥാപനം വഴി വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ബൃഹത്പദ്ധതിയായ ആ








വാസ് പദ്ധതിയുടെ ആശുപത്രി ശൃംഖല പരിപാലിക്കുന്നത് ചിയാക്കിലൂടെയാണ്. കേരളത്തിന് പുറത്തുനിന്നും തൊഴിൽ തേടി കേരളത്തിൽ എത്തുന്ന ഏതൊരാൾക്കും പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. 25,000 രൂപയുടെ സൗജന്യ ചികിത്സയാണ് പ്രതിവർഷം അംഗമായ തൊഴിലാളിക്ക് ചിയാക്കിലൂടെ സർക്കാർ ഉറപ്പുവരുത്തുന്നത്. കൂടാതെ അപകട മരണമുണ്ടായാൽ തൊഴിലാളിയുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയുടെ സഹായവും പദ്ധതി വഴി നൽകുന്നുണ്ട്. ഇൻഷുറൻസ് കമ്പനിയിലൂടെ അല്ലാതെ അഷ്വറൻസ് മാതൃകയിലാണ് ചിയാക് പദ്ധതി നടപ്പിലാക്കുന്നത്.

രാജ്യത്തിന് മാതൃകയാകുംവിധം അതിഥിതൊഴിലാളികൾക്ക് ചികിത്സാ ധനസഹായവും മരണാനന്തര ധനസഹായവും നൽകുന്ന ആദ്യ സംസ്ഥാനമെന്ന ഖ്യാതി കേരളത്തിന് അവകാശപ്പെട്ടതാണ്. അന്യസംസ്ഥാനത്തുനിന്നും തൊഴിൽതേടി വരുന്ന അതിഥി തൊഴിലാളികളുടെ സാമൂഹികമായ ഉന്നമനത്തിനും സമൂഹത്തിൽ തുല്യത ഉറപ്പുവരുത്തുന്നതിനും വിവിധങ്ങളായ പദ്ധതികളാണ് കേരള സർക്കാർ നടപ്പിലാക്കിവരുന്നത്. അതിഥി തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള എല്ലാ പദ്ധതികളും ഏകീകരിച്ചു നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ചിയാക്കിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കോവിഡ് മഹാമാരിയെ തുടർന്ന് സ്വന്തം നാട്ടിലിലേക്ക് മടങ്ങിപ്പോയ അതിഥി തൊഴിലാളികളിൽ ഭൂരിഭാഗവും തിരികെ എത്തുകയുണ്ടായി. കൂടാതെ ഈ വിഭാഗത്തിലെ ന്യൂനപക്ഷമെങ്കിലും ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുണ്ട് എന്നതും അവരെ കണ്ടെത്തുന്നത് ദുഷ്കരമാണ് എന്നതും ഗൗരവമായ വസ്തുതയാണ്. അതിനാൽ അതിഥിതൊഴിലാളികളുടെ കൃത്യമായ വിവരശേഖരണവും തുടർന്നുള്ള നിരീക്ഷണവും സാമൂഹ്യസുരക്ഷ നിലനിർത്താൻ ആവശ്യമാണ്. ഈ സാഹചര്യത്തിൽ അതിഥി തൊഴിലാളികളുടെ നോഡൽ ഏജൻസി എന്ന നിലയിൽ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തുടർന്നുള്ള നിരീക്ഷണത്തിനും ക്ഷേമപദ്ധതി നടപ്പിലാക്കുന്നതിനുമായി Comprehensive Management System for ISM എന്ന പേരിൽ ഒരു പ്രൊപ്പോസൽ ചിയാക്ക് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ഗവണ്മെന്റിന്റെ പരിഗണനയിലാണ്.

ചിയാക്കിന് 14 ജില്ലകളിലും ജില്ലാ പ്രോജക്റ്റ് മാനേജർമാരുണ്ട്. ചിയാക്കിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ ജില്ലയിൽ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ജില്ലാ പ്രോജക്റ്റ് മാനേജർക്കാണ്. ചിയാക്കിന്റെ സ്റ്റേറ്റ് ഓഫീസ് വഴുതക്കാട് ട്രാൻസ് ടവറിൽ ഏഴാം നിലയിൽ പ്രവർത്തിക്കുന്നു.



# ഭവനം ഫൗണ്ടേഷൻ


(ഒരു കേരള സർക്കാർ സ്ഥാപനം)

രജിസ്റ്റേർഡ് ഓഫീസ്: ടി.സി.13/287/1. പനച്ചമൂട്ടിൽ
മുളവന ജംഗ്ഷൻ, കുന്നുകുഴി, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം – 695035

ടെലി: 0471-2446632. ഇ-മെയിൽ: bfkerala@gmail.com


ഭവനം ഫൗണ്ടേഷൻ കേരള (ബി.എഫ്.കെ.) കേരള സർക്കാറിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതും തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലുള്ളതുമായ, പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ. വി ശിവൻകുട്ടിയാണ് ചെയർമാൻ. സ്ഥാപനത്തിന്റെ ഉദ്ദേശ്യം കേരളത്തിലെ തൊഴിലാളികൾക്കും ജോലിക്കാർക്കും കുറഞ്ഞ വരുമാനമുള്ള ജീവനക്കാർക്കും താമസസൗകര്യവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും തോട്ടം തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം പ്രദാനം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും, വികസിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്യുക എന്നുള്ളതാണ്.

ബി.എഫ്.കെ. നിലവിൽ വന്നതുമുതൽ വിവിധ വിഭാഗങ്ങളിൽപെട്ട ജനങ്ങളുടെ സവിശേഷമായ ആവശ്യകതകൾ നിറവേറ്റുന്നതിനായി കേരളത്തിൽ ലഭ്യമായ ഹ്രസ്വകാല, ദീർഘകാല ഭവനനിർമ്മാണ സാധ്യതയിലെ നിർണായകമായ വിടവുകൾ അനുയോജ്യമായ വിധത്തിൽ അഭിസംബോധന ചെയ്യുന്നതിന് ശ്രമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ബി.എഫ്.കെ. അസംഘടിതമേഖലയിലുള്ള തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള തൊഴിലാളികൾക്കും കുറഞ്ഞ ചെലവിൽ അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും തോട്ടം തൊഴിലാളികൾക്ക് ഗ്രാന്റ് അടിസ്ഥാനത്തിൽ സ്വന്തം ഭവനങ്ങളും അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് വാടക അടിസ്ഥാനത്തിൽ ഹോസ്റ്റൽ താമസസൗകര്യവും ജോലിക്കാരായ സ്ത്രീകൾക്ക് വാടക അടിസ്ഥാനത്തിൽ സ്റ്റുഡിയോ അപ്പാർട്ട്മെന്റുകളും പ്രദാനം ചെയ്യുന്നതിനായി അനുയോജ്യമായ പ്രോജക്ടുകൾ വിഭാവന ചെയ്യുകയും രൂപകല്പന ചെയ്യുകയും നടപ്പിലാക്കുകയും/ നടപ്പിലാക്കുന്നതിനുള്ള പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നു.







ഈ ഓരോ നാല് പ്രോജക്ടുകൾക്കും കീഴിൽ, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അത്തരത്തിലുള്ള താമസ സൗകര്യങ്ങളുടെ കുറവുള്ള സ്ഥലങ്ങളിൽ, വിവിധ സ്കീമുകൾ നടപ്പിലാക്കുന്നതിനുള്ള ചുമതലയാണ് ബി.എഫ്.കെ.യിൽ നിക്ഷിപ്തമായിരിക്കുന്നത്. ബി.എഫ്.കെ. നിലവിൽ കേരളത്തിൽ എമ്പാടുമായി അപ്നാ ഘർ പ്രോജക്ട്, ഭവനം പ്രോജക്ട്, ജനനി പ്രോജക്ട്, സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പ്രോജക്ട് എന്നിങ്ങനെയുള്ള നാല് പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു.

520 അതിഥി തൊഴിലാളികൾക്ക് താമസിക്കുവാനുള്ള അപ്നാഘർ പദ്ധതി നടപ്പിലാക്കുവാൻ കെ.എസ്.ഐ.ഡി.സി.യുടെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിനുള്ളിൽ ഒരു ഏക്കർ ഭൂമി ബി.എഫ്.കെ. പാട്ടത്തിന് എടുത്തു. ഹോസ്റ്റൽ രൂപകല്പനയിൽ 26 മുറികളും (16 കിടക്കകൾ (ബങ്ക് ബെഡുകൾ) വീതമുള്ള 13 മുറികളും ഓരോ മുറിയിലും 24 കിടക്കകൾ വീതമുള്ള 13 മുറികളും) 48 കുളിമുറികളും 48 ടോയ്ലെറ്റുകളും തുണികൾ അലക്കുന്നതിനും ഉണക്കുന്നതിനുമുള്ള സ്ഥലങ്ങളും വർക്ക് ഏരിയയോടും സ്റ്റോറോടും കൂടിയ അടുക്കളയും ഭക്ഷണം കഴിക്കുന്നതിനുള്ള സ്ഥലവും വിനോദത്തിനുള്ള മുറികളും സെക്യൂരിറ്റി ക്യാബിനും പാർക്കിംഗ് സൗകര്യങ്ങളും അഗ്നിശമന സംവിധാനങ്ങളും മഴവെള്ള സംഭരണ സംവിധാനവും ഖരമാലിന്യ ഡിസ്പോസൽ യൂണിറ്റും, മലിനജല ട്രീറ്റ്മെന്റ് പ്ലാന്റും ഡീസൽ ജനറേറ്റർ സംവിധാനവും 24 മണിക്കൂർ സെക്യൂരിറ്റിയും സി.സി.ടി.വി. സംവിധാനം തുടങ്ങിയവയുമുണ്ട്.

ഒന്നാം ഘട്ടത്തിൽ ലോബി ഏരിയയും, വാർഡന്റെ മുറിയും, ഓഫീസ് മുറിയും, 96 വ്യക്തികൾക്ക് ഇരിക്കുന്നവാൻ സൗകര്യമുള്ള ഭക്ഷണ സ്ഥലവും, വർക്ക് ഏരിയ/സ്റ്റോർ മുറി/ഭക്ഷണം തയ്യാറാക്കുന്ന മുറി/പാത്രം കഴുകുന്നതിനുള്ള സ്ഥലം ഇവയോടുകൂടിയ അടുക്കളയും, ടോയ്ലെറ്റ് ബ്ലോക്കും, 100 കിടക്കകളോടുകൂടിയ കിടപ്പുമുറികളും ഉള്ള താഴത്തെ നില പൂർത്തിയായിട്ടുള്ളതാണ്.

ഭവനം ഫൗണ്ടേഷൻ കേരളയുടെ മറ്റൊരു പ്രധാന പ്രോജക്ട് കേരളത്തിലെ തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും തോട്ടങ്ങൾക്കുള്ളിലോ അവയുടെ സമീപത്തോ ശുചിത്വമുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം പ്രദാനം ചെയ്യുന്നതായ ഭവനം പ്രോജക്ടാണ്.

ഭവനം പ്രോജക്ടിനു കീഴിൽ കുളത്തൂപ്പുഴ എസ്റ്റേറ്റിൽ ആർ.പി.എൽ. അ

ഭവനം ഫൗണ്ടേഷൻ കേരള നിലവിൽ വന്നതുമുതൽ വിവിധ വിഭാഗങ്ങളിൽപെട്ട ജനങ്ങളുടെ സവിശേഷമായ ആവശ്യകതകൾ നിറവേറ്റുന്നതിനായി കേരളത്തിൽ ലഭ്യമായ ഹ്രസ്വകാല, ദീർഘകാല ഭവനനിർമ്മാണ സാധ്യതയിലെ നിർണായകമായ വിടവുകൾ അനുയോജ്യമായ വിധത്തിൽ അഭിസംബോധന ചെയ്യുന്നതിന് ശ്രമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ബി.എഫ്.കെ. അസംഘടിതമേഖലയിലുള്ള തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള തൊഴിലാളികൾക്കും കുറഞ്ഞ ചെലവിൽ അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും തോട്ടം തൊഴിലാളികൾക്ക് ഗ്രാന്റ് അടിസ്ഥാനത്തിൽ സ്വന്തം ഭവനങ്ങളും അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് വാടക അടിസ്ഥാനത്തിൽ ഹോസ്റ്റൽ താമസസൗകര്യവും ജോലിക്കാരായ സ്ത്രീകൾക്ക് വാടക അടിസ്ഥാനത്തിൽ സ്റ്റുഡിയോ അപ്പാർട്ട്മെന്റുകളും പ്രദാനം ചെയ്യുന്നതിനായി അനുയോജ്യമായ പ്രോജക്ടുകൾ വിഭാവന ചെയ്യുകയും രൂപകല്പന ചെയ്യുകയും നടപ്പിലാക്കുകയും/ നടപ്പിലാക്കുന്നതിനുള്ള പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നു.



നുവദിച്ച 5 ഏക്കർ ഭൂമിയിൽ മൊത്തം 2.15 കോടി രൂപ ചെലവിൽ ആദ്യ ഘട്ടത്തിൽ 40 ഭവനങ്ങൾക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ബി.എഫ്.കെ. തയ്യാറാക്കിയിട്ടുണ്ട്. വ്യക്തിഗത ഭവനങ്ങൾക്കുള്ള ഫണ്ടിംഗ്, സർക്കാർ അനുവദിച്ച 4 ലക്ഷം രൂപയുടെ ഗ്രാന്റ്, ഫൊക്കാനയുടെ വിഹിതമായ 1.25 ലക്ഷം, ശേഷിക്കുന്ന 0.12 ലക്ഷം ഗുണഭോക്താക്കളിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഭവനം പ്രോജക്ടിനു കീഴിൽ കുളത്തൂപ്പുഴ എസ്റ്റേറ്റിൽ ആർ.പി.എല്ലിനുവേണ്ടി നിർമ്മിക്കാൻ പോകുന്ന വീടുകൾ, ലൈഫ് മിഷൻ പ്രോജക്ടുകളുടെ നിലവിലുള്ള മോഡലിന് അനുരൂപമായി 2 കിടക്കമുറികൾ, ഒരു ലിവിംഗ് കം ഡൈനിംഗ് മൾട്ടിപർപ്പസ് ഹാൾ, അടുക്കള, ടോയ്‌ലറ്റ് സൗകര്യം, ഒരു സിറ്റൗട്ട് എന്നിവ അടങ്ങിയ, 412 ചതുരശ്രയടി വിസ്തീർണ്ണത്തിൽ ഒരു വീടിന് 5.37 ലക്ഷം രൂപ ചെലവ് വരുന്ന ഇരട്ട വീട് മാതൃകയിലുള്ളതാണ്. ആർ.പി.എല്ലിനു വേണ്ടിയുള്ള ഭവനം പ്രോജക്ട്  ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിന്റെ കീഴിൽ 6 വീടുകൾ കൈമാറുകയുണ്ടായി.

ബി.എഫ്.കെ. അതിന്റെ ലക്ഷ്യങ്ങൾ വച്ചുകൊണ്ട്, കേരള സംസ്ഥാനത്തിലെ തൊഴിലാളികൾക്ക്, ജീവനക്കാർക്ക്, അല്ലെങ്കിൽ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള മറ്റ് വിഭാഗങ്ങൾക്ക് താമസസൗകര്യവും മറ്റ് അടിസ്ഥാനസൗകര്യ ആവശ്യകതകളും അല്ലെങ്കിൽ അനുബന്ധ സേവനങ്ങളും പ്രദാനം ചെയ്യുന്നതിനുള്ള പ്രോക്ടുകൾ നടപ്പിലാക്കുന്നതിനുള്ള ഒരു പൊതു പ്ലാറ്റ്ഫോമായി വർത്തിക്കുന്നതാണ്. അനുയോജ്യമായ ഭൂമിയുടെ ലഭ്യത അനുസരിച്ച് ഈ പ്രോജക്ടുകൾ കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ്.

# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്



കേരള സംസ്ഥാനത്താകെ വ്യാപിച്ചുകിടക്കുന്ന വളരെ വിപുലമായ തൊഴിൽ മേഖലയാണ് ചുമട്ടു തൊഴിലാളി മേഖല. 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം 18 വകുപ്പ് പ്രകാരം രൂപീകരിച്ച കമ്മിറ്റികൾ വഴിയാണ് ചുമട്ടുതൊഴിലാളികളുടെ തൊഴിൽ ക്രമീകരണവും ക്ഷേമവും പദ്ധതി നടപ്പിലാക്കിയത്. 1983-ലെ കേരള ചുമട്ടുതൊഴിലാളി പദ്ധതി പ്രകാരം അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകി ബോർഡ് ആവിഷ്കരിക്കുന്ന ക്ഷേമ പദ്ധതികൾ 15 കമ്മിറ്റികൾ വഴി നടപ്പിലാക്കി വരുന്നു. ബോർഡിന്റെ കീഴിൽ 15 കമ്മിറ്റികൾ, 106 ഉപകാര്യാലയങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

പ്രതിമാസ വേതനം, ലോണുകൾ എന്നിവയ്ക്കു പുറമേ സാധാരണ ക്ഷേമപദ്ധതികൾക്ക് വിഭിന്നമായി തൊഴിലാളികളോടും അവരുടെ കുടുംബത്തോടുമുള്ള സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്ത് എല്ലാ വർഷവും തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്നതിനായി സ്കോളർഷിപ്പ് നൽകിവരുന്നു. തൊഴിലാളികളുടെ മക്കളിൽ 2021-ലെ എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ 653 കുട്ടികൾക്ക് 7500 രൂപ വീതവും പ്ലസ്ടുവിന് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ 146 കുട്ടികൾക്ക് 10,000 രൂപ വീതവും ആകെ 63,57,500 രൂപ 'പ്രതിഭം 2021' പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

## 2021 ജനുവരി മുതൽ 2021 ഡിസംബർ വരെ വിതരണം ചെയ്ത വെൽഫെയൽ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമനമ്പർ | ആനുകൂല്യങ്ങൾ | എണ്ണം | തുക |
|---|---|---|---|
| 1. | വിദ്യാഭ്യാസ ധനസഹായം | 5238 | 86,90,800 |
| 2. | സ്കോളർഷിപ്പ് | 3200 | 42,39,375 |
| 3. | ഡെത്ത് എക്സ്ഗ്രേഷ്യ | 98 | 15,27,222 |
| 4. | ആശ്രിത ചികിത്സ | 634 | 85,28,916 |
| 5. | വിവാഹ ഗ്രാന്റ് | 324 | 20,28,239 |
| 6. | ഡെത്ത് റിലീഫ് | 299 | 15,29,921 |
| 7. | ചികിത്സാ ദുരിതാശ്വാസം | 250 | 12,51,465 |
| 8. | ആശ്വാസ ധനസഹായം | 55 | 5,59,157 |
| 9. | വർക്കേഴ്സ് മെഡിക്കൽ ക്ലെയിം | 966 | 1,39,14,380 |
| 10. | ഫാമിലി പ്ലാനിംഗ് | 47 | 3,10,000 |
| 11. | പ്രസവാനുകൂല്യം | 184 | 11,80,000 |
| 12. | കലാമിറ്റി റില | 202 | 20,20,000 |
| 13. | സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ | 134 | 66,70,000 |

60 വയസ്സ് പൂർത്തിയാക്കി വിശ്രമജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി വിവിധ പദ്ധതികളാണ് ക്ഷേമബോർഡ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രതിമാസം കുറഞ്ഞത് 1600 രൂപ സൂപ്പർ ആനുവേഷൻ പെൻഷൻ, ഇൻവാലിഡ് പെൻഷൻ, കുടുംബ പെൻഷൻ എന്നീ ഇനങ്ങളിലും അർഹരായ തൊഴിലാളികൾക്ക് ലഭിക്കും. പരമാവധി പെൻഷൻ 11,000 രൂപയാണ്. പെൻഷന് അർഹത നേടുന്നതിനുള്ള സേവന കാലയളവ് പൂർത്തീകരിക്കാൻ കഴിയാത്ത തൊഴിലാളികൾക്ക് ടി.ബി.പി.എഫ് വിഹിതമായി ശേഖരിക്കപ്പെടുന്ന തുകയുടെ അഞ്ചിരട്ടി (റ്റിബിഎഫ് തുക ഉൾപ്പെടെ പരമാവധി 25,000 രൂപ) സൂപ്പർ ആനുവേഷൻ അസിസ്റ്റൻസ് ആയി അനുവദിക്കുന്നുണ്ട്. പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാ കാലയളവ് പൂർത്തീകരിക്കാനാവാതെ ശാരീരിക അവശതമൂലം സേവനത്തിൽനിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് ടിബിപിഎഫ് തുകയുടെ 3 മടങ്ങ് (റ്റിബിഎഫ് തുക ഉൾപ്പെടെ പരമാവധി 10,000 രൂപ) ഇൻവാലിഡേഷൻ അസിസ്റ്റൻസായും അനുവദിച്ചുവരുന്നു.

കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ അസംഘടിത മേഖലയിൽ തൊഴിൽചെയ്യുന്നവരുടെ ദേശീയ ഡാറ്റാബേസ്തയ്യാറാക്കുന്നതിനും അതുവഴി ഭാവിയിൽ വരുന്ന വിവിധ സാമൂഹ്യ സുരക്ഷാപദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും വേണ്ടി സ്കാറ്റേർഡ് വിഭാഗത്തിലും അൺ അറ്റാച്ച്ഡ് വിഭാഗത്തിലുമായി 45,820 തൊഴിലാളികൾ ഇ-ശ്രം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് സ്കാറ്റേർഡ്വിഭാഗം തൊഴിലാളികളിൽ 5 വർഷത്തിൽ താഴെ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് പിഴപലിശ ഒഴിവാക്കി അംശദായം അടച്ച്അംഗത്വം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 2022 ജനുവരി 1 മുതൽ മാർച്ച് 31 വരെ 414 അദാലത്തുകൾ നടത്തുകയും അംഗത്വം റദ്ദായ 1,346 തൊഴിലാളികൾ അദാലത്തിലൂടെ അംഗത്വം പുനഃസ്ഥാപിക്കുകയും 185 തൊഴിലാളികൾ പുതിയതായി അംഗത്വം സ്വീകരിക്കുകയും 34,00,302 രൂപ അംശദായം ഇനത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.







| പെൻഷൻ കാറ്റഗറി | തുക | എണ്ണം |
|---|---|---|
| സൂപ്പർ ആനുവേഷൻ പെൻഷൻ/വിആർഎസ് | 24,98,30,410 | 7,616 |
| ഇൻവാലിഡ് പെൻഷൻ | 5,27,97,337 | 2,690 |
| കുടുംബ പെൻഷൻ | 2,95,32,148 | 1,405 |
| ആകെ തുക | 33,21,59,895 | 11,711 |

തൊഴിലാളികൾക്ക് ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്കും വിശ്രമ കാലയളവിലെ ദിവസങ്ങൾക്ക് അർദ്ധവേതനവും മരണാനന്തരം/അവശതയ്ക്ക് നഷ്ടപരിഹാരവും നൽകിവരുന്നു.

| ക്രമനമ്പർ | ആനുകൂല്യങ്ങൾ | എണ്ണം | തുക |
|---|---|---|---|
| 1. | യഥാർത്ഥ ചികിത്സാ ചെലവ് | 216 | 73,15,919 |
| 2. | അർദ്ധമാസ വേതനം | 205 | 25,77,021 |
| 3. | നഷ്ടപരിഹാരം | 11 | 72,34,276 |

കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ അസംഘടിത മേഖലയിൽ തൊഴിൽചെയ്യുന്നവരുടെ ദേശീയ ഡാറ്റാബേസ് തയ്യാറാക്കുന്നതിനും അതുവഴി ഭാവിയിൽ വരുന്ന വിവിധ സാമൂഹ്യ സുരക്ഷാപദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും വേണ്ടി സ്കാറ്റേർഡ് വിഭാഗത്തിലും അൺ അറ്റാച്ച്ഡ് വിഭാഗത്തിലുമായി 45,820 തൊഴിലാളികൾ ഇ-ശ്രം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളിൽ 5 വർഷത്തിൽ താഴെ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് പിഴപ്പലിശ ഒഴിവാക്കി അംശദായം അടച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 2022 ജനുവരി 1 മുതൽ മാർച്ച് 31 വരെ 414 അദാലത്തുകൾ നടത്തുകയും അംഗത്വം റദ്ദായ 1,346 തൊഴിലാളികൾ അദാലത്തിലൂടെ അംഗത്വം പുനഃസ്ഥാപിക്കുകയും 185 തൊഴിലാളികൾ പുതിയതായി അംഗത്വം സ്വീകരിക്കുകയും 34,00,302 രൂപ അംശദായം ഇനത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | ആനുകൂല്യങ്ങൾ | എണ്ണം | തുക |
|---|---|---|---|
| 1. | പെൻഷൻ | 4,465 | 7,96,36,100 |
| 2. | ഡെത്ത് എക്സ്ഗ്രേഷ്യ | 63 | 30,00,000 |
| 3. | ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് | 488 | 79,91,868 |
| 4. | വിവാഹ ധനസഹായം | 91 | 2,59,500 |
| 5. | വിദ്യാഭ്യാസ ധനസഹായം | 14 | 6,600 |
| 6. | ചികിത്സാ ധനസഹായം | 7 | 11,000 |
| 7. | കോവിഡ് ഗ്രാന്റ് | 9,114 | 91,14,000 |

നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി 'നോ -നോക്കുകൂലി 2021' എന്ന പരിപാടി സംഘടിപ്പിക്കുകയും കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെയും സംസ്ഥാന തൊഴിൽ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 14 ജില്ലകളിലും ജില്ലാ കമ്മിറ്റി തലത്തിൽ അവബോധന ക്ലാസുകൾ നടത്തുകയും 106 ഉപകാര്യാലയങ്ങളിൽ 12.10.2021 മുതൽ 26.10.2021 വരെ ജില്ലാതല യോഗങ്ങൾ നടത്തിയിട്ടുള്ളതും ഓരോ ഉപകാര്യാലയങ്ങൾ ക്രോഡീകരിച്ചും യോഗങ്ങൾ നടത്തിയിട്ടുള്ളതും നോക്കുകൂലി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തിട്ടുള്ളതാണ്.

1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം 57 പുതിയ പ്രദേശങ്ങളിൽ കൂടി പദ്ധതി വ്യാപനം നടത്തിയിട്ടുണ്ട്.

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് വേഗത്തിൽ പരാതി പരിഹാരത്തിനായി പുതിയ ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതും അതിനോടനുബന്ധിച്ച് കേരള സർക്കാർ കോൺടാക്ട് സെന്ററു(GCCK തിരുവനന്തപുരം)മായി സംയോജിപ്പിച്ച് പ്രവർത്തനം കൂടുതൽ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്.

# കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്



# തൊഴിലാളികളുടെ റീഫണ്ടും മറ്റാനുകൂല്യങ്ങളുടേയും വിതരണം

**2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ**

| ആനുകുല്യങ്ങൾ | എണ്ണം | തുക |
|---|---|---|
| പെൻഷൻ | 7,792 | 26,94,40,298 |
| മരണാനന്തര സഹായം | 368 | 3,72,65,000 |
| അപകട മരണാനന്തര ധനസഹായം | 15 | 21,00,000 |
| വിവാഹ ധനസഹായം | 1954 | 76760000 |
| ചികിത്സാധനസഹായം | 147 | 66,68,990 |
| പ്രസവ ധനസഹായം | 5 | 75,000 |
| റീഫണ്ട് | 4,974 | 16,03,39,763 |
| സ്കോളർഷിപ്പ് | 8,314 | 1,83,05,600 |
| ശവസംസ്കാര ചടങ്ങിനുള്ള ധനസഹായം | 217 | 22,20,000 |
| സ്പെഷ്യൽ റിവാർഡ് | 1 | 5,000 |
| സിവിൽ സർവ്വീസ് ഫീസ് റീഇമ്പേഴ്സ്മെന്റ് | 1 | 15,000 |
| **ആകെ** | **23,788** | **5731,94,651** |

## കൈക്കൊണ്ട മാറ്റങ്ങൾ

### തൊഴിലാളികളുടെ രജിസ്ട്രേഷൻ

തുക കൃത്യമായി ഒടുക്കുന്ന തൊഴിലാളികളെ സ്ഥിരമായി നിലനിർത്തുന്നതിനും മറ്റ് തൊഴിലാളികളെ രജിസ്ട്രേഷൻ പുതുക്കി ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുമായി ജില്ലാ തലത്തിൽ ഉപദേശകസമിതി വിളിച്ചുചേർക്കുവാനും ട്രേഡ് യൂണിയനുകളുടെ സഹായത്തോടുകൂടി ഓരോ പ്രദേശത്തെയും ഭൂരിഭാഗം തൊഴിലാളികളെ പദ്ധതിയിൽ അംഗങ്ങളാക്കുവാനുമുള്ള നടപടി ഈ കാലയളവിൽ സ്വീകരിക്കുകയുണ്ടായി.

### റവന്യൂ റിക്കവറി

എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിലേയും റവന്യൂ റിക്കവറി കുടിശ്ശിക തുക ഈടാക്കുന്നതിന് താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാനും തുക പൂർണ്ണമായും ഈടാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കൂടുതൽ തുക ഈ ഇനത്തിൽ ലഭിക്കുകയുണ്ടായി. തുടർന്ന് അടവു വന്ന തുക ബന്ധപ്പെട്ട തൊഴിലാളികൾക്ക് ലഭ്യമാക്കുവാനുള്ള ശ്രമം ആരംഭിച്ചു. ഒറ്റത്തവണ തീർപ്പാക്കൽ വഴി കുടിശ്ശിക തുക ഒടുക്കു വരുത്തുന്നതിനുള്ള സൗകര്യം അനുവദിക്കുകയും ഉടമകൾക്ക് രജിസ്ട്രേഡ് കത്ത് മുഖേന അറിയിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

### ഡിജിറ്റലൈസേഷൻ

#### ഇ-ആഫീസ്

ബോർഡ് പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യണമെന്ന് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ NIC തയ്യാറാക്കിയിട്ടുള്ള ഇ-ആഫീസ് സംവിധാനം ബോർഡിന്റെ ആഫീസുകളിൽ നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു.

### എല്ലാ ബോർഡുകൾക്കും വേണ്ടിയുള്ള സോഫ്റ്റ്‌വെയർ

ഒന്നിലധികം ബോർഡുകളിൽ അംഗത്വമെടുക്കുന്നത് ഒഴിവാക്കുന്നതിനായി ലേബർ കമ്മീഷണറുടെ നിർദ്ദേശപ്രകാരം കെൽട്രോൺ തയ്യാറാക്കുന്ന AIIS സോഫ്റ്റ്‌വെയർ മുഖേന പുതിയ വാഹനങ്ങൾക്കും തൊഴിലാളികൾക്കും ഓൺലൈനായി രജിസ്ട്രേഷൻ നടത്തി അംഗത്വമെടുക്കുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കുന്നു.

### കോവിഡ് ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള പോർട്ടൽ

കോവിഡ്-19 ധനസഹായത്തിന് അപേക്ഷിക്കുന്നതിനായി കെൽട്രോൺ തയ്യാറാക്കിയിട്ടുള്ള പോർട്ടൽ പ്രവർത്തനക്ഷമമാക്കുകയും അഞ്ച് ഘട്ടങ്ങളിലായി തൊഴിലാളികൾക്ക് ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അഞ്ച് ഘട്ടങ്ങളിലായി 6,51,652 പേർക്ക് 78,96,12,600 രൂപ വിതരണം ചെയ്തിട്ടുണ്ട്

**ഓൺലൈൻ ക്ലിയറൻസും അഡ്വാൻസ് പേയ്മെന്റും:** വാഹനം ജില്ല മാറുമ്പോൾ നൽകേണ്ട ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഓൺലൈനായി നടത്തുന്നത് സംബന്ധിച്ചും തൊഴിലാളികൾക്ക് അഡ്വാൻസ് പേയ്മെന്റ് ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സി-ഡിറ്റുമായി ചേർന്ന് നടത്തിവരുന്നു.

**ഓൺലൈൻ പേയ്മെന്റ് മൊഡ്യൂളിന്റെ സെക്യൂരിറ്റി ആഡിറ്റ്:** ഉടമ-തൊഴിലാളികൾക്ക് ഓൺലൈനായി വിഹിതം ഒടുക്കുന്ന മൊഡ്യൂളിന്റെ സെക്യൂരിറ്റി ആഡിറ്റ് ചെയ്യുന്നതിനായും ടി മൊഡ്യൂളിന്റെ വേർഷൻ അപ്ഗ്രേഡ് ചെയ്യുന്ന നടപടികൾ സി-ഡിറ്റ് മുഖേന ചെയ്തുവരുന്നു.

**സോഫ്റ്റ്‌വെയറുമായി സംബന്ധിച്ച സ്വൈപ്പിംഗ് മെഷീൻ:** നിലവിലെ സ്വൈപ്പിംഗ് മെഷീൻ സംവിധാനത്തിന് പകരം Software enabled swiping machine ഉപയോഗിക്കുമ്പോൾ സോഫ്റ്റ്‌വെയറിൽ ആട്ടോമാറ്റിക്കായി വിവരങ്ങൾ ചേർക്കപ്പെടുന്നു. ഡാറ്റ എൻട്രി സമയം ലാഭിക്കാൻ ഇതിലൂടെ സാധിക്കും. ഇതിന്റെ നടപടികളും ചെയ്തുവരുന്നു.

**ഓൺലൈൻ ക്രെഡിറ്റ് സ്ലിപ്പ്:** തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പാസ് ബുക്കിന് പകരം ഓൺലൈനായി ക്രെഡിറ്റ് സ്ലിപ്പ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പരാതി പരിഹാര പോർട്ടൽ:** പദ്ധതിയിലെ അംഗങ്ങൾക്ക് പരാതികൾ സമർപ്പിച്ച് പരിഹരിക്കുന്നതിനായി ഓൺലൈൻ പരാതി പരിഹാര പോർട്ടൽ സംവിധാനം പ്രവർത്തിച്ചുവരുന്നു.

**ഒപ്റ്റിമൈസേഷൻ:** ബോർഡിന്റെ സിസ്റ്റത്തിൽനിന്നും വാഹനങ്ങളുടെ വിവരം ശേഖരിക്കേണ്ടതിനാൽ ഇ-പേയ്മെന്റ് നടത്തുമ്പോൾ വളരെ അധികം താമസം വന്നിരുന്നു. ഡേറ്റ ഒപ്റ്റിമൈസ് ചെയ്ത് പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്

**മൊബൈൽ ആപ്ലിക്കേഷൻ:** ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ഉടമകൾക്കും അവർ ക്ഷേമനിധിയിലേക്ക് അടയ്ക്കുവാനുള്ള വിഹിതം എത്രയാണ് എന്ന് അറിയുന്നതിന് ടി തുക ഒരു മൊബൈലിന്റെ സഹായത്തോടുകൂടി അടയ്ക്കുന്നതിലേക്കുമായി ഒരു മൊബൈൽ ആപ്ലിക്കേഷൻ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. പ്ലേ സ്റ്റോറിൽനിന്നും ഈ ആപ്ലിക്കേഷൻ മൊബൈൽ ഫോണിൽ ഇൻസ്റ്റാൾ ചെയ്താൽ ഈ സൗകര്യം എല്ലാവർക്കും ലഭിക്കും.



# കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് നിയമത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും സ്വന്തമായി തൊഴിൽ ചെയ്യുന്നവർക്കും ആശ്വാസമേകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനുമായി ഒരു നിധി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടാണ് 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് നിയമം നടപ്പിലാക്കിയത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് 2007-ൽ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമപദ്ധതി രൂപീകൃതമായത്. സ്ഥാപനത്തിന്റെ വലുപ്പച്ചെറുപ്പമോ തൊഴിലാളികളുടെ എണ്ണമോ ഒന്നും കണക്കിലെടുക്കാതെ പാൻഷോപ്പ് മുതൽ ഫാക്ടറി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത എല്ലാ സ്ഥാപനങ്ങളും ഈ പദ്ധതിയുടെകീഴിൽ പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് നിയമത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ 18-നും 55 വയസ്സിനും ഇടയ്ക്കുള്ള ജീവനക്കാർക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും നിധിയിൽ അംഗങ്ങളായി ചേരാവുന്നതാണ്. ഈ നിധിയിൽ ചേരുന്ന തൊഴിലാളി പ്രതിമാസം 20 രൂപയാണ് അംശദായമായി അടയ്ക്കേണ്ടത്. തത്തുല്യമായ തുക തൊഴിലുടമ തന്റെ സ്ഥാപനത്തിലെ ഓരോ തൊ

ഴിലാളിയുടേയും വിഹിതമായും നൽ കേണ്ടതാണ്. സ്വയംതൊഴിൽ ചെയ്യുന്ന വ്യക്തി പ്രതിമാസം 40 രൂപയാണ് അംശദായമായി അടയ്ക്കേണ്ടത്.

01.04.2017 മുതൽ ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. ക്ഷേമനിധി ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നടപ്പാക്കുന്നതിനും ക്ഷേമനിധിയിൽ ചെയർമാൻ ഉൾപ്പെടെ 15 ഡയറക്ടർമാരാണുള്ളത്. ഇതിൽ തൊഴിലുടമകൾ, തൊഴിലാളികൾ സർക്കാരിനെ പ്രതിനിധീകരിക്കുന്ന വ്യക്തികൾ എന്നിങ്ങനെ ഓരോ വിഭാഗത്തിലും 5 ഡയറക്ടർമാരാണ് ബോർഡിനുള്ളത്.

## ക്ഷേമനിധി അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

### 1. പെൻഷൻ

(i) പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച് 60 വയസ്സ് പൂർത്തിയായ അംഗത്തിന് പെൻഷൻ അർഹതയുണ്ട്.

(ii) പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച് സ്ഥിരമായ ശാരീരിക അവശത കാരണം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാത്തവർക്ക്.

(iii) മറ്റേതെങ്കിലും ആക്ടിലെ വ്യവസ്ഥ പ്രകാരം ഒരംഗത്തിന് 60 വയസ്സ് പൂർത്തിയാകുന്നതിനു മുമ്പോ എന്നാൽ, 55 വയസ്സ് പൂർത്തിയാക്കിയശേഷം പെൻഷൻപറ്റി പിരിയേണ്ടിവന്നാൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെയുള്ള തൊഴിലാളിയുടേയും തൊഴിലുടമയുടേയും അംശദായം നിധിയിലേക്ക് അടച്ചാൽ

### 2. കുടുംബ പെൻഷൻ

15 വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാലോ, പെൻഷൻ ലഭിക്കുന്ന അംഗം മരണപ്പെട്ടാലോ കുടുംബപെൻഷന് അർഹതയുണ്ട്.

### 3. വിവാഹാനുകൂല്യം

മൂന്നു വർഷം അംശദായം അടച്ച അംഗങ്ങളുടെ രണ്ട് പെൺമക്കൾക്കും വനിതാ അംഗത്തിനും 7500 രൂപ, പുരുഷ അംഗത്തിന് 5000 രൂപ എന്ന രീതിയിൽ വിവാഹാനുകൂല്യത്തിന് അർഹതയുണ്ട്.

### 4. പ്രസവാനുകൂല്യം

വനിതാ അംഗത്തിന് 15000 രൂപ, ഗർഭം അലസലിന് 2500 രൂപ എന്നിവയാണ് പ്രസവാനുകൂല്യം.

### 5. വിദ്യാഭ്യാസാനുകൂല്യം

(i) അംഗങ്ങളുടെ മക്കൾക്ക് പഠന കാലയളവിൽ തന്നെ ധനസഹായം ലഭിക്കുന്നു.

(ii) മികച്ച വിജയം നേടുന്നവർക്ക് പ്രത്യേക ധനസഹായം.

(iii) കല-കായിക സാംസ്കാരിക രംഗത്ത് പ്രാഗൽഭ്യം തെളിയിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിനുള്ള ധനസഹായം

എന്നിങ്ങനെയാണ് ബോർഡ് അംഗങ്ങൾക്ക് നൽകിവരുന്നത്.

### 6. ചികിത്സാ സഹായം

മൂന്ന് വർഷം അംശദായം അടച്ച അംഗത്തിനും കുടുംബത്തിനും പരമാവധി 10000 രൂപ സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിൽസയ്ക്ക് ലഭിക്കുക.

### 7. മരണാനന്തര സഹായം

മൂന്ന് വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാൽ 5000 രൂപ മുതൽ പരമാവധി 20000 രൂപ വരെ സർവ്വീസ് ദൈർഘ്യം അനുസരിച്ച് ധനസഹായം ലഭിക്കും.

### 8. മരണാനന്തര ചെലവ്

3 വർഷം അംശദായം അടച്ച അംഗത്തിനും അംഗത്തിന്റെ കുടുംബാംഗങ്ങൾക്കും (5000 രൂപ) മരണാനന്തര ചെലവായി ലഭിക്കും.

### 9. അംശദായം തിരിച്ചുനൽകൽ

(i) 60 വയസ്സ് പൂർത്തിയാകുമ്പോൾ തൊഴിലാളി വിഹിതമായി അടച്ച അംശദായ തുക തിരിച്ചുനൽകുന്നു.

(ii) മരണാനന്തര സഹായം ലഭിക്കുവാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക്.

(iii) രണ്ട് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചശേഷം സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ച അംഗങ്ങൾക്ക് അവരുടെ അംശദായം തിരികെ നൽകുന്നതാണ്.

**2021-2022ൽ ക്ഷേമനിധി ബോർഡിൽനിന്നും അനുവദിച്ച ആനുകൂല്യങ്ങൾ**

| | |
|---|---|
| സ്കോളഷർഷിപ്പ് | 16,88,000 |
| വിവാഹം | 75,02,500 |
| പ്രസവം | 108,45,000 |
| ഗർഭം അലസൽ | 10,000 |
| ചികിത്സാ സഹായം | 20,600 |
| മരണാനന്തര ചെലവ് | 1,72,000 |
| മരണാനന്തര സഹായം | 31,70,250 |
| അംശദായം തിരികെനൽകൽ | 45,57,025 |
| പെൻഷൻ | 427,83,800 |





# കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി നിയമവും 1990-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമപദ്ധതിയും 1990 ജനുവരി മുതൽ പ്രാബല്യത്തിൽ വന്നു. നിയമത്തിലും പദ്ധതിയിലും പ്രതിപാദിക്കുന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് 1990 ഏപ്രിൽ 5-ാം തീയതിയിലാണ് നിലവിൽവന്നത്. കേരളത്തിലെ കള്ളുവ്യവസായം ഒഴികെയുള്ള അബ്കാരി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളാണ് ഈ ക്ഷേമനിധിയുടെ പരിധിയിൽവരുന്നത്. 1990 ജനുവരി 1 മുതൽ നടപ്പാക്കിയ ക്ഷേമനിധി നിയമത്തിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുക, ക്ഷേമനിധിയിൽ ഒടുക്കേണ്ട തുക നിർണയിക്കുക, തുക പിരിച്ചെടുക്കുക, പിരിച്ചെടുത്ത തുക അംഗത്തൊഴിലാളികളുടെ കണക്കിൽ വരവ് വെച്ച് അറിയിക്കുക, വിവിധയിനം വായ്പകൾ നൽകുക, പിരിഞ്ഞുപോകുന്ന തൊഴിലാളികളുടെ പി.എഫ് കണക്ക് തീർപ്പാക്കുക, നിയമാനുസൃത ഗ്രാറ്റുവിറ്റി, പെൻഷൻ നൽകുക മുതലായവയാണ് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധി എന്നിവർക്ക് തുല്യപ്രാധാന്യമുള്ള



ഈ ബോർഡിൽ 15 അംഗങ്ങളാണുള്ളത്. തിരുവനന്തപുരത്തെ ചീഫ് ഓഫീസിനു പുറമേ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളും പ്രവർത്തിച്ച് വരുന്നു. കെ.എസ്.ബി.സി, കൺസ്യൂമർ ഫെഡ് , ബാർ തുടങ്ങിയ സ്ഥാപനങ്ങളിലെ 2367 തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽ നിലവിൽ അംഗത്വമുണ്ട്.

## ആനുകുല്യങ്ങൾ

**1. പെൻഷൻ**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തുടർച്ചയായി 10 വർഷ സർവ്വീസുള്ള 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നവർക്ക് പെൻഷന് അർഹതയുണ്ട്. ഏറ്റവും കുറഞ്ഞ പെൻഷൻ 2000 രൂപയും 10 വർഷത്തിൽ കൂടുതലുള്ള ഓരോ അധികവർഷത്തെ സർവ്വീസിനും 100 രൂപ നിരക്കിൽ വർദ്ധന നൽകി പരമാവധി 3000 രൂപയും നൽകിവരുന്നു. നിലവിൽ 803 പേർക്ക് പ്രതിമാസം പെൻഷൻ നൽകിവരുന്നു.

**പി.എഫ്**

അവശതമൂലം സർവ്വീസിൽനിന്നും വിരമിക്കുന്നവർക്കും 60 വയസ്സ് പൂർത്തിയാക്കി സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്കും ടിയാളുകളുടെ പേരിൽ ഫണ്ടിലുള്ള മുഴുവൻതുകയും സർക്കാർ പ്രതിവർഷം നിശ്ചയിക്കുന്ന പലിശയുംകൂടി ഉൾപ്പെടുത്തി തുക മടക്കിനൽകുന്നു. സ്വയം പിരിഞ്ഞുപോകുന്നവരുടെ പിഎഫ് അക്കൗണ്ടിൽ നിന്ന് പദ്ധതിപ്രകാരം കണ്ടുകെട്ടൽ നടത്തിയതിനുശേഷമുള്ള തുകയും അനുവദിക്കുന്നു. 2021-22 വർഷത്തിൽ 136 തൊഴിലാളികൾക്ക് പി.എഫ് ഇനത്തിൽ 10,04,05,482 രൂപ അനുവദിച്ചിട്ടുണ്ട്.

**ഗ്രാറ്റുവിറ്റി**

തൊഴിൽ ഉടമ അംശദായമായി നൽകുന്ന 5% തുക ഗ്രാറ്റുവിറ്റി അക്കൗണ്ടിൽ വകയിരുത്തുകയും ഒരു തൊഴിലാളി പൂർത്തിയാക്കിയ ഓരോ സേവന വർഷത്തിനും ആറു മാസത്തിൽ കവിഞ്ഞുള്ളതിന്റെ ഭാഗത്തിനും 12 മാസത്തെ ശരാശരി വേതനത്തിന്റെ 50 ശതമാനം എന്ന നിരക്കിൽ പരമാവധി 20 മാസത്തെ വേതനത്തിനു തുല്യമായ തുകവരെ ഗ്രാറ്റുവിറ്റി ഇനത്തിൽ നൽകിവരുന്നു. 2021-22 വർഷത്തിൽ 120 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ 4,39,51,117 രൂപ അനുവദിച്ചിട്ടുണ്ട്.

## അഡ്വാൻസുകൾ

**1. അംഗത്തിന്റെ മകളുടെ വിവാഹത്തിനുള്ള അഡ്വാൻസ്**

നിധിയിലെ അംഗങ്ങളുടെ പെൺകുട്ടികളുടെ വിവാഹത്തിന് തൊഴിലാളിയുടെ പി.എഫ്. അക്കൗണ്ടിൽ നിന്ന് 50% വരെയുള്ള തുക തിരിച്ചടയ്ക്കേണ്ടതില്ലാത്ത അഡ്വാൻസായി (ഒറ്റത്തവണ മാത്രമായി) അനുവദിക്കുന്നു.

2021-22 വർഷത്തിൽ 13 തൊഴിലാളികൾക്ക് വിവാഹവായ്പാ ഇനത്തിൽ 74,83,083 രൂപ അനുവദിച്ചിട്ടുണ്ട്.

നിയമത്തിലും പദ്ധതിയിലും പ്രതിപാദിക്കുന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് 1990 ഏപ്രിൽ 5-ാം തീയതിയിലാണ് നിലവിൽവന്നത് കേരളത്തിലെ കള്ളു വ്യവസായം ഒഴികെയുള്ള അബ്കാരി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളാണ് ഈ ക്ഷേമനിധിയുടെ പരിധിയിൽവരുന്നത് 1990 ജനുവരി 1 മുതൽ നടപ്പാക്കിയ ക്ഷേമനിധി നിയമത്തിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുക, ക്ഷേമനിധിയിൽ ഒടുക്കേണ്ട തുക നിർണയിക്കുക, തുക പിരിച്ചെടുക്കുക, പിരിച്ചെടുത്ത തുക അംഗത്തൊഴിലാളികളുടെ കണക്കിൽ വരവ്‌വെച്ച് അറിയിക്കുക, വിവിധയിനം വായ്പകൾ നൽകുക, പിരിഞ്ഞുപോകുന്ന തൊഴിലാളികളുടെ പി.എഫ്കണക്ക്തീർപ്പാക്കുക, നിയമാനുസൃത ഗ്രാറ്റുവിറ്റി, പെൻഷൻ നൽകുക മുതലായവയാണ്ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ.



**2. രോഗചികിത്സയ്ക്കുള്ള അഡ്വാൻസ്**

ഒരംഗത്തിന് അയാളുടെ നിധിയിലെ പി.എഫ് നീക്കിയിരുപ്പ് തുകയിലെ 50% വരെ തിരിച്ചടയ്ക്കേണ്ടതില്ലാത്ത അഡ്വാൻസായി അനുവദിക്കുന്നു.

**3. വീട് വാങ്ങുന്നതിനോ പണിയുന്നതിനോ ഉള്ള അഡ്വാൻസ്**

അംഗത്തിന്റെ അപേക്ഷയിൻമേൽ അയാളുടെ 12 മാസത്തെ വേതനത്തിൽ കൂടാത്ത തുകയോ തൊഴിലാളി വിഹിതമോ ഇതിൽ ഏതാണോ കുറവ് ആ തുക മുൻകൂറായി വീട് നേരിട്ടു വാങ്ങുന്നതിനോ, സർക്കാരിൽനിന്നോ, സഹകരണസംഘങ്ങൾ വഴിയോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ ഉള്ള ഹയർ പർച്ചേസിനോ പാർപ്പിടത്തിനുള്ള സ്ഥലത്തിനോ, പാർപ്പിടം പണിയുന്നതിനോ നിലവിലുള്ള വീടിനോട് ചേർന്ന് അധിക നിർമാണം നടത്തുന്നതിനോ, വീട് പുതുക്കി പണിയുന്നതിനോ ബോർഡിന്റെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് അനുവദിക്കാവുന്നതാണ്.

2021-22 വർഷത്തിൽ 17 തൊഴിലാളികൾക്ക് ഭവനവായ്പാ ഇനത്തിൽ 58,04,385 രൂപ അനുവദിച്ചിട്ടുണ്ട്.

## ധനസഹായങ്ങൾ

**1. മരണാനന്തര ധനസഹായവും എക്സ്ഗ്രേഷ്യയും**

ജോലിയിലിരിക്കെ മരണമടയുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് 3,000 രൂപ മരണാനന്തര ചെലവിനുള്ള ധനസഹായമായും 50,000 രൂപ എക്സ്ഗ്രേഷ്യയായും അനുവദിക്കുന്നു. 2021-22 വർഷത്തിൽ 21 തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം ഇനത്തിൽ 63,000 രൂപയും എക്സ്ഗ്രേഷ്യാ ഇനത്തിൽ 21 തൊഴിലാളികളുടെ ആശ്രിതർക്ക് 9,30,000 രൂപയും അനുവദിച്ചിട്ടുണ്ട്.

**2. മാരക രോഗങ്ങളുടെ ചികിത്സയ്ക്കുള്ള ധനസഹായം**

അംഗത്വം നേടി മുടക്കം കൂടാതെ അംശദായം അടച്ച് 5 വർഷം സർവ്വീസ് പൂർത്തിയാക്കിയ തൊഴിലാളികൾക്ക് മാരകരോഗങ്ങളായ കാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ, തലച്ചോറിലെ മുഴ തുടങ്ങിയ രോഗങ്ങൾക്ക് സർക്കാർ ആശുപത്രി, സർക്കാർ അംഗീകരിച്ച സ്വകാര്യ ആശുപത്രി എന്നിവിടങ്ങളിലെ ചികിത്സയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ രേഖകളുടെ അടിസ്ഥാനത്തിൽ 50,000 രൂപയോ ചികിത്സാചെലവോ ഏതാണ് കുറവ് ആയത് തവണകളായി പരമാവധി 50,000 രൂപവരെ അനുവദിക്കുന്നതാണ്.

**3. സ്കോളർഷിപ്പ്**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ യോഗ്യതാ പരീക്ഷയിൽ 50 ശതമാനമോ അതിലധികമോ മാർക്ക് നേടിയവർക്ക് 2021-22 വർഷത്തിൽ 107 തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കാളർഷിപ്പ് ഇനത്തിൽ 3,21,500 രൂപ അനുവദിച്ചിട്ടുണ്ട്.

**4. കോവിഡ് ധനസഹായം**

2021-2022 വർഷത്തിൽ 1,890 തൊഴിലാളികൾക്ക് 774 പെൻഷനേഴ്സിനുൾപ്പെടെ 2,664 പേർക്ക് കോവിഡ് ധനസഹായം ഇനത്തിൽ 26,64,000 രൂപ അനുവദിച്ചിട്ടുണ്ട്.

## വായ്പാ പദ്ധതി

**1. സുരക്ഷാ സ്വയംതൊഴിൽ പദ്ധതി**

2012-15 വർഷത്തെ മദ്യനയംമൂലം തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സുരക്ഷാ സ്വയം തൊഴിൽ പദ്ധതി പ്രകാരം 2021-22 വർഷത്തിൽ 12 ഗുണഭോക്താക്കൾക്ക് 18,00,000 രൂപ അനുവദിച്ചിട്ടുണ്ട്.



# കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

1977 മെയ് 1-ന് നിലവിൽ വന്ന കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമാനുകൂല്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നു. പ്രധാനമായും തോട്ടം തൊഴിലാളികൾ, മേജർ, മൈനർ ഫാക്ടറികളിൽ ജോലിചെയ്യന്ന തൊഴിലാളികൾ, പെതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ, ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കിലെ തൊഴിലാളികൾ എന്നിവരാണ് കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്നത്. ഇക്കഴിഞ്ഞ വർഷം കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ആനുകൂല്യ ഇനത്തിൽ 78,46,012 രൂപ വിതരണം ചെയ്തു.

നിലവിൽ ബോർഡിന്റെ തൊഴിലാളി/തൊഴിലുടമ അംശദായം അർദ്ധ വർഷം 45/45 ആണ്. ബോർഡിന് വെബ്സൈറ്റ് നിലവിലുണ്ട്. ബോർഡ് ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ബോർഡിന്റെ അംശദായം, ആനുകൂല്യങ്ങളുടെ അപേക്ഷ എന്നിവ സ്വീകരിക്കുന്നതും ആനുകൂല്യത്തുക വിതരണം ചെയ്യുന്നതും പൂർണ്ണമായും ഓൺലൈൻ വഴിയാണ്. ഇ-ഓഫീസ് സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചാൽ 10 ദിവസത്തിനകം നൽകുന്നതാണ്. കൂടാതെ കുമളി ഹോളിഡേ ഹോമിലെ സൗകര്യങ്ങൾ തൊഴിലാളികൾക്കും പെതുജനങ്ങൾക്കും ലഭ്യമാക്കുന്നതിന് ഓൺലൈൻ ബുക്കിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

| ആനുകൂല്യങ്ങൾ |
|---|
| 1. ഹൈസ്കൂൾ ഗ്രാന്റ്- 589 പേർക്ക് - 3,53,400 |
| 2. എസ്.എസ്.എൽ.സി ക്യാഷ് അവാർഡ് -185 പേർക്ക് -1,77,000 |
| 3. ഉന്നത വിദ്യാഭ്യാസ ഗ്രാന്റ്-2355 പേർക്ക് - 26,98,800 |
| 4. വിവാഹ ധനസഹായം-233 പേർക്ക് - 16,30,500 |
| 5, പ്രസവ ധനസഹായം- 25 പേർക്ക് - 3,75,000 |
| 6. ചികിത്സാ ധനസഹായം-74 പേർക്ക് - 9,70,298 |
| 7. അപകട മരണ ധനസഹായം-6 പേർക്ക് - 1,50,000 |
| 8. മരണാനന്തര ചടങ്ങിനുള്ള ധനസഹായം-70 പേർക്ക് - 1,40,000 |
| 9. മരണാനന്തര ധനസഹായം- 95 പേർക്ക് - 4,72,000 |
| 10. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ധനസഹായം-12 പേർക്ക് - 5,000 |
| 11. പെട്ടിമുടി ദുരന്തധനസഹായം- 14 പേർക്ക് - 7,50,000 |
| 12. ഐ.ടി.ഐ സ്കോളർഷിപ്പ് -21 പേർക്ക് - 61,514 |
| 13. മെഡിക്കൽ-എഞ്ചിനിയറിംഗ് പരിശീലന സഹായം 11 പേർക്ക് -55,000 |
| 14. കൃത്രിമ ഉപകരണം വാങ്ങുന്നതിനുള്ള ധനസഹായം-1 - 7,500 |



തൊഴിലാളികളുടെ വിശ്രമത്തിനും വിനോദത്തിനുമായി ബോർഡിന്റെ കീഴിൽ കുമളിയിൽ പ്രവർത്തിക്കുന്ന ഹോളിഡേ ഹോമിൽ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും കുറഞ്ഞ ചെലവിൽ താമസസൗകര്യവും ഭക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികളുടേയും അവരുടെ കുട്ടികളുടേയും വിവാഹ ആവശ്യത്തിനും അംഗീകൃത തൊഴിലാളി സംഘടനകളുടെ ആവശ്യങ്ങൾക്കും ആഡിറ്റോറിയം കുറഞ്ഞ നിരക്കിൽ അനുവദിക്കുന്നു. ഹോളിഡേ ഹോം കോവിഡ് സാഹചര്യത്തിൽ പൂർണ്ണമായും CFLTCകളായി പ്രവർത്തിച്ചിരുന്നു.

കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് സംസ്ഥാനത്തെ 5 ജില്ലകളിലായി ഒരു തൊഴിലാളിക്ക് ഒരു വീട് എന്ന നിലയിൽ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടങ്ങൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി, എറണാകുളം പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് വീട്നിർമ്മിച്ച് നൽകുന്നത്. സംസ്ഥാനത്ത് ഇതാദ്യമായാണ് ഒരു ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്കായി വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി ആരംഭിക്കുന്നത്. ഭവനം നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ ബോർഡു നൽകുന്നു. ആദ്യഘട്ടം എന്ന നിലയിലാണ് ബോർഡ് ഭവനപദ്ധതി 5 ജില്ലകളിൽ നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കും.

സംസ്ഥാനത്തെ എല്ലാ ക്ഷേമനിധി ബോർഡുകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിൽ കൊച്ചിയിലുള്ള 20 സെന്റ് സ്ഥലത്ത് തൊഴിലാളി ക്ഷേമഭവൻ നിർമിക്കുന്നിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.



കോവിഡ്–19 രണ്ടാംഘട്ടം ധനസഹായമായി കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ അനുവദിച്ച 25,03,79,000 രൂപയിൽ 17,49,94,000 രൂപ 174994 തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ സാധിച്ചു. അസംഘടിതമേഖലയിലെ തൊഴിലാളികൾക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഇ-ശ്രം പോർട്ടലിൽ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ എല്ലാ ജില്ലാ കാര്യാലയങ്ങൾവഴിയും ബോർഡിന്റെ പരിധിയിൽവരുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കാൻ സാധിച്ചിട്ടുണ്ട്

ഭരണഭാഷ മാതൃഭാഷ എന്നുള്ളത് കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ 100% കൈവരിച്ചിട്ടുണ്ട്. മലയാള ഭാഷാ വാരാചരണത്തിന്റെ ഭാഗമായി തൊഴിൽ വകുപ്പ് നടത്തിയ രചനാമത്സരങ്ങളിൽ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ ജീവനക്കാർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുകയും തൊഴിൽഭവനിൽ നടത്തിയ അനുമോദന ചടങ്ങിൽ ബഹു.ലേബർ കമ്മീഷണർ വിജയികൾക്ക് പുരസ്കാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.



# കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

തൊഴിലാളികൾക്ക് വേണ്ടി കേരള സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച ക്ഷേമ പദ്ധതിയാണ് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതി. കേരളത്തിലെ അരലക്ഷത്തോളം വരുന്ന കള്ള് വ്യവസായ തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നീ സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ നിയമാധിഷ്ഠിതമായി ഏർപ്പെടുത്തണമെന്ന ദീർഘകാലാവശ്യത്തിന്റെ സാക്ഷാത്കാരമാണ് 1969-ലെ 22-ാം നിയമമായി കേരള നിയമസഭ പാസാക്കിയ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമം.

### 1. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

കേരള കള്ള് വ്യവസായ തൊഴിലാളികളുടെ മക്കൾക്ക് വേണ്ടി നടപ്പിലാക്കിയ സ്കോളർഷിപ്പ് പദ്ധതി പ്രകാരം 8-ാംക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ക്ലാസുകളിൽ പഠിക്കുന്ന, ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. കള്ള് വ്യവസായ തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമം 8 ഗ്രാം, 6 ഗ്രാം, 4 ഗ്രാം വീതം തൂക്കമുള്ള സ്വർണ്ണമെഡൽ നൽകിവരുന്നു. കൂടാതെ ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 1500 രൂപ, 750 രൂപ 375 രൂപ വീതം ക്യാഷ് അവാർഡും നൽകുന്നു.

### 2.അവശത ധനസഹായം

ജോലിയിലിരിക്കെ അപകടം സംഭവിച്ച് മറ്റ് ജോലികൾ ചെയ്യുവാൻ കഴിവില്ലാതായിത്തീരുന്ന തൊഴിലാളികൾക്ക് പ്രതിമാസം 300 രൂപയിൽ കവിയാത്ത ധനസഹായം നൽകുന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

### 3. മരണാനന്തര ധനസഹായം

ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്ന തൊഴിലാളികളുടെ മരണാനന്തര ചടങ്ങുകൾക്കായി 5000 രൂപയും പെൻഷൻ കൈപറ്റിവരവെ മരണമടയുന്ന തൊഴിലാളികളുടെ മരണാനന്തര ചടങ്ങുകൾക്കായി 3000 രൂപയും ബോർഡിൽനിന്നും അനുവദിച്ചുവരുന്നു.

### 4. കോവിഡ് ധനസഹായം

കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച 1,000 രൂപ ധനസഹായം ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 14,014 തൊഴിലാളികൾക്കും കൂടാതെ ബോർഡ് പ്രഖ്യാപിച്ച 5,000 രൂപ ധനസഹായം 14,368 തൊഴിലാളികൾക്കും, രണ്ടാം ഘട്ടമായി 14,078 തൊഴിലാളികൾക്ക് 1,000 രൂപ ധനസഹായവും ബോർഡിന്റെ തനതു ഫണ്ടിൽനിന്നും 2020-21 വർഷം വിതരണം ചെയ്യുകയുണ്ടായി.

### 5. പാരിതോഷികം

ക്ഷേമനിധിയിൽനിന്നും പ്രായാധിക്യംമൂലം പിരിയുന്ന ചെത്ത് തൊഴിലാളികളിൽ കൂടുതൽ കാലം സേവനദൈർഘ്യമുള്ളവർക്ക് ജില്ലാടിസ്ഥാനത്തിൽ 50,000 രൂപ വീതവും ഏറ്റവും കൂടുതൽ കള്ള് അളക്കുന്ന തെങ്ങ്/പന ചെത്ത് തൊഴിലാളിക്ക് ജില്ലാ അടിസ്ഥാനത്തിൽ 50,000 രൂപ വീതവും പാരിതോഷികമായി നൽകിവരുന്നു. പാലക്കാട് ജില്ലയിൽ മാത്രം കള്ള് അളക്കുന്ന കരിമ്പന ചെത്ത് തൊഴിലാളിക്കു 50,000 രൂപ പാരിതോഷികമായി നൽകിവരുന്നു.

കള്ള് വ്യവസായ തൊഴിലാളികളെയും അവരുടെ കുടുംബത്തെയും സംരക്ഷിക്കുവാൻ അപകട ഇൻഷുറൻസ് പദ്ധതി ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് അപകട മരണമോ പൂർണ്ണ അംഗവൈകല്യമോ സംഭവിച്ചാൽ 6 ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യത്തിന് 3 ലക്ഷം രൂപയും ജോലിയ്ക്കിടയിലുണ്ടാകുന്ന അപകടം മൂലം ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സംബന്ധമായ ചെലവുകൾക്ക് പരമാവധി 1 ലക്ഷം രൂപയും നൽകിവരുന്നു. അപകടം മൂലം ഗുരുതരമായി പരിക്കുപറ്റി ദീർഘകാലം കിടപ്പിലാവുന്ന രോഗികൾക്ക് ആഴ്ചതോറും 5,000 രൂപ എന്ന നിരക്കിൽ പ്രതിമാസം 15,000 രൂപ വരെയോ പരമാവധി 100 ആഴ്ചയോ ഇൻഷുറൻസ് തുകയ്ക്ക് തുല്യമാകുന്നതുവരെയോ നൽകുന്ന തരത്തിൽ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

### 6. വിവാഹ ധനസഹായം

സർവ്വീസിലിരിക്കെ മരണപ്പെടുന്ന, ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളിയുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 2,00,000 രൂപ നൽകുവാൻ സർക്കാർ ഉത്തരവിട്ടു. ക്ഷേമനിധിയിൽ അംഗത്വമുള്ള എല്ലാ തൊഴിലാളികൾക്കും തൊഴിലാളികളുടെ 2 പെൺമക്കൾക്കും 40,000 രൂപവീതം വിവാഹ ധനസഹായമായി നൽകിവരുന്നു.

### 7. കുടുംബ പെൻഷൻ

പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 01.07.2017-നുശേഷം മരണപ്പെടുന്ന തൊഴിലാളിയുടെ ഭാര്യ/ഭർത്താവ് പ്രതിമാസം പെൻഷന്റെ മൂന്നിലൊന്ന് തുകയോ, 1200 രൂപയോ ഏതാണോ കൂടുതൽ ആയതും വിരമിച്ചശേഷം മരണപ്പെടുന്ന പെൻഷൻകാരുടെ വിധവകൾക്ക് പ്രതിമാസം 1100 രൂപ നിരക്കിലും കുടുംബ പെൻഷനായി നൽകിവരുന്നു.

### 8. സാന്ത്വന പെൻഷൻ

സർവ്വീസിലിരിക്കെ 07/2017-ന് ശേഷം മരണപ്പെട്ട തൊഴിലാളിയുടെ ഭാര്യയ്ക്ക്, തൊഴിലാളി ജീവിച്ചിരുന്നുവെങ്കിൽ സർവ്വീസിൽ തുടരുമായിരുന്ന കാലയളവ് വരെ അതായത് തൊഴിലാളിക്ക് 60 വയസ്സ് പൂർത്തിയാകുന്ന കാലയളവ് വരെ, പ്രതിമാസം 3000 രൂപ വീതവും തുടർന്നുള്ള കാലയളവിൽ 1100 രൂപ വീതവും സാന്ത്വന പെൻഷനായി നൽകിവരുന്നു.

### 9.അപകട ഇൻഷുറൻസ് പദ്ധതി

01.07.2013 മുതൽ കള്ള് വ്യവസായ തൊഴിലാളികളെയും അവരുടെ കുടുംബത്തെയും സംരക്ഷിക്കുവാൻ അപകട ഇൻഷുറൻസ് പദ്ധതി ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് അപകട മരണമോ പൂർണ്ണ അംഗവൈകല്യമോ സംഭവിച്ചാൽ 6 ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യത്തിന് 3 ലക്ഷം രൂപയും ജോലിയ്ക്കിടയിലുണ്ടാകുന്ന അപകടം മൂലം ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സംബന്ധമായ ചെലവുകൾക്ക് പരമാവധി 1 ലക്ഷം രൂപയും നൽകിവരുന്നു. അപകടം മൂലം ഗുരുതരമായി പരിക്കുപറ്റി ദീർഘകാലം കിടപ്പിലാവുന്ന രോഗികൾക്ക് ആഴ്ചതോറും 5,000 രൂപ എന്ന നിരക്കിൽ പ്രതിമാസം 15,000 രൂപ വരെയോ പരമാവധി 100 ആഴ്ചയോ ഇൻഷുറൻസ് തുകയ്ക്ക് തുല്യമാകുന്നതുവരെയോ നൽകുന്ന തരത്തിൽ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.





### 10. ഹെൽപ് ഡെസ്ക് സംവിധാനം

തൊഴിലാളികളുടെയും പെൻഷൻകാരുടെയും സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി ബോർഡിന്റെ തിരുവനന്തപുരത്തുള്ള ചീഫ് ഓഫീസിൽ 'ക്ഷേമ' എന്ന പേരിൽ ഒരു ഹെൽപ് ഡെസ്ക് സംവിധാനം ആരംഭിച്ചിട്ടുണ്ട്. (ഹെൽപ് ഡെസ്ക് നമ്പർ- 0471- 2930893, 9447148093)

### 11. ഇ-നിധി സോഫ്റ്റ്‌വെയർ

ബോർഡിൽ നിലവിൽ ഉപയോഗത്തിൽ ഉള്ള നിധി സോഫ്റ്റ്‌വെയറിന്റെ നവീകരണം NIC യിൽ പുരോഗമിച്ചുവരുകയാണ്. ഇതിന്റെ ആദ്യ ഘട്ടമായി തൊഴിലാളികളുടെ രജിസ്ട്രേഷൻ, പെൻഷൻ എന്നീ മൊഡ്യൂളുകൾ നിലവിൽ വന്നുകഴിഞ്ഞു. മറ്റു മൊഡ്യൂളുകൾ പൂർത്തീകരിക്കുന്ന പ്രവൃത്തികൾ NIC യിൽ പുരോഗമിച്ചു വരുകയാണ്.

### 12. തൊഴിലാളികളുടെ മക്കൾക്കുള്ള ലാപ്ടോപ്പ് വിതരണപദ്ധതി

സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ MBBS, MBA, MCA, M.Tech, M.Pharm, B.Tech, BDS, BAMS, BVSC & AH, BSc.MLT, Bpharm, BSc Nursing എന്നീ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകി വരുന്നു.

### 13. വെബ്സൈറ്റ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ എല്ലാവരിലും എത്തിക്കുന്നതിനായി www.toddyworkerswelfare.kerala.gov.in എന്ന പേരിൽ ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബോർഡ് ജീവനക്കാരുടെ സേവനവേതന വിവരങ്ങൾ സോഫ്റ്റ്‌വെയർ മുഖേന കൈകാര്യം ചെയ്യുന്നതിന് ജി-സ്പാർക്ക് ബോർഡിൽ നടപ്പിലാക്കുകയുണ്ടായി.

### 14. ഇ-ഓഫീസ് സംവിധാനം

ബോർഡിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും ആധുനികവൽക്കരിക്കുന്നത് വഴി തൊഴിലാളികളുടെ ആനുകൂല്യ വിതരണം വേഗത്തിലാക്കുന്നതിനും തൊഴിലാളികളുടെ അപേക്ഷയിന്മേൽ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിനും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കുകയുമുണ്ടായി.

### 15. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം

തൊഴിലാളികൾക്കുള്ള പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഓൺലൈൻ ആയി അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് മാറ്റാൻ സാധിക്കുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ 2020 ഫെബ്രുവരി 20-ന് നിർവ്വഹിക്കുകയുണ്ടായി. ടി ദിവസം മുതൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യ വിതരണം DBT സംവിധാനം ഉപയോഗിച്ച് നടത്തിവരുന്നു.●



# കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കർഷക തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനുവേണ്ടി 1974-ൽ കേരള കർഷക തൊഴിലാളി നിയമം നിലവിൽ വന്നു. കേരളത്തിലെ കർഷക തൊഴിലാളികളുടെ ക്ഷേമവും തൊഴിൽ വ്യവസ്ഥകളും ക്രമീകരിക്കുന്നതിനായി കേരള നിയമസഭ 1974-ൽ പാസാക്കിയ ഈ നിയമം രാജ്യത്തിനാകെ മാതൃകയാവുകയുണ്ടായി. കേരള കർഷക തൊഴിലാളി നിയമത്തിലെ അധികാരങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി 1975-ൽ കർഷക തൊഴിലാളി ചട്ടം രൂപീകരിച്ചു. ഈ നിയമം നിലവിൽ വന്നതോടെ കർഷക തൊഴിലാളികളുടെ ജോലി സമയം ക്ലിപ്തപ്പെടുത്തുകയും ജോലി സ്ഥിരത ഉറപ്പുവരുത്തുകയും ചെയ്തു.

1974-ലെ കേരള കർഷക തൊഴിലാളി നിയമത്തിന്റെ എട്ടാം വകുപ്പ് അനുസരിച്ച് കേരള കർഷക തൊഴിലാളി പ്രൊവിഡന്റ് പദ്ധതിക്ക് രൂപം നൽകി. എന്നാൽ, കർഷക തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ കൂടതൽ കരുത്തുപകരുന്നതിനായി കർഷക തൊഴിലാളി പ്രൊവിഡന്റ് പദ്ധതി നിർത്തൽ ചെയ്ത് 1990-ൽ കേരള കർഷക തൊഴിലാളി ക്ഷേമനിധിക്ക് സർക്കാർ രൂപംകൊടുത്തു. ക്ഷേമനിധിയിലെ ഭരണ നിർവഹണത്തിനായി 1990 ജൂലൈ 5-ാം തീയതിയിലെ ഉത്തരവ് പ്രകാരം ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. കേരളത്തിലെ അസംഘടിതരായ തൊഴിലാളികളുടെ കൂട്ടത്തിൽ മുന്തിയ പരിഗണന അർഹിക്കുന്ന കർഷക തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പാക്കുക എന്ന ലക്ഷ്യമാ



ണ് ഈ ബോർഡിനുള്ളത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികളായി 7 പേർ വീതം അടങ്ങുന്ന ചെയർമാനും ഡെപ്യൂട്ടി ലേബർ കമ്മീഷണർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഉൾപ്പെടെയുള്ള 21 അംഗ ഡയറക്ടർ ബോർഡാണ്.

### അംഗത്വവും രജിസ്ട്രേഷൻ നടപടികളും

അസംഘടിതമേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ 18 വയസ്സ് പൂർത്തയാക്കിയവരും 55 വയസ്സിനു താഴെയുള്ളവരുമായ കർഷക തൊഴിലാളികൾക്ക് അംഗമാകാവുന്നതാണ്.

2022 മാർച്ച് വരെ 14,78,261 അംഗങ്ങൾ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 5,06,531 ഓളം അംഗങ്ങൾ 60 വയസ്സ് പൂർത്തിയാക്കിയും മരണമടഞ്ഞും കൊഴിഞ്ഞുപോയിട്ടുണ്ട് . നിലവിൽ 9,87,472 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. 60 വയസ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഒരു തൊഴിലാളി ക്ഷേമനിധി അംഗമല്ലാതായിത്തീരുന്നു.

### അംശദായ, ഭൂവുടമ വിഹിതശേഖരണം

തൊഴിലാളികളിൽനിന്നുള്ള അംശദായവും ഭൂവുടമകളിൽനിന്നുള്ള വിഹിതവുമാണ് ബോർഡിന്റെ വരുമാനമാർഗ്ഗങ്ങൾ. ബോർഡിന്റെ ആരംഭം മുതൽ 2003 ആഗസ്ത് വരെ 2 രൂപ നിരക്കിലും അതിനുശേഷം പ്രതിമാസം 5 രൂപയാക്കിയും അംശദായം വർദ്ധിപ്പിച്ചിട്ടുണ്ട്

> 1974–ലെ കേരള കർഷക തൊഴിലാളി നിയമത്തിന്റെ എട്ടാം വകുപ്പ് അനുസരിച്ച്കേരള കർഷക തൊഴിലാളി പ്രൊവിഡന്റ്പദ്ധതിക്ക്രൂപം നൽകി. എന്നാൽ, കർഷക തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ കൂടതൽ കരുത്തുപകരുന്നതിനായി കർഷക തൊഴിലാളി പ്രൊവിഡന്റ് പദ്ധതി നിർത്തൽ ചെയ്ത് 1990–ൽ കേരള കർഷക തൊഴിലാളി ക്ഷേമനിധിക്ക്സർക്കാർ രൂപംകൊടുത്തു. ക്ഷേമനിധിയിലെ ഭരണ നിർവഹണത്തിനായി 1990 ജൂലൈ 5–ാം തീയതിയിലെ ഉത്തരവ്പ്രകാരം ക്ഷേമനിധി ബോർഡ്രൂപീകരിച്ചു. കേരളത്തിലെ അസംഘടിതരായ തൊഴിലാളികളുടെ കൂട്ടത്തിൽ മുന്തിയ പരിഗണന അർഹിക്കുന്ന കർഷക തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പാക്കുക എന്ന ലക്ഷ്യമാണ് ഈ ബോർഡിനുള്ളത്

2020 ജനുവരി മുതൽ തൊഴിലാളി അടയ്ക്കുന്ന അംശദായ വിഹിതം 5 രൂപയിൽ നിന്ന് 20 രൂപയായി വർദ്ധിപ്പിക്കുകയും. ഭൂവുടമാവിഹിതം 20 'ആർ' നും 40 'ആർ' നും ഇടയ്ക്കുള്ള ഓരോ 'ആർ' നും 50 പൈസയും 40 'ആർ' നു മുകളിലുള്ള ഓരോ 'ആർ' നും 1 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട് കൂടാതെ ബോർഡ് അംശദായമിനത്തിൽ പിരിച്ചെടുക്കുന്ന വിഹിതത്തിന്റെ 25 ശതമാനമായി സർക്കാർ അനുവദിക്കുന്ന മാച്ചിംഗ് ഗ്രാന്റ് നിജപ്പെടുത്തുകയും ചെയ്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയും 2021 നവംബർ 14 ന് ഭേദഗതി നടത്തി നിയമമാകുകയും ചെയ്തിട്ടുണ്ട്

### ക്ഷേമാനുകൂല്യങ്ങൾ

കർഷതൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി വിവിധ ക്ഷേമാനുകൂല്യ പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട് അധിവർഷാനുകൂല്യം, മരണാനന്തര സഹായം എന്നീ ക്ഷേമപദ്ധതികളാണ് കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന് പുറമെ ബോർഡിന്റെ സാമ്പത്തിക സ്ഥിതിക്ക





നുസരിച്ച് വിവിധ പദ്ധതികൾ ബോർഡിന് ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംശദായവും ഭൂവുടമാവിഹിതവും വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ബോർഡിന്റെ പ്രൊപ്പോസലിന്മേൽ വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാധനസഹായം എന്നിവയുടെ നിരക്ക് 2021 ആഗസ്റ്റ് മുതൽ വർദ്ധിപ്പിക്കുകയുണ്ടായി.

**അധിവർഷാനുകൂല്യം:** 60 വയസ്സ് പൂർത്തിയാക്കുന്ന/മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം (പ്രതിവർഷം 625 രൂപ നിരക്കിൽ പരമാവധി 25,000 രൂപവരെ)

**മരണാനന്തര ധനസഹായം:** മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങളുടെ നിയമാനുസൃത അവകാശിക്ക് അടിയന്തര സഹായമായി 2,000 രൂപ നൽകിയിരുന്നു. 2021 ആഗസ്റ്റ് മുതൽ ഈ ആനുകൂല്യം 5,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**വിവാഹധനസഹായം:** വനിതകളായ ക്ഷേമനിധി അംഗങ്ങൾക്കും ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹധനസഹായമായി 2,000 രൂപ. നൽകിയിരുന്നു. 2021 ആഗസ്റ്റ് മുതൽ ഈ ആനുകൂല്യം 5,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**പ്രസവധനസഹായം:** വനിതകളായ ക്ഷേമനിധി അംഗങ്ങൾക്ക് 1,000 രൂപ വീതം പ്രസവധനസഹായം.

**ചികിത്സാധനസഹായം:** ക്ഷേമനിധി അംഗങ്ങൾക്ക് അപകടം, രോഗം മൂലമുണ്ടാകുന്ന ചികിത്സയ്ക്ക് 5 വർഷത്തിലൊരിക്കൽ 2,500 രൂപ ചികിത്സാ ധനസഹായം നൽകിയിരുന്നു. 2021 ആഗസ്റ്റ് മുതൽ ഈ ആനുകൂല്യം 4,000 രൂപയാക്കി (3 വർഷത്തിലൊരിക്കൽ) വർദ്ധിപ്പിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ ധനസഹായം:** ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായമായി 2,500 രൂപ മുതൽ 7,000 രൂപ വരെ അവർക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു.

2020 മുതൽ അംശദായവും ഭൂവുടമാ വിഹിതവും വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ ബോർഡ് നൽകിവരുന്ന വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം എന്നീ ആനുകൂല്യങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ വരുമാനം വർദ്ധിച്ചതിനാൽ ബോർഡ് നൽകിവരുന്ന ആനുകൂല്യങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൃത്യമായി നൽകാൻ കഴിഞ്ഞിട്ടുണ്ട്. അധിവർഷാനുകൂല്യം നൽകുന്നതിനായി 2021 നവംബർ മാസത്തിൽ 20 കോടി രൂപ സർക്കാർ അനുവദിക്കുകയും 2022-23 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപ സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ചതും ബോർഡിന് ഗുണകരമാകും. എങ്കിലും 2014 മുതൽ അധിവർഷാനുകൂല്യം കുടിശ്ശികയായി നിലനിൽക്കുന്നു എന്നത് ബോർഡ് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നാണ്.

# കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്

1992 ഏപ്രിൽ 10-ന് സാമൂഹ്യ ക്ഷേമവകുപ്പ് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം അങ്കണവാടി പ്രവർത്തകർക്കുള്ള ക്ഷേമനിധി ബോർഡ് രൂപീകരിച്ചു.

സംയോജിത ശിശുവികസന സേവന പദ്ധതി പ്രകാരം കേരള സംസ്ഥാനത്ത് ആരംഭിച്ചതും പ്രവർത്തിച്ചുവരുന്നതുമായ അങ്കണവാടികളിലെ അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷാംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്ക് വേണ്ടി ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ് രൂപീകൃതമായി. ഇതിനെ 2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ക്ഷേമനിധി ആക്റ്റ് എന്ന് പറയുന്നു.

## ചട്ടങ്ങൾ

2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമനിധി ആക്റ്റിലെ 28-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2020 ജനുവരി 6-ന് ചട്ടങ്ങൾ രൂപീകരിച്ചു.





## കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമനിധി ബോർഡ്

2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമനിധി ആക്റ്റിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സർക്കാരിന് വിജ്ഞാപനംവഴി അതിൽ നിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി 'കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമനിധി ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്. ആയതുപ്രകാരം 2019 ജൂൺ ഒന്നിന്റെ സ.ഉ. (അച്ചടി) നമ്പർ 7/2019/സാ.നി.വ വിജ്ഞാപന പ്രകാരം അങ്കണവാടി വെൽഫെയർ ഫണ്ട് ബോർഡിന് ചേയർപേഴ്സണേയും മറ്റ് അംഗങ്ങളേയും നിയമിച്ചു.

## കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ നിലവിലെ പ്രവർത്തനങ്ങൾ

വനിതാ ശിശുവികസന വകുപ്പിൻ കീഴിൽ ആകെ 33,115 അങ്കണവാടി സെന്ററുകളിലായി 32,158 സ്ഥിരം അങ്കണവാടി വർക്കർമാരും 28,436 സ്ഥിരം അങ്കണവാടി ഹെൽപ്പർമാരും പ്രവർത്തിക്കുന്നു.

സംയോജിത ശിശുവികസന സേവന പദ്ധതി പ്രകാരം കേരള സംസ്ഥാനത്ത് ആരംഭിച്ചതും പ്രവർത്തിച്ചുവരുന്നതുമായ അങ്കണവാടികളിലെ അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷാംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്ക് വേണ്ടി ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ് രൂപീകൃതമായി. ഇതിനെ 2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ക്ഷേമനിധി ആക്റ്റ് എന്ന് പറയുന്നു.

## ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ

അങ്കണവാടി ക്ഷേമനിധി ബോർഡിൽനിന്നും അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ, ബെനിഫിറ്റ്, ഗ്രാറ്റുവിറ്റി, വിരമിച്ച അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യം, മരണാനന്തരാനുകൂല്യം, ഹൗസിംഗ്ലോൺ, വിദ്യാഭ്യാസ ലോൺ, വിവാഹവായ്പ, ചികിൽസാ ധനസഹായം എന്നിവ 2018 വരെ നൽകിയിരുന്നു.

എന്നാൽ, അങ്കണവാടി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികസ്ഥിതി പരിതാപകരമായതിനാൽ നിലവിൽ വിരമിച്ച അങ്കണവാടി ജീവനക്കാരുടെ ബെനിഫിറ്റ്, ഗ്രാറ്റുവിറ്റി, പ്രതിമാസ പെൻഷൻ, രാജിവെച്ച അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ, അങ്കണവാടി ജീവനക്കാർ ആയിരിക്കെ മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് മരണാനന്തരാനുകൂല്യം എന്നിവയാണ് അങ്കണവാടി ക്ഷേമനിധി ബോർഡിൽനിന്നും നൽകുന്നത്.

2021-22 സാമ്പത്തിക വർഷം 7601 ഹെൽപ്പർമാർക്ക് 1500 രൂപ നിരക്കിൽ 14,12,72,200 രൂപയും 6601 വർക്കർമാർക്ക് 2500 രൂപ നിരക്കിൽ 20,16,52,227 രൂപയും പെൻഷൻ ഇനത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ മരണാനന്തരാനുകൂല്യമായി 29,72,700 രൂപയും രാജി ആനുകൂല്യമായി 10,98,981 രൂപയും ക്ഷേമനിധി ആനുകൂല്യമായി 4,53,592 രൂപയും ഗ്രാറ്റുവിറ്റി ആയി 1,74,55,000 രൂപയും നൽകിയിട്ടുണ്ട്.

# കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിൽ പരമ്പരാഗതമായി തൊഴിലെടുക്കുന്ന സാധാരണക്കാരായ തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനും വേണ്ടിയാണ് 1998-ൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് നിലവിൽവന്നത്. 2000-ൽ ഈ ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുമ്പോൾ 1841 തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിരുന്നതെങ്കിൽ 22 വർഷം പിന്നിട്ടപ്പോൾ കേരള സംസ്ഥാനത്ത് ഈറ്റ, കാട്ടുവള്ളി, തഴ മേഖലകളിൽ ജോലി ചെയ്ത് ഉപജീവനം നടത്തിവരുന്ന 1,07,711 തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ലോകത്ത് എല്ലാ രാജ്യങ്ങളിലും സമാനതകളില്ലാത്ത ഭീതി വിതച്ച് തൊഴിൽ മേഖലയെ ആകെ തകർത്തുകൊണ്ട് കോവിഡ് മഹാമാരി പടർന്നുപിടിച്ചപ്പോൾ തൊഴിലില്ലാതെ കഷ്ടപ്പാടനുഭവിച്ച എല്ലാ മേഖലയിലെയും തൊഴിലാളികളെ ചേർത്തു പിടിക്കുന്ന സമീപനമാണ് കേരള സർക്കാർ സ്വീകരിച്ചത്. അതിന്റെ ഫലമായി ലോക്ഡൗൺ കാലഘട്ടങ്ങളിൽ സർക്കാർ 18,11,25,000 രൂപ അനുവദിക്കുകയും പ്രസ്തുത തുക ഒന്നാം ഘട്ടത്തിൽ 68,068 പേർക്കും രണ്ടാം ഘട്ടത്തിൽ 62,796 പേർക്കും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേമപെൻഷനുകൾ 2021 ഏപ്രിൽ മുതൽ 1600 രൂപയായി ഉയർത്തി കൊണ്ട് സർക്കാർ ജനപക്ഷബദൽ നയങ്ങളിലൂടെ സമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഈ ക്ഷേമനിധി ബോർഡിൽ 2021-22 സാമ്പത്തിക വർഷം വരെ 10,800 പദ്ധതി/പദ്ധതിയിതര പെൻഷൻ വാങ്ങുന്ന തൊഴിലാളികൾ ഉണ്ട്. ഇതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 41,85,33,600 രൂപ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽനിന്നും 39,19,07,700 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

വിവാഹധനസഹായമായി 2021-22 സാമ്പത്തിക വർഷം 279 പേർക്ക് 8,24,500 രൂപ ചെലവഴിച്ചു. അസംഘടിതമേഖലയിലെ സത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ വിതരണത്തിനായി 956 പേർക്ക് 1,43,40,000 രൂപ ചെലവഴിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനവും തൊഴിൽ ലഭ്യതയും ഉറപ്പാക്കുന്നതിന് 4 ലക്ഷം രൂപ ചെലവഴിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്കോളർഷിപ്പിനായി 347 പേർക്ക് 3,47,000 രൂപ അനുവദിച്ചു. സാമ്പത്തിക താങ്ങൽ പദ്ധതിക്കായി 5,00,00,000 രൂപ അനുവദിച്ചത് 40,000 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

### അംശദായം

ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികളും തൊഴിലുടമയുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളും പ്രതിമാസം 15 രൂപ നിരക്കിൽ വർദ്ധിപ്പിച്ചുകൊണ്ടും സർക്കാരിൽ നിന്നുള്ള മാച്ചിംഗ് ഗ്രാന്റ് തൊഴിലാളിയുടെ അം












ശദായത്തിന്റെ 75% നിരക്കിൽ സർക്കാർ നിന്നും മാച്ചിംഗ് ഗ്രാന്റ് ലഭിക്കുവാൻ വ്യവസ്ഥയുണ്ട്.

## ക്ഷേമനിധി ബോർഡ് വഴി നൽകിയ വിവിധ ആനുകൂല്യങ്ങൾ

### പ്രസവാനുകൂല്യം

അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതിയിലൂടെ 14,000 രൂപ ഒരു സ്ത്രീ തൊഴിലാളിക്ക് പ്രസവാനുകൂല്യമായി നൽകിവരുന്നു. ക്ഷേമനിധി ബോർഡ് നിലവിൽ നൽകിവരുന്ന 1000 രൂപയ്ക്ക് പുറമെയാണ് ഈ ആനുകൂല്യം. ഒരു തൊഴിലാളിക്ക് പരമാവധി 2 പ്രാവശ്യം വരെ ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.

2021-22ൽ നൽകിയത്:=956 പേർക്ക് 1,43,40,000 രൂപ

പ്രതിപൂരണം ചെയ്ത് ലഭിക്കേണ്ട തുക = 2,53,26,000 രൂപ

### സാമ്പത്തിക താങ്ങൽ പദ്ധതി

അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുള്ള സർക്കാരിന്റെ പ്രത്യേക സാമ്പത്തിക താങ്ങൽ പദ്ധതിപ്രകാരം ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയ തൊഴിലാളികൾക്ക് പ്രതിവർഷം 1250 രൂപ നിരക്കിൽ നൽകിവരുന്നു.

2021-22ൽ അനുവദിച്ച തുക = 5,00,00,000 രൂപ

2021-22ൽ നൽകിയത് =40,000 പേർക്ക് 5,00,00,000 രൂപ

### വിവാഹധനസഹായം

ക്ഷേമനിധിയിലെ അംഗത്തിനോ, അംഗത്തിന്റെ ഒരു മകളുടെ വിവാഹത്തിനോ അവരുടെ വിവാഹതീയതിയിൽ അംഗത്തിനുള്ള സീനിയോരിറ്റി അനുസരിച്ച് 2000, 2500, 3000 രൂപ എന്നിങ്ങനെ വിവാഹധനസഹായം നൽകിവരുന്നു.

2021-22 ൽ നൽകിയത്= 279 പേർക്ക് 8,24,500 രൂപ

### എസ്.എസ്.എൽ.സി സ്കോളർഷിപ്പ്

ഈ ക്ഷേമനിധിയിൽ അംഗമായി ചേർന്നിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് എസ്.എസ്.എൽ.സി ക്ക് എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചിട്ടുള്ള എല്ലാ കുട്ടികൾക്കും 1000 രൂപ വീതം രണ്ട് വർഷത്തേക്ക് സ്കോളർഷിപ്പ് ഇനത്തിൽ നൽകിവരുന്നുണ്ട്.

2021-2022ൽ നൽകിയത് = 272 പേർക്ക് 272,000 രൂപ (ഒന്നാം ഗഡു), 75 പേർക്ക് 75,000 രൂപ (രണ്ടാം ഗഡു)

### കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ്

ക്ഷേമനിധിയിലെ അംഗങ്ങളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി അംഗത്തിന്റെ ക്രെഡിറ്റിലുള്ള തുകയുടെ 80 ശതമാനം വരെയുള്ള തുക തിരിച്ചടയ്ക്കേണ്ടതില്ലാത്ത തുകയായി നൽകിവരുന്നുണ്ടണ്ട്.

2021-22 ൽ നൽകിയത് =14 പേർക്ക് 11,555 രൂപ

### ചികിത്സാസഹായം

ക്ഷേമനിധിയിൽ ഒരു വർഷമെങ്കിലും അംഗത്വമുള്ള അംഗത്തിന് സ്ഥായിയായ അവശത സംഭവിക്കുകയും തുടർന്ന് ജോലി ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്താൽ ബോർഡിന്റെ തീരുമാനപ്രകാരം പരമാവധി 10,000 രൂപ വരെ ചികിത്സാസഹായമായി നൽകിവരുന്നുണ്ട്. ഇങ്ങനെയുള്ള അംഗങ്ങൾക്ക് തുടർന്ന് ജോലി ചെയ്യുവാൻ സാധിക്കുകയില്ല എന്നുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ബോർഡ് തീരുമാനപ്രകാരം സർക്കാർ ഫണ്ടുപയോഗിച്ച് അവശത പെൻഷനും നൽകിവരുന്നു.



2021-22-ൽ നൽകിയത് = 15 പേർക്ക് 77,500 രൂപ

### മരണാനന്തരസഹായം

ഈ ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണപ്പെടുകയാണെങ്കിൽ നിയമാനുസൃത അവകാശിക്ക് അംശാദായമായി അടച്ച തുകയും തത്തുല്യമായ ബോർഡ് വിഹിതവും ചേർത്ത് മരണാനന്തര സഹായം നൽകുന്നതാണ്.

2021-22-ൽ നൽകിയത് = 36 പേർക്ക് 59,166 രൂപ

### കോവിഡ് -19 സാമ്പത്തിക സഹായം

ലോകത്ത് എല്ലാ രാജ്യങ്ങളിലും സമാനതകളില്ലാത്ത ഭീതി വിതച്ചു കൊണ്ട് തൊഴിൽ മേഖലയെ ആകെ തകർത്തുകൊണ്ട് കോവിഡ് മഹാമാരി പടർന്നുപിടിച്ചപ്പോൾ തൊഴിലില്ലാതെ കഷ്ടപ്പാടനുഭവിച്ച ഈ മേഖലയിലെ തൊഴിലാളികൾക്ക് സർക്കാർ പ്രത്യേക ധനസഹായം അനുവദിക്കുകയുണ്ടായി.

2021-22-ൽ അനുവദിച്ച തുക = 9 കോടി രൂപ

2021-22-ൽ നൽകിയത് = 62,796 പേർക്ക് 6,27,96,000 രൂപ

### കോവിഡ്-19 ചികിത്സാ സാമ്പത്തിക സഹായം

2021-22-ൽ അനുവദിച്ച തുക = 50 ലക്ഷം രൂപ

2021-22-ൽ നൽകിയത് = 5,000 പേർക്ക് 50,00,000 രൂപ

### ഇ-ശ്രം രജിസ്ട്രേഷൻ ക്യാമ്പുകൾ

അസംഘടിതമേഖലയിലെ തൊഴിലാളികളുടെ രജിസ്ട്രേഷനു വേണ്ടി കേന്ദ്ര സർക്കാർ തയ്യാറാക്കിയ ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു. കേരളം ഒട്ടാകെ 251 ക്യാമ്പുകൾ സംഘടിപ്പിച്ചു.



# കേരള ബീഡി–ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാനത്തെ ബീഡി–ചുരുട്ട് വ്യവസായ തൊഴിലാളികൾക്കും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള നിയമമാണ് 1995–ലെ കേരള ബീഡി–ചുരുട്ട് തൊഴിലാളി ക്ഷേമനിധി നിയമം. പ്രസ്തുത നിയമത്തിന് 1995 നവംബർ 21–ന് പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയും 1995 ഡിസംബർ 16 മുതൽ നിയമം പ്രാബല്യത്തിൽ വരികയും ചെയ്തു. നിയമം പ്രാബല്യത്തിൽ വന്നസമയത്ത് സംസ്ഥാനത്ത് ഏകദേശം 3 ലക്ഷം തൊഴിലാളികൾ ഉണ്ടായിരുന്നു. എന്നാൽ, ബീഡി വ്യവസായ മേഖലയിൽ ഉണ്ടായ തകർച്ചയും പുകവലിയോട് പൊതുജനങ്ങൾക്ക് ഉണ്ടായ താൽപര്യക്കുറവും, കോടതി വിധികളും കാരണം തൊഴിലാളികൾ ഈ രംഗം വിട്ടുപോകുക മൂലം ക്ഷേമനിധി ബോർഡ് തകർച്ച അഭിമുഖീകരിക്കുകയാണ്. ഈ മേഖലയിൽ തൊഴിലാളികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്നതായാണ് കാണുന്നത്.





കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 7 (1) വകുപ്പ് പ്രകാരം നിധിയുടെ ഭരണനിർവ്വഹണത്തിനും നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നതിനും വേണ്ടി സർക്കാർ രൂപീകരിച്ചിട്ടുള്ള ബോർഡാണ് കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്.

സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 15 അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഡയറക്ടർ ബോർഡ്. ഡയറക്ടർമാരിൽ 5 പേർ സർക്കാർ പ്രതിനിധികളും 5 പേർ തൊഴിലുടമാ പ്രതിനിധികളും 5 പേർ തൊഴിലാളികളെയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും പ്രതിനിധീകരിക്കുന്നവരുമാണ്. ഡയറക്ടർമാരിൽ ഒരാളെ ബോർഡിന്റെ ചെയർമാനായി സർക്കാർ നിയമിക്കുന്നു. 3 വർഷമാണ് ഒരു ഡയറക്ടർ ബോർഡിന്റെ ഔദ്യോഗിക കാലാവധി.

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധിയുടെ ഗുണഭോക്താക്കൾ നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള ബീഡി-ചുരുട്ട് തൊഴിലാളികളും ബീഡി-ചുരുട്ട് വ്യവസായത്തിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകളുമാണ്. റിപ്പോർട്ട് വർഷം വരെ ക്ഷേമനിധിയിൽ അംഗങ്ങളായി 42,430 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരണമടഞ്ഞവർ, പെൻഷനായവർ, വിവിധ കാരണങ്ങളാൽ ജോലി ഉപേക്ഷിച്ചവർ, വ്യവസായ പ്രതിസന്ധിമൂലം ജോലിയിൽനിന്നും കൊഴിഞ്ഞുപോയവർ എന്നിവരെ ഒഴിവാക്കിയാൽ 31-03-2020 ൽ 6600 പേർക്ക് ഈ ബോർഡിൽ അംഗത്വം നിലവിലുണ്ട്.

ക്ഷേമനിധിയുടെ വരുമാനമാർഗ്ഗം കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവിധ വിഭാഗങ്ങളിൽനിന്നുള്ള അംശദായങ്ങളാണ്.

1. പ്രതിമാസം 6 രൂപ നിരക്കിലുള്ള തൊഴിലുടമ അംശദായം.

2. പ്രതിമാസം 3 രൂപ നിരക്കിലുള്ള തൊഴിലാളി അംശദായം.

3. പ്രതിമാസം 9രൂപ നിരക്കിലുള്ള സ്വയം തൊഴിൽവിഭാഗക്കാരുടെ അംശദായം.

4. സ്ഥിര നിക്ഷേപങ്ങളിൽനിന്നും സേവിംഗ്സ് നിക്ഷേപങ്ങളിൽനിന്നുമുള്ള പലിശ. എന്നിവയാണ് നിലവിലുള്ള മറ്റ് വരുമാനമാർഗങ്ങൾ.

### ക്ഷേമനിധി ആനുകൂല്യങ്ങൾ

കേരള ബീഡി-ചുരുട്ടു തൊഴിലാളി ക്ഷേമനിധിയിൽനിന്ന് ബീഡി-ചുരുട്ടു തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ താഴെ പറയുന്നവയാണ്.

### • ബീഡി തൊഴിലാളികൾക്കുള്ള പെൻഷൻ

58 വയസ്സ് പൂർത്തിയായി ജോലിയിൽനിന്ന് വിരമിക്കുന്ന അംഗങ്ങൾക്ക് 01/2021 മുതൽ 1500 ഇനത്തിൽ പ്രതിമാസം വിതരണം ചെയ്യുന്നു. റിപ്പോർട്ട് വർഷം ബീഡി പെൻഷൻ ഇനത്തിലും സിഗാർ പെൻഷൻ ഇനത്തിലും സർക്കാർ 6,39,94,300 രൂപ അനുവദിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ ശരാശരി 2829 പേർക്ക് 6,87,12,399 രൂപ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.





• **ചുരുട്ടു തൊഴിലാളി പെൻഷൻ**

കണ്ണൂർ കോഴിക്കോട് ജില്ലകളിലെ 60 വയസ്സ് കഴിഞ്ഞ പരമ്പരാഗത ചുരുട്ട് തൊഴിലാളികൾക്ക് പ്രതിമാസപെൻഷൻ നൽകുന്നതിന് വേണ്ടി ബോർഡിനെ ഏൽപ്പിക്കുകയും സർക്കാർ അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. ചുരുട്ട് പെൻഷൻ നൽകുന്നതിനായി 60 പേർക്ക് ബീഡി പെൻഷൻ നിരക്കിൽ തന്നെ വിതരണം ചെയ്യുന്നു.

• **അവശതയോ മരണമോ സംഭവിച്ചാൽ നൽകുന്ന എക്സ്ഗ്രേഷ്യാ ആനുകൂല്യം**

ഒരംഗത്തിന് തന്റെ ജോലി തുടരാൻ കഴിയാതിരിക്കുകയോ, സ്ഥിരവും സ്ഥായിയുമായ അവശത സംഭവിക്കുകയോ ചെയ്യുന്ന പക്ഷം ക്ഷേമനിധി ഫണ്ടിൽനിന്ന് 10,000 രൂപവരെ ധനസഹായം നൽകുന്നു. ഒരംഗം മരണപ്പെടുകയാണെങ്കിൽ അയാൾ നാമനിർദ്ദേശം ചെയ്ത ആൾക്ക് ഫണ്ടിൽനിന്നും 10,000 രൂപ മരണാനന്തരം ധനസഹായമായി നൽകിവരുന്നു. തൻവർഷം മരണാനന്തര ധനസഹായമായി 80 അംഗങ്ങളുടെ അവകാശികൾക്ക് 80,000 രൂപ (എൺപതിനായിരം) തുക വിതരണം ചെയ്തിട്ടുണ്ട്.

• **വനിതാ അംഗങ്ങൾക്കുള്ള വിവാഹ ധനസഹായം**

ക്ഷേമനിധിയിൽ തുടർച്ചയായ 2 വർഷത്തെ അംഗത്വം പൂർത്തിയാക്കിയ വനിതാ അംഗങ്ങൾക്ക് ധനസഹായമായി 2,000 രൂപ നൽകിവരുന്നു. തൻവർഷം 194 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

• **അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം.**

2 വർഷം അംഗത്വമുള്ള തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലായിട്ടുണ്ട്.

• **അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം**

പദ്ധതിയിൽ 1 വർഷത്തിൽ കുറയാത്ത അംഗത്വമുള്ള സ്തീതൊഴിലാളികൾക്ക് 3 മാസത്തെ മിനിമം വേതനമോ 15000 രൂപയോ ഏതാണോ കുറവ് അത് ആനുകൂല്യമായി അനുവദിക്കുന്നതിനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2020–21 വർഷം പ്രസവാനുകൂല്യം വിതരണം നടത്തിയിട്ടില്ല.

• **പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി**

പരമ്പരാഗത മേഖലയിലെ ബീഡി തൊഴിലാളികൾക്ക് വിവിധ കാലയളവിൽ തുക അനുവദിച്ചുകിട്ടുകയും വിതരണം ചെയ്യുകയും ഉണ്ടായിട്ടുണ്ട്.

• **അംഗങ്ങളുടെ പേരുവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക, ആനുകൂല്യങ്ങൾ, പെൻഷൻ**

**ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുക എന്ന പദ്ധതി.**

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കിയ ഡിജിറ്റൈസേഷൻ പദ്ധതി പ്രകാരം ബോർഡിൽ അംഗങ്ങളായ മുഴുവൻ തൊഴിലാളികളുടേയും പെൻഷൻകാരുടേയും പേരുവിവരങ്ങൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു. ദ്വയാംഗത്വം കണ്ടെത്തൽ, അംശദായം ബാങ്ക് വഴി അടവ് വരുത്തുക, ആനുകൂല്യങ്ങൾ, പെൻഷൻ എന്നിവ പോസ്റ്റ്/ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുക എന്നീ ഉദ്ദേശ്യങ്ങളോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഈ പദ്ധതി ശാസ്ത്രീയമായും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിന് ബോർഡിന് സാധിച്ചിട്ടുണ്ട്. മുഴുവൻ ബീഡി ചുരുട്ട് പെൻഷൻകാർക്കുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും തൻവർഷം പൂർണ്ണമായും ബാങ്ക് അക്കൗണ്ട് വഴിയാണ് വിതരണം നടത്തിയിട്ടുള്ളത്.

• **ക്ഷേമനിധി നിലവിൽ വരുന്നതിനുമുമ്പ് 58 വയസ്സ് പൂർത്തീകരിച്ച് ജോലിയിൽനിന്നും വിരമിച്ചവർക്കുള്ള പെൻഷൻ പദ്ധതി**

പദ്ധതി നിലവിൽ വരുന്നതിന് തൊട്ടുമുമ്പ് 3 വർഷക്കാലയളവിൽ കുറയാതെ ജോലി ചെയ്യുകയും 58 വയസ്സ് പൂർത്തീകരിച്ച് വിരമിക്കുകയും ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ക്ഷേമനിധിയിൽനിന്നും പെൻഷൻ നൽകണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 03/2006 മുതൽ തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചുവരുന്നു. നടപ്പുവർഷം അവസാനിക്കുമ്പോൾ 2411 ബീഡി പെൻഷകാരും 66 സിഗാർ പെൻഷകാരുമാണ് ഉള്ളത്. ബീഡി പെൻഷൻ ഇനത്തിൽ 3,05,40,328 ഉം സിഗാർ പെൻഷൻ ഇനത്തിൽ 10,48,800 ഉം വിതരണം ചെയ്തു.

**2020–2021 വർഷത്തെ ബോർഡിന്റെ പ്രവർത്തന അവലോകനം**

റിപ്പോർട്ട് വർഷം പെൻഷൻ ഫണ്ട് ഇനത്തിൽ (ബീഡി പെൻഷൻ) 6,15,66,900 രൂപയും സിഗാർ പെൻഷൻ ഇനത്തിൽ 24,27,400 രൂപയും സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. ബീഡി പെൻഷൻ ഇനത്തിൽ മുൻബാക്കി ഫണ്ടും കൂടി ഉപയോഗിച്ച് ആകെ 6,87,12,399 രൂപയും 17,21,500 കയും റിപ്പോർട്ട് വർഷം വിതരണം ചെയ്തിട്ടുണ്ട്.●

# കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാനത്തെ കൈത്തറി തൊഴിലാളികൾക്കും കൈത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്ന നിയമമാണ് 1989 ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമം. ക്ഷേമനിധി നിയമത്തിലെ 3-ാം വകുപ്പു പ്രകാരം സർക്കാർ 'കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പദ്ധതി' ആവിഷ്കരിക്കുകയും 1989 ജൂൺ 1 മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയുടെ ഗുണഭോക്താക്കൾ നിയമത്തിൽ നിർവചിച്ചിട്ടുള്ള കൈത്തറി തൊഴിലാളികളും, കൈത്തറി വ്യവസായത്തിൽ സ്വയംതൊഴിലിൽ ഏർപ്പെടി







ട്ടുള്ള ആളുകളുമാണ്. ക്ഷേമനിധിയിൽ 60,218-ൽ കൂടുതൽ അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2016 മുതൽ കൈത്തറി മേഖലയിൽ സർക്കാർ ചില പദ്ധതികൾ നടപ്പാക്കിയതിനെത്തുടർന്ന്, ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയും കൈത്തറിക്ക് ഒരു പുത്തൻ ഉണർവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് അംഗത്വത്തിലും നേരിയ വർദ്ധനവുണ്ടായിട്ടുണ്ട് . രണ്ടിലധികം പെൻഷൻ വാങ്ങുന്നവരെ ഒഴിവാക്കിയതിനുശേഷം സേവന എന്ന സർക്കാർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയ 9154 പെൻഷൻകാരാണ് ക്ഷേമനിധിയിൽ ഉള്ളത്.

നിധിയുടെ വരുമാനമാർഗ്ഗം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 4-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവിധ വിഭാഗങ്ങളിൽനിന്നുള്ള അംശദായങ്ങളാണ് ഇതിൽ മുഖ്യവരുമാനം 4(2) വകുപ്പു പ്രകാരമുള്ള 'വ്യാപാരി അംശദായമായിരുന്നു. എന്നാൽ, 22.2.2002-ൽ ഉണ്ടായ കേരള ഹൈക്കോടതി വിധിയെത്തുടർന്ന് വ്യാപാരി അംശദായം തുടർന്ന് പിരിച്ചെടുക്കാനാകാതെ വന്നു. ഇതുമൂലം ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടു. വ്യാപാരി അംശദായത്തിനു ബദലായി 'കേരള ഹാന്റ്‌ലൂം വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട് 2007, കേരള നിയമസഭ പാസാക്കുകയും 13-04-07 തീയതി മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. 04/01/2008-ൽ സെസ്സ് ചട്ടങ്ങൾ നിലവിൽവന്നു. സെസ്സ് നിയമ പ്രകാരം അവ ഈടാക്കേണ്ട ചുമതല തൊഴിൽ വകുപ്പിനാണ്. 06.05.2008 തീയതിയിലെ ജി.ഒ.(പി) നമ്പർ 70/08 തൊഴിൽ എന്ന സർക്കാർ ഉത്തരവ് പ്രകാരം അസസ്സിംഗ് ഓഫീസർമാരായി ജില്ലാ ലേബർ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സെസ്സിൽ നിന്നുള്ള വരുമാനം നടപ്പുവർഷംവരെ ബോർഡിന് ലഭ്യമായി തുടങ്ങിയിട്ടില്ല.

> കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയുടെ ഗുണഭോക്താക്കൾ നിയമത്തിൽ നിർവചിച്ചിട്ടുള്ള കൈത്തറി തൊഴിലാളികളും, കൈത്തറി വ്യവസായത്തിൽ സ്വയം തൊഴിലിൽ ഏർപ്പെടിട്ടുള്ള ആളുകളുമാണ് ക്ഷേമനിധിയിൽ 60,218-ൽ കൂടുതൽ അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് 2016 മുതൽ കൈത്തറി മേഖലയിൽ സർക്കാർ ചില പദ്ധതികൾ നടപ്പാക്കിയതിനെത്തുടർന്ന് ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയും കൈത്തറിക്ക് ഒരു പുത്തൻ ഉണർവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്

## ക്ഷേമനിധി ആനുകൂല്യങ്ങൾ

### പ്രതിമാസ പെൻഷൻ

58 വയസ്സ് പൂർത്തിയായി ജോലിയിൽനിന്ന് വിരമിക്കുന്ന അംഗങ്ങൾക്ക് പ്രതിമാസം നൽകിവരുന്ന പെൻഷൻ യഥാസമയത്ത് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലാണ് ബോർഡിൽ നൽകിവരുന്നത്. 2021-22 വർഷം പ്രതിമാസ പെൻഷൻ 1600 രൂപയായിരുന്നു. ഈ ഇനത്തിൽ 17,28,00,000 രൂപ തൊഴിലാളികൾക്ക് വിതരണം ചെയ്തു.

### വിദ്യാഭ്യാസ ഗ്രാന്റ്

അംഗങ്ങളുടെ മക്കളുടെ ഹൈസ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നു. ഓരോ അദ്ധ്യയന വർഷത്തിലും അനുവദിക്കാവുന്ന പരമാവധി തുകയായ 500 രൂപ മുതൽ 5,000 രൂപ വരെ നൽകുന്നു. വിദ്യാഭ്യാസ ഗ്രാന്റ് ഇനത്തിൽ, 8-ാം ക്ലാസ്സ് മുതൽ മെഡിക്കൽ-എഞ്ചിനീയറിംഗ് ബിരുദതലം വരെയുള്ള കുട്ടികൾക്ക് 7,73,129 രൂപ വിതരണം ചെയ്തിട്ടുണ്ട്.

### സ്വർണ്ണപ്പതക്കം

എസ് എസ് എൽ. സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ, ക്ഷേമനിധി അംഗങ്ങളുടെ കുട്ടികൾക്ക് സ്വർണ്ണപ്പതക്കം നൽകിവരുന്നു. 2021-ലെ എസ്.എസ്.എൽ.സി. ഉന്നത വിജയികൾക്കുള്ള സ്വർണ്ണപ്പതക്ക വിതരണം, 2021 ഡിസംബർ 18-ന് കണ്ണൂരിലുള്ള ജവഹർലാൽ നെഹ്റു പബ്ലിക് ലൈബ്രറി ഹാളിൽ വച്ച് നടത്തുകയുണ്ടായി. ബഹു: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടിയാണ് സ്വർണ്ണപ്പതക്കം സമ്മാനിച്ചു. 92 കുട്ടികൾക്ക് ഇത്തവണ സ്വർണ്ണപ്പത



ക്കം സമ്മാനിക്കുകയുണ്ടായി. ചടങ്ങിനോടനുബന്ധിച്ച് 4 ലക്ഷം രൂപയുടെ ആനുകൂല്യങ്ങളും വിതരണം ചെയ്യുകയുണ്ടായി.

## എക്സ്ഗ്രേഷ്യാ സാമ്പത്തിക സഹായം

ജോലിക്കിടയിൽ അപകടമരണം സംഭവിക്കുന്ന അംഗങ്ങളുടെ ആശ്രിതർക്കും ദീർഘകാല ചികിത്സ മൂലവും സ്ഥായിയായ അവശതമൂലവും ജോലി ചെയ്യാൻ കഴിയാത്ത അംഗങ്ങൾക്കും 10,000 രൂപ വരെ എക്സ്ഗ്രേഷ്യാ ധനസഹായം നൽകിവരുന്നു. ഈ വർഷം 2,57,000 രൂപ ഈ ഇനത്തിൽ നൽകുകയുണ്ടായി.

## വിവാഹ ധനസഹായം:

വനിത അംഗത്തിന്റെ വിവാഹത്തിനും അംഗത്തിന്റെ 2 പെൺമക്കളുടെ വിവാഹത്തിനും 5,000 രൂപ വീതം ധനസഹായം നൽകുന്നു. 2021–22 വർഷം 6,50,000 രൂപ വിവാഹ ധനസഹായ ഇനത്തിൽ തൊഴിലാളികൾക്ക് അനുവദിക്കുകയുണ്ടായി.

## പ്രസവാനുകൂല്യം

1961–ലെ മെറ്റേർണിറ്റി ബെനിഫിറ്റ് നിയമപ്രകാരം പ്രസവാനുകൂല്യത്തിന് അർഹരായിട്ടുള്ള വനിത അംഗങ്ങൾക്ക് ക്ഷേമനിധിയിൽനിന്ന് പ്രസവാനുകൂല്യം നൽകിവരുന്നുണ്ട് 2012–ലെ അസംഘടിത മേഖലയിലുള്ള സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി നമ്മുടെ ക്ഷേമനിധിക്കും ബാധകമാക്കിയതിനെത്തുടർന്ന് പ്രസവാനുകൂല്യം 13,500 രൂപയാണ്. ഈ വർഷം 81,000 രൂപ വിതരണം ചെയ്യുകയുണ്ടായി.



## മരണമടഞ്ഞ അംഗത്തിന്റെ ആശ്രിതർക്കുള്ള ധനസഹായം

ജോലിയിലിരിക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് 25,000 രൂപ നൽകിവരുന്നു. ഈ വർഷം 1,50,000 രൂപ മരണമടഞ്ഞ ക്ഷേമനിധി അംഗത്തിന്റെ ആശ്രിതർക്ക് ബോർഡിൽ നിന്ന് അനുവദിച്ചു.

## മരണമടഞ്ഞ അംഗത്തിന്റെ അംശദായ റീഫണ്ട്

ജോലിയിലിരിക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് മരണപ്പെട്ട അംഗത്തിന്റെ അംശദായ റീഫണ്ട് വകയിൽ 1,000 രൂപ വീതം 6000 രൂപ ആശ്രിതർക്കായി നൽകിയിട്ടുണ്ട്

## സാമ്പത്തിക താങ്ങൽ പദ്ധതി

ബോർഡിൽ രജിസ്റ്റർ ചെയ്ത സ്വയം തൊഴിലാളികൾക്ക്, സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകാൻ സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 23,31,250 രൂപ അനുവദിക്കുകയുണ്ടായി.

## കോവിഡ് ധനസഹായം

ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക്, കോവിഡിന്റെ രണ്ടാം തരംഗസമയത്ത് സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 81,54,000 രൂപ കോവിഡ് പ്രത്യേക ധനസഹായമായി അനുവദിക്കുകയുണ്ടായി.

# കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാനത്ത് സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവ സംസ്കരിക്കുകയും അവയോ അവയുടെ സങ്കര ഉൽപ്പന്നമോ ഉപയോഗിച്ച് ആഭരണമോ രൂപമോ മറ്റ് ഉൽപ്പന്നമോ നിർമ്മിക്കുകയും അനുബന്ധജോലികൾ ചെയ്യുന്നതുമായ തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായതാണ് കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്. ആകെ 21,482 പേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2009-ൽ നടപ്പിലാക്കിയ സംസ്ഥാന ക്ഷേമനിധി നിയമത്തിലേയും 2010-ലെ പദ്ധതിയിലേയും വ്യവസ്ഥകൾ അനുസരിച്ച് 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ, 55 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും അംഗത്വത്തിന് അർഹതയുണ്ടായിരിക്കും. നിധിയിലേക്ക് അംശദാ





**കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 2021-22 സാമ്പത്തികവർഷം അനുവദിച്ച ആനുകൂല്യങ്ങളുടെ എണ്ണവും തുകയും**

| ആനുകൂല്യം | എണ്ണം | തുക |
|---|---|---|
| വിദ്യാഭ്യാസാനുകൂല്യം | 33 | 21,000 |
| വിവാഹധനസഹായം | 56 | 1,68,000 |
| പ്രസവാനുകൂല്യം | 87 | 13,05,000 |
| ചികിത്സാ ധനസഹായം | 8 | 1,75,853 |
| മരണാനന്തരധനസഹായം | 36 | 4,40,000 |
| സൂപ്പറാന്വേഷൻ പെൻഷൻ | 648 | 1,00,46,400 |

യതുകയായ 50 രൂപ ആക്ടിലെ 4-ാം വകുപ്പിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം ഓരോ മാസവും 10-ാം തീയതിക്കകം മുൻകൂറായി അടയ്ക്കേണ്ടതാണ്. നിശ്ചിത ദിവസം കഴിഞ്ഞ് അടയ്ക്കുന്ന അംശദായ തുക പ്രതിമാസം 2രൂപ പിഴയോടുകൂടി അടയ്ക്കേണ്ടതാണ്.

2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 5 (1) വകുപ്പ് പ്രകാരം പത്ത് ലക്ഷത്തിനു മേൽ വാർഷിക വിറ്റുവരവുള്ള ഓരോ വ്യാപാരിയും തന്റെ വാർഷിക വിറ്റുവരവിന്റെ 0.1% വരുന്ന തുക സെസ്സ് ആയി അടയ്ക്കേണ്ടതുണ്ട്. സർക്കാർ സഞ്ചിതനിധിയിൽ വ്യാപാരി സെസ്സിനത്തിൽ അടച്ച മേൽപ്പറഞ്ഞ തുകയിൽ നിന്നും കേരള ആഭരണതൊഴിലാളി ക്ഷേമനിധി വകുപ്പ് 5 (5) പ്രകാരം തുകയുടെ ഒരു ശതമാനം കിഴിവ് ചെയ്ത് ബാക്കി തുക ബോർഡിന്റെ ഫണ്ടിലേക്ക് മാറ്റേണ്ടതാണ്. ഇത്തരത്തിൽ വ്യാപാരികളിൽനിന്നും സ്വരൂപിക്കുന്ന ഫണ്ടും അംഗത്തൊഴിലാളികൾ ഒടുക്കുന്ന അംശദായവും ഉപയോഗിച്ച് അംഗത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ആശ്രിതർക്കും വിവിധങ്ങളായ ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയാണ് ബോർഡിന്റെ ലക്ഷ്യം.

### കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ

1. വിവാഹധനസഹായം - 3000 രൂപ (സ്ത്രീ തൊഴിലാളികൾക്കും തൊഴിലാളികളുടെ പെൺമക്കൾക്കും 2 തവണ)

2. ചികിത്സ ധനസഹായം - മൊത്തം അംഗത്വ കാലയളവിനനുസരിച്ച് പരമാവധി 25,000 രൂപ

3. സൂപ്പറാന്വേഷൻ പെൻഷൻ- 1600 രൂപ

4. കുടുംബ പെൻഷൻ - പെൻഷൻ തുകയുടെ 50%

5. അവശതാ പെൻഷൻ-300 രൂപ

6. മരണാനന്തരധനസഹായം - 10,000 രൂപ മുതൽ അംഗത്വ കാലയളവിനനുസരിച്ച് പരമാവധി 25,000 രൂപ വരെ നൽകുന്നു.

7. വിദ്യാഭ്യാസാനുകൂല്യം - വിവിധ കോഴ്സുകൾക്ക് 500 രൂപ മുതൽ 2000രൂപ വരെ

8. പ്രസവാനുകൂല്യം - (സ്ത്രീ തൊഴിലാളികൾക്ക് ഒരാൾക്ക് 2 തവണ)

പ്രസവാനുകൂല്യ ഇനത്തിൽ ബോർഡിൽനിന്നുള്ള 2000 രൂപ അനുവദിക്കുന്ന തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ അധികപ്രസവ ധനസഹായമായി 13,000 രൂപ കൂടി അനുവദിക്കുന്നു.

# കേരള സംസ്ഥാന അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്

2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ആക്ടിലെ 3-ാം വകുപ്പ് 4-ാം ഉപവകുപ്പും 2010-ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ചട്ടങ്ങളായ 4-ാം ചട്ടം 1-ാം ഉപചട്ടവും കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടാണ് കേരള സർക്കാർ, അസംഘടിതമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സ.ഉ (പി)നമ്പർ 4/2016/ തൊഴിൽ തീയതി 02.02.2016 പ്രകാരം കേരള സംസ്ഥാന അസംഘടിതതൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

1991-ലെ കേരള കൈത്തൊഴിലാളി ക്ഷേമ പദ്ധതി, 2004-ലെ കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, 2004-ലെ കേരള ബാർബർ തൊഴിലാളി ക്ഷേമ പദ്ധതി, 2011-ലെ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് തൊഴിലാളി ക്ഷേമ പദ്ധതി, 2011-ലെ കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി, 2011-ലെ കേരള ക്ഷേത്രജീവനക്കാരുടെ തൊഴിലാളി ക്ഷേമ പദ്ധതി എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് 2015-ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതി നിലവിൽവന്നിട്ടുള്ളത്.

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ആക്ടിലെ പട്ടിക 2-ൽ പ്രതിപാദിച്ചിട്ടുള്ള ആ



ക്കുകളുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും മറ്റ് ക്ഷേമനിധി ബോർഡുകളിൽ അംഗത്വം നേടിയിട്ടില്ലാത്തതുമായ, അസംഘടിതമേഖലയിൽ തൊഴിൽ എടുക്കുന്ന 14-നും 59-നും ഇടയ്ക്ക് പ്രായമുള്ള കേരളീയരായ തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. മുറപ്രകാരം അംഗത്വം നേടുന്ന തൊഴിലാളികൾക്ക് പദ്ധതി വിഭാവനം ചെയ്തിട്ടുള്ള റിട്ടയർമെന്റാനുകൂല്യം, വിവാഹധനഹായം, പ്രസവാനുകൂല്യം, ചികിത്സാസഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തരസഹായവും അപകടാനുകൂല്യവും വാർദ്ധക്യകാല പെൻഷൻ, വായ്പാധനസഹായം (ഉപാധികൾക്ക് വിധേയമായി) അനുവദിച്ചുവരുന്നു.

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതിയിൽ ഏകദേശം 2,20,957 രജിസ്റ്റർ ചെയ്ത അംഗങ്ങളും 14,158 പെൻഷണർമാരും സർക്കാർ അനുവദിക്കുന്ന 'ഗ്രാന്റ് ഇൻ എയ്ഡ്' ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങൾ ബാങ്ക് മുഖേന ഡിബിടി മാർഗ്ഗേന തൊഴിലാളികൾക്ക് ലഭ്യമാക്കിവരുന്നു.

കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡിൽ ഫയലുകളിൽ വേഗത്തിൽ നടപടി സ്വീകരിക്കുന്നതിനും തീർപ്പാക്കുന്നതിനുമായി വിവരസാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തി ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തുന്നതിന് തത്വത്തിൽ തീരുമാനിച്ച് തുടർനടപടി സ്വീകരിച്ച് വരുന്നു. തൊഴിൽ വകുപ്പിന് കീഴിലുള്ള ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതിലൂടെ തൊഴിലാളികൾക്ക് ഫലപ്രദമാ







യവിധം സേവനം ലഭ്യമാക്കുന്നതിനും വ്യാജ അംഗത്വം /ദ്വയാംഗത്വം എന്നിവ ഒഴിവാക്കി അർഹരായ തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യം ഫലപ്രദമായി അനുവദിക്കുന്നതിനും തൊഴിലാളികളുടെ ആധാർ അധിഷ്ഠിത വിവരങ്ങൾ ഉൾപ്പെടുത്തി വിപുലമായ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുമായി അഡ്വാൻസ് ഇന്റർഫേസ് ഇൻഫർമേഷൻ സിസ്റ്റം (AIIS) എന്ന സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

2020-2021 സാമ്പത്തിക വർഷത്തിൽ കോവിഡ്-19-ന്റെ വ്യാപനം രൂക്ഷമായതിനെ തുടർന്ന് ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങളുടെ ഭാഗമായി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയും അപ്രകാരം ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും 1,000 രൂപവീതം രണ്ടുതവണ സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഉത്തരവിൻപ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിമുഖേന രണ്ടു തവണയായി സർക്കാർ ധനസഹായമായി 27,50,00,000 രൂപ അനുവദിക്കുകയുണ്ടായി. അതിൽ 19,95,30,000 രൂപ പദ്ധതി അംഗങ്ങൾക്ക് കോവിഡ് ആശ്വാസധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 7,54,70,000 രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് ബാധിച്ച് ക്വാറന്റീനിൽ കഴിഞ്ഞിട്ടുള്ളവർക്കും ആശുപത്രിയിൽ ചികിത്സതേടിയിട്ടുള്ള പദ്ധതി അംഗങ്ങൾക്കും മരണമടഞ്ഞ പദ്ധതി അംഗങ്ങളുടെ ആശ്രിതർക്കും യഥാക്രമം 2,000, 5,000, 15,000 രൂപവീതം ബോർഡിന്റെ സഞ്ചിതനിധിയിൽനിന്നും ആനുകൂല്യം അനുവദിക്കുന്നതിനും ബോർഡ് തീരുമാനിക്കുകയും ആയതിന് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതുമാണ്

> തൊഴിൽ വകുപ്പിന്കീഴിലുള്ള ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതിലൂടെ തൊഴിലാളികൾക്ക് ഫലപ്രദമായവിധം സേവനം ലഭ്യമാക്കുന്നതിനും വ്യാജ അംഗത്വം/ ദ്വയാംഗത്വം എന്നിവ ഒഴിവാക്കി അർഹരായ തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യം ഫലപ്രദമായി അനുവദിക്കുന്നതിനും തൊഴിലാളികളുടെ ആധാർ അധിഷ്ഠിത വിവരങ്ങൾ ഉൾപ്പെടുത്തി വിപുലമായ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുമായി അഡ്വാൻസ് ഇന്റർഫേസ്ഇൻഫർമേഷൻ സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.





അസംഘടിതമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ നാഷണൽ ഡേറ്റാബേസ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ക്രേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഇ-ശ്രം രജിസ്ട്രേഷൻ നടപടികൾ ഈ പദ്ധതിയിൽ ഉർജ്ജിതമായി നടപ്പിലാക്കിയിട്ടുണ്ട് അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് മാർച്ച് 10 മുതൽ 24 വരെയുള്ള രണ്ടാഴ്



ചക്കാലം സംസ്ഥാനത്തെ ഗാർഹിക മേഖലയിൽ തൊഴിൽ ചെയ്യുന്ന എല്ലാ തൊഴിലാളികളെയും ഈ ക്ഷേമപദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യുന്നതിന്റെ ഭാഗമായി ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേക കർമ്മപരിപാടി (സ്പെഷ്യൽ ഡ്രൈവ്) ആവിഷ്കരിക്കുകയും നിരവധി ഗാർഹിക തൊഴിലാളികളെ ഈ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യിക്കുന്നതിന് സാധിച്ചിട്ടുള്ളതുമാണ്. സ്പെഷ്യൽ ഡ്രൈവിന്റെ പ്രചാരണാർത്ഥം ഈ പദ്ധതിയിൽ പുതുതായി അംഗത്വം നേടിയ 5 ഗാർഹിക തൊഴിലാളികൾക്ക് ഐ.ഡി കാർഡ്, പാസ് ബുക്ക് എന്നിവ ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി, 17.03.2022-ന് നിയമസഭാ മന്ദിരത്തിൽ വച്ച് വിതരണം ചെയ്തിട്ടുള്ളതാണ്. തൊഴിലിടങ്ങൾ, അംഗീകാരമില്ലാത്ത ഏജൻസികൾ മുതലായവയിൽനിന്നും തൊഴിലാളികൾക്ക് മതിയായ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും തൊഴിലാളികളുടെ വിവിധങ്ങളായ ആവശ്യങ്ങൾ/പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ലേബർ കമ്മീഷണറേറ്റിൽ സജ്ജീകരിച്ചിട്ടുള്ള ഏകജാലക സംവിധാനത്തിന്റെയും, കോൾ സെന്ററിന്റെയും (സഹജ) സേവനം തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

കോവിഡ്-19 ന്റെ ശക്തമായ വ്യാപനം മൂലം നിർത്തിവച്ചിരുന്ന ക്യാമ്പ് സിറ്റിംഗുകൾ കൂടുതൽ ഊർജ്ജിതമായി പുനരാരംഭിച്ചിട്ടുള്ളതാണ്. ആഴ്ചയിൽ കുറഞ്ഞത് 2 ദിവസമെങ്കിലും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ക്യാമ്പ് സിറ്റിംഗുകൾ നടത്തി രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷിക പ്രമാണിച്ച് 2022 ഏപ്രിൽ 18 മുതൽ 24 വരെ തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് നടന്ന മേളയിൽ തൊഴിൽ വകുപ്പിന് അനുവദിച്ച സ്റ്റാളിൽ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയുടെ സേവനങ്ങൾ, പദ്ധതി ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിന് ലഘുലേഖകൾ വിതരണം ചെയ്തിട്ടുണ്ട്.

സൗഹാർദ്ദപരമായ തൊഴിൽ സംസ്കാരത്തിലൂടെ സാമൂഹിക-സാമ്പത്തിക വളർച്ച കൈവരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിതനയത്തെ അടിസ്ഥാമാക്കി കൂടുതൽ തൊഴിലാളി സൗഹൃദപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ഈ ബോർഡ് സ്വീകരിച്ചുവരുന്നു.



# തൊഴിലാളികളുടെ സുഹൃത്ത്

# കിലെ ന്യൂസ്
# KILE NEWS

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) പ്രസിദ്ധീകരണം

**മലയാളത്തിലും ഇംഗ്ലീഷിലും**




ലേഖനങ്ങൾ
കിലെയുടെ പ്രവർത്തന വിവരങ്ങൾ
നിയമങ്ങളും പദ്ധതികളും
വകുപ്പ് വിവരങ്ങൾ
കഥകൾ, കവിതകൾ തുടങ്ങി വിവിധ പംക്തികൾ




Published by Executive Director, Kerala Institute of Labour & Employment (KILE), Thozhil Bhavan, Vikas Bhavan PO, Thiruvananthapuram 695 033
Phone: 0471 2309012, 2307742. Fax: 2308947. email: kiletvm@gmail.com, web: www.kile.kerala.gov.in, Facebook: Kile Tvm
Printed at Orange Printers, Thiruvananthapuram